Reg: No. M. 2689.
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൧൯ | കൊല്ലം ൧൯൪൫ ജൂൺ ൧൮-ാം൹ | ലക്കം ൩൮
പേജ് ൧൬ | ൧൧൨൦ മിഥുനം ൪-ാം൹ തിങ്കളാഴ്ച | ഒററപ്രതി അണ ൨.

# ഡൊമിനിയൻപദവി

## അതിൻെറ അർത്ഥം

### റിച്ചാർഡ് ഫ്റോസ്റ്റ്

"നമ്മുടെ കാലത്തെ ചരിത്രം" "ബ്രിട്ടീഷ് കാമൺവെൽത്തും ലോകവും" എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ മി. ഫ്റോസ്ററ യുദ്ധകാലത്തു വ്യോമസേനയിൽ ചേർന്നു സേവനം നടത്തുകയുണ്ടായി. ഇൻഡ്യയിലെ രണ്ടു ഭാഗങ്ങളും ഡൊമിനിയൻ പദവിയിലേയ്ക്കു പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ ഡൊമിനിയൻപദവി എന്നതിൻെറ അർത്ഥവ്യാപ്തിയെപ്പററി വിവരിക്കുന്ന ഈ ഉപന്യാസം ഉപയോഗപ്രദമായിരിക്കുമല്ലോ.

ഡൊമിനിയൻപദവി എന്നതു ഒരു സുദീർഘമായ ചരിത്രത്തിൽനിന്നുത്ഭവിച്ച ഫലമാണ്. ബ്രിട്ടീഷ് കാമൺവെൽത്ത് സഹകരണകലയുടെ ഒരു പരീക്ഷണമാണ്. സ്വാതന്ത്ര്യത്തിൻെറ വളർച്ചയോടുകൂടിത്തന്നെ തമ്മിൽ കൂടിയാലോചന നടത്തി പ്രവർത്തിച്ചുപോന്നതാണ് അതിൻെറ വിജയത്തിനുള്ള ഒരു അടിസ്ഥാനം. കാളനികൾ (അധിനിവേശരാജ്യങ്ങൾ) ഡൊമിനിയനുകളായി (പുത്രികാരാജ്യങ്ങൾ) രൂപാന്തരപ്പെട്ടുതുടങ്ങിയതോടുകൂടിത്തന്നെ, അതുവരെ ബ്രിട്ടൻ നടത്തിവന്നിരുന്ന ഐക്യബോധത്തിൻെറ സ്ഥാനം സമ്മേളനങ്ങളും കൂടിയാലോചനകളും വഹിച്ചുതുടങ്ങി. സ്വാതന്ത്ര്യമായ യോജിപ്പ് ഒരു യാഥാർത്ഥ്യമാകുവാനും തുടങ്ങി.

ഡൊമിനിയൻപദവി എന്നതെന്താണ്?

ബർമ്മായ്ക്കു ഡൊമിനിയൻപദവി വാഗ്ദാനം ചെയ്യപ്പെട്ടപ്പോൾ അതിൻെറ അർത്ഥമെന്താണെന്നു ബർമ്മാസെക്രട്ടറി ഓഫ് സ്റ്റേറ്റ് ൧൯൪൫-ൽ കാമൺസ്സഭയിൽ പ്രസ്താവിച്ചതു ഇപ്രകാരമാണ്.

'ഈ പദത്തിൻെറ അർത്ഥം വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. സ്വാതന്ത്ര്യത്തിനെക്കാൾ ഏതോ കുറവുള്ളതായി, അതിനെക്കാൾ താണപടിയിലുള്ളതായി ചിലപ്പോൾ സ്വാതന്ത്ര്യവുമായി താരതമ്യപ്പെടുത്തി പറഞ്ഞുകേൾക്കാറുണ്ട്. ഒരു തലമുറയ്ക്കു മുമ്പ് ഡൊമിനിയൻപദവി അതായിരുന്നെങ്കിൽ ഇന്നതല്ല എന്നുള്ളതു തീർച്ചയാണ്. ആ പദവി—കാമൺവെൽത്തുപദവി എന്നാണ് അതിനെ വിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നതു—സ്വാതന്ത്ര്യപദവിയിൽ നിന്നു ചില അവകാശങ്ങളും സൗജന്യങ്ങളും കുറച്ചതല്ല, സ്വാതന്ത്ര്യത്തോടുകൂടി അവകാശസൗജന്യങ്ങളും, ലോകവ്യാപകമായ ഒരു സ്വാതന്ത്ര്യപങ്കാളിത്തത്തിൽനിന്നു ലബ്ധമാകുന്ന പ്രായോഗികസൗകര്യങ്ങളും കൂടി കൂട്ടിയതാണ്. യഥാർത്ഥത്തിൽ അതു ഈ രാജ്യം അനുഭവിക്കുന്ന പദവിതന്നെയാണ്. കാമൺവെൽത്തിൻെറ ഇതരപങ്കാളികളും നാമുമായുള്ള ബന്ധം നമ്മുടെ സ്വാതന്ത്ര്യത്തിനു ഒരു കുറവാണു വരുത്തുന്നതെന്നു നാം തീർച്ചയായും വിചാരിക്കുന്നില്ലല്ലോ.'

### സ്വാതന്ത്ര്യം അധികം

ഡൊമിനിയൻപദവിയുടെ സ്വഭാവത്തിനെപ്പററിയുള്ള സംശയങ്ങളെ മേലുദ്ധരിച്ച പ്രസ്താവന ദൂരീകരിക്കുന്നതാണല്ലോ.

ഇൻഡ്യയെ സംബന്ധിച്ചുള്ള പുതിയ പദ്ധതിയെപ്പററി ന്യൂസിലൻഡു പ്രധാനമന്ത്രി ഈയിടെ ചെയ്ത പ്രസ്താവനയും ഇവിടെ സംഗതമാണ്. അദ്ദേഹം പറഞ്ഞതിപ്രകാരമാണ്.

"ബ്രിട്ടീഷ്ഡൊമിനിയൻസിലെ ജനങ്ങൾ ഡൊമിനിയൻപദവി പൂർണ്ണരൂപേണയുള്ള ഒരുതരം സ്വാതന്ത്ര്യമാണെന്നല്ല കരുതുന്നതു്. അതു സ്വാതന്ത്ര്യത്തോടുകൂടി ചിലതെല്ലാം കൂട്ടിയതാണ്, സ്വാതന്ത്ര്യത്തിൽനിന്നു ഏതോ കുറവു ചെയ്തതല്ല. നിർബ്ബന്ധമെന്നതു തീരെ അപ്രത്യക്ഷമായിത്തീർന്നിട്ടുള്ളതും ഓരോ അംഗത്തിൻെറയും സ്വാതന്ത്ര്യം, പരമാധികാരം, വ്യക്തിത്വം ഇവയ്ക്കു ഭംഗം വരുന്നവിധത്തിൽ അന്യോന്യവിശ്വാസത്തിനും സഹകരണത്തിനുമുള്ള മാർഗ്ഗങ്ങളോടുകൂടിയതുമായ സ്വതന്ത്രവും സുശക്തവുമായ ഒരു സംഘടനയിലെ അംഗതകൂടി അതിൽ അന്തർഭവിച്ചിരിക്കുന്നു."

ബ്രിട്ടൻ ഇന്നു രാജ്യവ്യൂഹത്തിലെ തലസ്ഥാനരാജ്യംമാത്രമാണെന്നാണ് ഡൊമിനിയൻസെക്രട്ടറി കുറെ മുമ്പു പ്രസ്താവിച്ചതു്. ക്യാനഡാ, ആസ്ട്രേലിയാ, ന്യൂസിലൻഡു്, സൗത്താഫ്രിക്കാ തുടങ്ങിയ സമുദ്രാന്തരഡൊമിനിയൻസ് അവ അധിനിവേശരാജ്യപദവിലായിരുന്നപ്പോൾ ഭരണകാര്യങ്ങളിൽ ബ്രിട്ടീഷുപാർലമെൻറിനു അധീനമായിരുന്നു. ബ്രിട്ടീഷുക്യാനഡായ്ക്കു ആദ്യകാലംമുതൽക്കേ അവിടത്തെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട സ്വയംഭരണസഭകളുണ്ടായിരുന്നെങ്കിലും ഇംഗ്ലണ്ടിലെ പാർലമെൻറിനോടു ഉത്തരവാദിത്വമുള്ള ഗവർണരും കൗൺസിലുമാണ് ഭരണാധികാരം വഹിച്ചിരുന്നതു്. പത്തൊൻപതാംശതകത്തിൻെറ മധ്യകാലത്തോടുകൂടിയാണ് തെരഞ്ഞെടുക്കപ്പെട്ട സഭയോടു ഉത്തരവാദിത്വമുള്ള മന്ത്രിസഭയ്ക്കു അവിടെ ഭരണാധികാരം സിദ്ധിച്ചതു്.

### ലോകമഹായുദ്ധം

ക്യാനഡായെ മററു രാജ്യങ്ങളും അനുകരിച്ചു. എന്നാൽ അതിനുശേഷം വളരെക്കാലം വിദേശകാര്യങ്ങളിൽ അവർ ബ്രിട്ടനെത്തന്നെ വിട്ടുകൊടുത്തിരിക്കയായിരുന്നു. ബാഹ്യലോകവുമായ ബന്ധങ്ങളെ നിയന്ത്രിക്കുന്നതിനും കൈകാര്യംചെയ്യുന്നതിനുമുള്ള ആഗ്രഹമോ തഴക്കമോ അവർക്കില്ലായിരുന്നു. സ്വാതന്ത്ര്യസംരക്ഷണത്തിനു ബ്രിട്ടീഷ് നാവികപ്പടയായിരുന്നു അവരുടെ അവലംബം. ബ്രിട്ടീഷ് നയതന്ത്രജ്ഞരും നാവികപ്പടയാലും സുരക്ഷിതമായി സംരക്ഷിക്കപ്പെട്ടുകൊണ്ടു കാളനികൾ അവരുടെ ആഭ്യന്തരകാര്യങ്ങൾ നടത്തിപ്പോന്നു.

ആദ്യത്തെ ലോകമഹായുദ്ധം ഈ വ്യവസ്ഥിതിയ്ക്കു മാററംവരുത്തി. നേഷൻസു എന്നനിലയിൽ സർവ്വാംഗീണമായ അംഗീകാരം അവർക്കു ലഭിക്കണമെന്നു അവർ വാദിച്ചുതുടങ്ങി. സമാധാനസമ്മേളനത്തിൽ പ്രത്യേക സ്ഥാനങ്ങൾ ലഭിക്കയും സമാധാനഉടമ്പടികളിൽ ഒപ്പിടുകയും ലീഗ് ഓഫ് നേഷൻസ് അംഗങ്ങളായിത്തീരുകയും ചെയ്തപ്പോൾ ഡൊമിനിയൻസിനു ഈ പദവി അനുവദിക്കപ്പെട്ടു. ഇതുകൊണ്ടും അവയുടെ നില വ്യക്തമാക്കപ്പെട്ടില്ല. സമാധാനസമ്മേളനത്തിൽ അവർക്കു പ്രത്യേകം പ്രാതിനിധ്യം അനുവദിക്കപ്പെട്ടിരുന്നെങ്കിലും ഒരു ബ്രിട്ടീഷ് സാമ്രാജ്യപ്രതിനിധിസംഘത്തിലാണ് അവർ ഉൾപ്പെട്ടിരുന്നതു്. പ്രത്യേകരാഷ്ട്രങ്ങളായി സഭയിൽ സ്ഥാനം അനുവദിക്കപ്പെട്ടിരുന്നെങ്കിലും അവരുടെ വിദേശനയം ബ്രിട്ടൻ തന്നെയാണ് കൈകാര്യംചെയ്തുവന്നതു്.

അയർലൻഡ് വാഷിംഗ്ടണിൽ സ്വന്തംപ്രതിനിധിയെ നിയമിക്കുകയും ഐക്യരാജ്യങ്ങളുമായി ക്യാനഡാ മത്സ്യപ്പിടിത്തംസംബന്ധിച്ച നേരിട്ടു ഉടമ്പടിചെയ്യുകയും തങ്ങളുടെ അഭിപ്രായത്തെപ്പററി ആരായാതെ നടത്തുന്ന ഏർപ്പാടുകളോടു തങ്ങൾ അനുകൂലിക്കുന്നതല്ലെന്നു വ്യക്തമാക്കുകയുംചെയ്തുതുടങ്ങിയതോടുകൂടി ഒരുപുതിയ നിയമനത്തിൻെറ ആവശ്യം വന്നുകൂടി.

### ഇമ്പീരിയൽ കാൺഫറൻസ്

രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് നാലുവർഷത്തിലൊരിക്കൽ യുണൈറൈഡ് കിംഗ്ഡത്തി(ബ്രിട്ടനി)ലെയും ഡൊമിനിയൻസിലെയും പ്രധാനമന്ത്രിമാരും രാജ്യതന്ത്രജ്ഞന്മാരും സമ്മേളിക്കുക ഒരു പതിവായിരുന്നു. ൧൯൨൬-ൽ ഒരു സാമ്രാജ്യസമ്മേളനം നടത്തുകയുണ്ടായി. കാമൺവെൽത്തിൻെറ സ്വഭാവത്തെപ്പററി നിർവചിക്കുന്നതിനു അന്നു ഒരു കമ്മിററി ഏർപ്പെടുത്തപ്പെട്ടു. കമ്മിററി ഇപ്രകാരമാണ് അഭിപ്രായപ്പെട്ടതു്. 'കാമൺവെൽത്തിലെ രാഷ്ട്രങ്ങൾ സമനിലയിലും, ബാഹ്യമോ ആഭ്യന്തരമോ ആയ കാര്യങ്ങളിൽ ഒന്നു മറെറാന്നിനു അധീനമല്ലാത്തതും എന്നാൽ രാജസ്ഥാനത്തോടുള്ള ഭക്തിയാൽ ബദ്ധരും, ബ്രിട്ടീഷ്കാമൺവെൽത്ത് ഓഫ് നേഷൻസിലെ അംഗങ്ങളെന്നനിലയിൽ സ്വമനസ്സാലെ സംഘടിതരും ആയ ബ്രിട്ടീഷ്സാമ്രാജ്യത്തിലെ സ്വാതന്ത്ര്യസമുദായങ്ങളാം" ആകുന്നു എന്നാണ് അവരുടെ നിർവചനം.

നിർവചനം ഇതായിരുന്നെങ്കിലും നിയമത്തിനു യാഥാർത്ഥ്യങ്ങളോടു സാമ്യമില്ലാതെയാണുവന്നതു്. കാമൺവെൽത്തിൻെറ വിവിധഭാഗങ്ങളിൽനിന്നുമുള്ള നിയമപണ്ഡിതന്മാരുടെ ഒരു കമ്മിററി നിയമിക്കപ്പെട്ടു. ൧൯൩൦-ൽ ഇമ്പീരിയൽകാൺഫറൻസു ഈ കമ്മിററിയുടെ റിപ്പോർട്ടു അംഗീകരിക്കുകയും ൧൯൩൧-ൽ ഡൊമിനിയൻപാർലമെൻറുകളുടെ ആവശ്യപ്രകാരം സ്റ്റാററ്യൂട്ട് ഓഫ് വെസ്റ്റ്മിൻസ്റ്റർ എന്നറിയപ്പെടുന്ന നിയമം ബ്രിട്ടീഷ് പാർലമെൻറിൽ പാസ്സാക്കപ്പെടുകയുമുണ്ടായി. അങ്ങനെ നിയമവും യാഥാർത്ഥ്യവുമായുണ്ടായിരുന്ന പൊരുത്തമില്ലായ്മ പരിഹരിക്കപ്പെട്ടു.

ഈ നിയമപ്രകാരം എല്ലാം ഡൊമിനിയൻെറയും സ്വതന്ത്രരാഷ്ട്രീയപദവി അംഗീകരിക്കപ്പെട്ടു. ഒരു ഡൊമിനിയൻ വ്യക്തമായി ആവശ്യപ്പെടാതെ ബ്രിട്ടീഷ് പാർലമെൻറ നിർമ്മിക്കുന്ന യാതൊരുനിയമവും അതിനെ ബാധിക്കുന്നതല്ലെന്നും വ്യവസ്ഥചെയ്യപ്പെട്ടു.

II

ഡൊമിനിയൻകോടതികളിൽനിന്നു ബ്രിട്ടനിലെ ജുഡിഷ്യൽകമ്മിററി ഓഫ് ദി പ്രിവികൗൺസിൽ എന്ന കോടതിയിലേയ്ക്കു അപ്പീൽ ബോധിപ്പിക്കുന്നതിനും ൧൮൬൭-ലെ ബ്രിട്ടീഷ് നാർത്ത് അമേരിക്കആക്റ്റിൻപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ക്യാനഡായിലെ ഭരണവ്യവസ്ഥ ബ്രിട്ടീഷ്പാർലമെൻറിനുമാത്രം ഭേദഗതിചെയ്യുന്നതിനുമുള്ള അവകാശംഉള്ളസ്ഥിതിക്കു, ഡൊമിനിയനുണ്ടെന്നുപറയുന്ന പ്രവർത്തനസ്വാതന്ത്ര്യവും സ്വതന്ത്രപദവിയും അപൂർണ്ണമായും തോന്നിയേക്കാം. ഒരു ഡൊമിനിയൻെറ ഭരണഘടന മാററുന്നതിനുള്ള അധികാരം ബ്രി. പാർലമെൻറിൽ സ്ഥിതിചെയ്യുകയാണെങ്കിൽ, ഒരു ഡൊമിനിയനിലെ ഹൈക്കോടതിയല്ല അവിടത്തെ പൗരന്മാർക്കു ഏററവും ഉയർന്നകോടതിയെന്നുവരികയാണെങ്കിൽ, സ്വതന്ത്രപദവിയെവിടെയെന്നുള്ള ചോദ്യം ഉത്ഭവിക്കുന്നതാണെല്ലോ.

### അപ്പീലുകൾ

പ്രിവികൗൺസലിലേക്കുള്ള അപ്പീലുകളുടെ കാര്യം തന്നെ ആദ്യമായി പരിശോധിക്കാം. ജുഡിഷ്യൽകമ്മിററിയിലെ അംഗങ്ങൾ ഏററവും ഉന്നതമായ കോടതികളിൽ ന്യായാധിപന്മാരായിരുന്നവരായിരിക്കും—ബ്രിട്ടനിലെ ലാർഡ് ചാൻസലർ, ലാർഡ്സ് ഓഫ് അപ്പീൽ, സാമ്രാജ്യത്തിൻെറ ഇതരഭാഗങ്ങളിലെ പ്രശസ്തരായ ന്യായാധിപന്മാർമുതലായവർ. ഡൊമിനിയൻസിൽനിന്നുള്ള അപ്പീൽകേസ്സുകൾ ജുഡിഷ്യൽകമ്മിററി കേട്ടു തീരുമാനിച്ചുവരുന്നുഎങ്കിലും ചില ഡൊമിനിയൻസിൽനിന്നു കൂടുതലും മററു ചിലതിൽനിന്നു കുറവുമായിരിക്കും പ്രിവികൗൺസിലിൽ അപ്പീലുകൾ ബോധിപ്പിച്ചുവരുന്നതു്. ക്യാനഡായിൽനിന്നുള്ള ക്രിമിനൽഅപ്പീലുകൾ പ്രിവികൗൺസിൽ കേൾക്കുന്നതല്ലെന്നു ൧൯൩൩-ൽ കൗൺസിൽതന്നെ തീരുമാനിക്കുകയുണ്ടായെങ്കിലും സിവിൽ അപ്പീലുകളുടെ കാര്യത്തിൽ ഇപ്പോഴും ആ രാജ്യത്തു് അഭിപ്രായവ്യത്യാസമുണ്ട്. ക്യാനഡാ ഒരു ഫെഡറേഷനാണ്. ഫെഡറൽ(കേന്ദ്ര)ഗവമ്മെൻറിൻെറയും പ്രാവിൻസുഗവമ്മെൻറുകളുടെയും അധികാരപരിധി ഭരണഘടനാനിയമത്തിൽ നിർവചിച്ചിട്ടുണ്ട്. സ്വന്തം അവകാശസംരക്ഷണത്തെപ്പററി നിർബ്ബന്ധമുള്ള പ്രാവിൻസുകൾക്കിഷ്ടം തങ്ങളും കേന്ദ്രവും തമ്മിലുള്ള അവകാശതർക്കങ്ങൾ കേട്ടു അവസാനതീർപ്പു കല്പിക്കുന്നതിനു അററ്ലാൻറിക്കിൻെറ മറേറത്തീരത്തുള്ള ഒരു കോടതിയാണ്. അസ്ട്രേലിയായെ സംബന്ധിച്ചാണെങ്കിൽ ൧൯൦൦-ലെ നിയമമാണു ഭരണവ്യവസ്ഥാസംബന്ധിച്ചുള്ള അപ്പീലുകളെ നിയന്ത്രിക്കുന്നതു്. അവിടത്തെ ഹൈക്കോടതി അനുവദിക്കുന്ന കേസ്സുകളിൽമാത്രമേ അപ്പീലിനു അവകാശമുള്ളു. ന്യൂസിലൻഡിൽനിന്നും ദക്ഷിണാഫ്രിക്കയിൽനിന്നും അപ്പീൽ ഇപ്പോഴും പ്രിവികൗൺസിലിൽതന്നെയാണു സമർപ്പിക്കുന്നതു്. വെസ്റ്റ്മിൻസ്റ്റർനിയമം പാസ്സായതോടുകൂടി ൧൯൩൩ മുതൽ ഐയർലണ്ടിൽനിന്നു പ്രിവികൗൺസിലിലേക്കുള്ള അപ്പീലുകൾ നിർത്തലാക്കി.

(ശേഷം പതിനാറാംപേജിൽ)

വിജനമായ റോഡിലൂടെ, നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു 'പ്ലഷർ കാർ' മുമ്പോട്ടു പാഞ്ഞുപോയി. ജീവനിൽ കൊതിയുള്ളവർ മാറിപ്പോകാൻ അതു മനുഷ്യരോടാജ്ഞാപിക്കുന്നു. അതാ ഒരു വൃദ്ധൻ, പാതയിലൂടെ മന്ദം മന്ദം നീങ്ങുന്നു. ഹാ! യന്ത്രഭാഷ മനുഷ്യന മനസ്സിലാകയില്ലേ? ആജ്ഞയനുസരിക്കാത്തവനെ ശിക്ഷിക്കാനെന്നവണ്ണം ആ കാർ മുമ്പോട്ടുപാഞ്ഞു. "അയ്യോ....!!" മോട്ടാറിന്റെ 'ഹൂം' കാരധ്വനി ആ ദീനവിലാപത്തെ വിഴുങ്ങിക്കളഞ്ഞു. ഒരു നിമിഷത്തിനുള്ളിൽ ആ വാഹനം വളവു തിരിഞ്ഞു, അദൃശ്യമായി.

അർദ്ധരാത്രിയോടെ, ആ കാർ ഒരു ബംഗ്ലാവിന്റെ മുററത്തു വന്നുനിന്നു. ഒരു കൃശഗാത്രൻ വെളിയിലിറങ്ങി. ആരോഗ്യം നിറഞ്ഞ സുന്ദരമായ ആകാരം. ഒരു സ്ത്രീ ഗൃഹത്തിൽനിന്നും ഇറങ്ങിവന്നു.

'ഇപ്പോഴെങ്കിലും തോന്നിയല്ലോ ഇങ്ങോട്ടൊന്നു വരാൻ—' ആ സ്ത്രീ പരിഭവം നടിച്ചു.

'ജോലിത്തിരക്ക്...'

'ഒരെഴുത്തെങ്കിലും...'

'സുകുമാരപിള്ളയറിഞ്ഞാൽ...'

'ഇപ്പോഴിവിടെയില്ലല്ലോ...'

'എവിടെയാണ് '

'തിരുവനന്തപുരത്താണ് —വാ—നമുക്കകത്തേക്കു പോകാം—'

ആശ്ലേഷബദ്ധരായി അവർ അകത്തേക്കു കയറിപ്പോയി.

അദ്ദേഹം—ഒ. കെ. ചന്ദ്രനാഥ്—ഒരു രാഷ്ട്രീയപ്രക്ഷോഭകനാണ്. ആ സ്ത്രീ അദ്ദേഹത്തിന്റെ ഒരു സഹപാഠിയായിരുന്നു ആ നാട്ടിലെ പ്രഭുകുമാരി. ഒരു വക്കീലും ധനികനുമായ സുകുമാരപിള്ളയുടെ പ്രിയപത്നി. ചന്ദ്രനാഥന്റെ ആഹ്വാനത്താൽ പ്രചോദിതയായി അണിയറയിൽനിന്നു സേവനംനടത്തുന്ന ഒരു ത്യാഗിനി

* * * *

അടുത്തദിവസം രാവിലെ നടന്ന ഒരു മീററിംഗിൽ പങ്കുകൊണ്ടതിനുശേഷം ചന്ദ്രനാഥ് പട്ടണത്തിലേക്കു തിരിച്ചു. അദ്ദേഹത്തിന്റെ കാർ ഒരു വായനശാലയുടെ മുമ്പിൽ നിന്നു. കാറിൽനിന്നിറങ്ങി അദ്ദേഹം അങ്ങോട്ടു കയറിച്ചെന്നു, അവിടെ രാഷ്ട്രീയവിമർശനങ്ങളിൽ ഏർപ്പെട്ടിരുന്നവർ എഴുന്നേററു അദ്ദേഹത്തെ വന്ദിച്ചു. അദ്ദേഹം ഒരു കസേരയിലിരുന്നു. അവർ പല സംശയങ്ങളും ആ നേതാവിന്റെ മുമ്പിൽ കൊണ്ടുവന്നു. അതിനെല്ലാം വേണ്ട സമാധാനം അദ്ദേഹം പറഞ്ഞു. മദ്യനിരോധനത്തിനുവേണ്ടി ചില പരിപാടികൾ തന്റെ ഹൃദയത്തിലുണ്ടെന്നും അതിനുവേണ്ട പ്രചരണം നടത്തണമെന്നും അദ്ദേഹം അവരെ അറിയിച്ചു. മേശപ്പുറത്തുകിടന്ന പത്രമെടുത്തു് അദ്ദേഹം തിരിച്ചും മറിച്ചും നോക്കുന്നുണ്ടായിരുന്നു. നാലാംപേജിലെ ഒരു വാർത്ത ചന്ദ്രനാഥിന്റെ ശ്രദ്ധയെ ആകർഷിച്ചു. ആകാംക്ഷയോടെ അദ്ദേഹമതു വായിച്ചു.

"ഭയങ്കരമായ അത്യാഹിതം"

......മകരം ൩൦.

"ഇന്നേദിവസം രാത്രി ഏഴുമണിയോടെ സ്ഥലം......ന് സമീപം പബ്ലിക്ക് റോഡിൽ രക്തക്കളത്തിൽ മുഴുകിക്കിടന്ന ഒരു വൃദ്ധന്റെ ശവശരീരം പോലീസ് സ്റ്റേഷനിൽ കൊണ്ടുവരപ്പെട്ടു. അപകടകാരണം അജ്ഞാതമാണ്. എങ്കിലും കാറപകടമെന്ന് അധികൃതർ അഭ്യൂഹിക്കുന്നു. ശവത്തിനു സമീപം നിന്നും ലഭിച്ച ഒരു ഭാണ്ഡം സ്റ്റേഷനിൽ സൂക്ഷിച്ചിരിക്കുന്നു. സ്വ. ലേ."

'ഇന്നലെ—' ചന്ദ്രനാഥ് ഒന്നു നടുങ്ങി. പെട്ടെന്നേ അദ്ദേഹം നിശ്ശബ്ദനായി.

"ഇന്നലെ?" അവർ ഏകസ്വരത്തിലന്വേഷിച്ചു.

"അല്ല. നമ്മുടെ നാട്ടിലാണ് കാറപകടങ്ങൾ അധികവും"

"അതെ—ഭയങ്കരം."

"എന്തുചെയ്യാം—കുടിച്ചു തലതിരിഞ്ഞ ഡ്രൈവേഴ്സ്—"

'പരമാർത്ഥമാണതു്—' ചന്ദ്രനാഥ് വീണ്ടുമൊന്നു നടുങ്ങി.

'ഭയങ്കരമായ മരണം—ദേഹം തരിക്കുന്നു.'

ചെറുകഥ

# "പതിനൊന്നാം—മണിക്കൂറിൽ—"

എം. അലിക്കുഞ്ഞ്, വടക്കുംതല

അദ്ദേഹം വികാരഭരിതനായി കീഴ്ചുണ്ടു കടിച്ചമർത്തി വിദൂരതയിലേക്കു നോക്കിയിരുന്നു. അദ്ദേഹത്തിന്റെ അളവററ സഹോദരസ്നേഹത്തെ മനസ്സാ പ്രശംസിച്ചുകൊണ്ട് അവിടെനിന്നവരും നിശബ്ദത അവലംബിച്ചു.

* * *

പോലീസ്സ്റ്റേഷനിലെ 'പ്രൈവററൂമി'ൽ ഇൻസ്പെക്ടർ ചിന്താധീനനായിരിക്കയാണ്. വൈദ്യുത ദീപത്തിന്റെ പ്രകാശം മുറിയിലെങ്ങും വ്യാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൈയിലിരുന്ന സിഗാററിന്റെ നേരിയ പുകച്ചുരുൾ അന്തരീക്ഷത്തിൽ അവ്യക്തമായ ചില ആശകൾ കുറിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടെ ഒരു കുളിർക്കാററ് ഓടിയെത്തി അവയെല്ലാം മായിക്കുന്നുണ്ട്. ഭിത്തിയിലിരുന്ന 'ക്ലോക്ക് ടിങ്—ടിങ്' എന്നടിച്ചു ഇൻസ്പെക്ടർ ഞെട്ടിയുണർന്നു.

മേശ തുറന്ന് ചില എഴുത്തുകൾ എടുത്ത് അദ്ദേഹം സൂക്ഷ്മതയോടെ പരിശോധിച്ചു. കവറിൽ സൂക്ഷിച്ചിരുന്ന ഒരു ഫോട്ടോ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു. ഇൻസ്പെക്ടർ ആ ഫോട്ടോയിൽതന്നെ ഉററു നോക്കിയിരുന്നു. അതു 'ചന്ദ്രനാഥന്റേതല്ലേ? അദ്ദേഹം സംശയിച്ചു. 'അതെ.' അദ്ദേഹത്തിന്റെ സംശയം തീർന്നു. ആ ഫോട്ടോ പ്രസിദ്ധ രാഷ്ട്രീയ പ്രവർത്തകനായ ചന്ദ്രനാഥിന്റേതാണ്. അടുത്തതൊരെഴുത്തായിരുന്നു.

'എന്നെ ആക്ഷേപിക്കുവാൻതന്നെയാണോ അച്ഛൻ ഈ വേഷവുംകെട്ടി നടക്കുന്നതു്?'

ഇൻസ്പെക്ടറൊക്കൊന്നും മനസ്സിലായില്ല. അദ്ദേഹം മറെറാരു കടലാസ്സെടുത്തു നിവർത്തി.

'പട്ടണത്തിൽ യാചകനിരോധനം ഏർപ്പെടുത്തിയിരിക്കയാണ്. ഇവിടെയെങ്ങാനും കണ്ടുപോയാൽ പോലീസ്സ് അറസ്റ്റ് ചെയ്യും. ഞാൻ തിരിഞ്ഞു നോക്കുകയില്ല.'

അതിലും അഡ്രസ്സുണ്ടായിരുന്നില്ല. ഇനിയും ഒരെഴുത്തുണ്ട്. ചന്ദ്രനാഥിന്റെ മേൽവിലാസമെഴുതി അഞ്ചൽകവറിൽ ഉള്ളടക്കം ചെയ്ത ഒരെഴുത്ത്. ഇൻസ്പെക്ടർ തിരിച്ചും മറിച്ചും നോക്കി. കവറിന്റെ പുറത്തെങ്ങും അഞ്ചൽമുദ്ര പതിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ആകാംക്ഷ ചിറകടിച്ചു.

"പ്രിയപ്പെട്ട മകനേ!

'എനിക്കു വളരെ സന്തോഷമുണ്ട്. നിന്റെ ഉന്നതിയിൽ ഞാൻ അത്യധികം ആഹ്ലാദിക്കുന്നു.'

'കുഞ്ഞേ! എന്റെ ജീവിതത്തിന്റെ അവസാനനിമിഷങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞു. അതിനാൽ നീ ഇതു ശ്രദ്ധിച്ചു കേൾക്കണം, എനിക്കുവേണ്ടിയെങ്കിലും. ഇതെന്റെ അന്ത്യോപദേശമാണ്. എന്റെ മരണാനന്തരം നിന്നെ സമീപിക്കുന്ന എന്റെ ആത്മാവാണിക്കത്ത്.'

'മകനേ! നമ്മൾ ധനികരല്ലായിരുന്നു. നിന്റച്ഛന് നാലുകാശിനു സ്വത്തില്ലായിരുന്നു. ഉണ്ടായിരുന്നതുമുഴുവൻ നിന്റെ അമ്മയുടെവക—ദരിദ്രനായ എന്റെ പിറകേ ഇറങ്ങിവന്ന ആ ത്യാഗിയുടെ വക മാത്രം! പക്ഷേ, ആ മഴവില്ലുമാഞ്ഞുപോയി. യഥാർത്ഥപ്രേമത്തിന്റെ പാവനസ്മരണയ്ക്കായി ഒരു പൊൻകതിരു നൽകിയിട്ടു് ആ നക്ഷത്രം പൊലിഞ്ഞുപോയി.

'കുഞ്ഞേ! നിന്നെ ഞാൻ അകമഴിഞ്ഞു ലാളിച്ചു. നിന്റെ ആഹ്ലാദത്തിൽമാത്രം ആനന്ദം അനുഭവിച്ചു ഞാൻ ജീവിച്ചു. രാവിലെ നിന്നെ സ്കൂളിലൊരുക്കി അയയ്ക്കുക, അക്ഷമനായി നിന്റെ വരവും കാത്തിരിക്കുക; ഇതായിരുന്നു അന്നെന്റെ ജോലി. പക്ഷേ, നിന്നേക്കാൾമുമ്പേ പരാതിയുമായി നിന്റെ കൂട്ടുകാരല്ലേ എത്തുക? നീ ഒടിച്ച എത്ര പെൻസിൽ ഞാൻ വാങ്ങിക്കൊടുത്തു? നീ ഉടച്ച എത്ര സ്ലേററിനു ഞാൻ വിലകൊടുത്തു: എന്നാൽ കുസൃതി കാണിച്ചതെന്തിനെന്നു നിന്നോടു ഞാൻ ചോദിച്ചില്ല. നിന്നെ ഞാൻ ശകാരിച്ചില്ല. നീ കരഞ്ഞേക്കുമോ എന്നു ഞാൻ ഭയന്നു. സുന്ദരമായ ആ നയനങ്ങൾ നനയുന്നതു കാണാനുള്ള കരുത്തെനിക്കില്ല. അങ്ങനെ വികൃതിക്കുട്ടനായി നീ വളർന്നുവന്നു. കളങ്കമില്ലാത്ത ഒരു കളിത്തോഴനെപ്പോലെയല്ലേ നിന്നോടു ഞാനിടപെട്ടതു്? അച്ഛൻ നിനക്കൊരു കളിപ്പാട്ടമായിരുന്നു. നീ എനിക്കൊരു ഉണ്ണികൃഷ്ണനും!

'എത്ര കുസൃതിയായിരുന്നെങ്കിലും നീ ആണ്ടുതോറും വിജയം നേടിയതിൽ ഞാൻ അഭിമാനംകൊണ്ടു. നീ ഹൈസ്കൂളിലെത്തിയപ്പോൾ ഞാൻ അഹങ്കരിക്കതന്നെ ചെയ്തു. നിന്നെപ്പോലെ പഠിക്കുന്ന വിദ്യാർത്ഥികളില്ല. പ്രസംഗപാടവമുണ്ട്. അഴകുള്ള ആകാരം. ഓജസ്സുതുളുമ്പുന്ന—ആരോഗ്യമുള്ള സുന്ദരനായ ഒരു യുവാവ്. നിന്റെ മുഖത്തെ ഞാൻ ആയിരം മുഖങ്ങളോടു സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. അവയെല്ലാം നിഷ്പ്രഭങ്ങളായിരുന്നു. പൂർണ്ണേന്ദുവിന്റെ മുമ്പിൽ തകരവിളക്കെന്നോണം!

'നിന്റെ ഇഷ്ടത്തിനു ഞാൻ വഴങ്ങിയിരുന്നു. 'ഈസിച്ചെയറി'ൽ കിടന്നു നീ സിഗാററു വലിക്കുന്നതു് കണ്ടു ഞാൻ കണ്ണടച്ചിട്ടുണ്ട്. നിന്റെ സ്വാതന്ത്ര്യത്തെ ഞാൻ തടഞ്ഞില്ല. ദിനംതോറും വീട്ടിൽ വന്നുകൊണ്ടിരുന്ന നിന്റെ സഖാക്കളെ സൽക്കരിക്കാൻ ഞാൻ വളരെ ബദ്ധപ്പെട്ടിട്ടുണ്ട്. എന്തിനു്? എന്റെ പുത്രന്റെ അഭിമാനം!

'നീ സ്കൂൾഫൈനൽ ക്ലാസ്സിൽ' പ്രശസ്തവിജയം സമ്പാദിച്ചു. കാളേജിൽ പോയി. ഒരു രാജകുമാരനേക്കാൾ ആഡംബരത്തോടെ നീ കാളേജിൽ പഠിച്ചു. നിന്റെ എഴുത്തു പ്രതീക്ഷിച്ചിരിക്കുക, മറുപടിയെഴുതുക, പണമയയ്ക്കുക. എത്ര ആനന്ദത്തോടെയാണ് ഞാനിവ നിർവ്വഹിച്ചതു്?

'മകനേ! ഓരോ കൊല്ലങ്ങൾ കഴിയുന്തോറും ആവശ്യങ്ങൾ വർദ്ധിച്ചുവന്നു. സമ്പത്തിന്റെ അളവു കുറഞ്ഞുതുടങ്ങി. ആദ്യമൊന്നും ഞാനതു ശ്രദ്ധിച്ചില്ല. നീ ബി. എ. ക്ലാസ്സിലെത്തി. അവസാനമായി ഞാൻ പ്രമാണത്തിൽ ഒപ്പുവച്ചു. ഒരു ചില്ലിക്കാശുപോലും ശേഷിക്കാതായി.

എങ്കിലും ആവശ്യങ്ങൾ കുന്നുകുന്നായി മുമ്പിൽ നിരന്നു. പണം ആവശ്യപ്പെട്ടുകൊണ്ടു ദിവസവും നിന്റെ എഴുത്തുകൾ! ഞാൻ കുഴങ്ങി. പക്ഷേ, കണിശം തെററാതെ നിനക്കു മണിയാർഡർ വന്നുകൊണ്ടിരുന്നു. എവിടെനിന്നു്? നീ അന്വേഷിച്ചില്ല. അതുമാത്രമായിരുന്നു എന്റെ ആഗ്രഹവും.

'എന്റെ പുത്രൻ ഉന്നതബിരുദം നേടും. സ്ഥാനവും മാനവുമുള്ള ഒരുദ്യോഗത്തിൽ പ്രവേശിക്കും. കുലീനയും സുന്ദരിയുമായ ഒരു വനിതയെ വിവാഹംചെയ്ത് ആനന്ദപൂർണ്ണമായ ജീവിതം നയിക്കും. അങ്ങനെ ശോഭനമായ ഒരു ഭാവിയെ ഞാൻ വിഭാവനംചെയ്തു്.

'എന്നാൽ നീ ഉദ്യോഗം മോഹിച്ചില്ല. പൊതുജനസേവനമായിരുന്നു നിന്റെ ലക്ഷ്യം. നീ ഒരു രാഷ്ട്രീയപ്രക്ഷോഭകനായി.'

'എന്റെ ആശ തകർന്നു.' ഞാൻ കെട്ടിപ്പടുത്ത മോഹനസൗധം അടിതെററി മറിഞ്ഞു. ഉദ്യോഗസ്ഥനായ എന്റെ മകന്റെ ആഹ്ലാദത്തിൽ പങ്കുചേരാൻ എനിക്കു കഴിഞ്ഞില്ല. ഉണ്ണിക്കൈകൾ നീട്ടി അപ്പൂപ്പനോടു 'ഉപ്പാപ്പം' ചോദിക്കുന്ന ഒരു പിഞ്ചുകിടാവിനെ എടുത്തുമ്മവയ്ക്കാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല.

'എങ്കിലും എനിക്കഭിമാനിക്കാം. മഹാത്മാക്കൾ വെട്ടിത്തെളിച്ച വഴിത്താരയിലാണ് എന്റെ പുത്രനും പിച്ച നടക്കുന്നതു!'

'പ്ലാററ്ഫാറത്തിൽ കയറിനിന്നു് പട്ടിണിപ്പാവങ്ങളുടെ അവകാശത്തിനുവേണ്ടി നീ ശക്തിയുക്തം വാദിക്കുമ്പോൾ പുളകംകൊള്ളാത്തവരില്ല. സ്ഥിതിസമത്വത്തിന്റെ മാഹാത്മ്യത്തെ പുകഴ്ത്തിയുള്ള നിന്റെ പ്രസംഗങ്ങൾ ജനതാമദ്ധ്യത്തിൽ വിപ്ലവത്തിന്റെ കോളിളക്കമുണ്ടാക്കി. നിലവിലിരുന്ന ഭരണത്തെ നീ അപലപിച്ചപ്പോൾ ഗവമ്മെൻറ നിന്നെ അറസ്ററുചെയ്തു! അപ്രകാരമൊരു സന്ദർഭത്തിൽ ഒരച്ഛനുണ്ടാകുവേന്ന ഹൃദയവേദന! കുഞ്ഞേ! സദസ്സിന്റെ ഒരു മൂലയിലുണ്ടായിരുന്ന ഞാൻ നിലംപതിച്ചു.'

'എന്നാൽ......നിന്റെ രാഷ്ട്രീയജീവിതത്തിന്റെ പിന്നിലേക്ക് നീ ഒന്നു തിരിഞ്ഞുനോക്കുക! അണിയറയിൽ നടന്നതൊക്കെയറിയായിരുന്നോ? ആ ഓരോ പ്രവൃത്തിയും!? അതോർക്കുവാൻകൂടി നിന്റച്ഛന് സാദ്ധ്യമല്ല. കുഞ്ഞേ! നീ ഈശ്വരനേപ്പോലും ചതിച്ചു!

'ഞാൻ മാത്രമല്ല, മററു പലരും കണ്ടേക്കാം. ഈ പരമാർത്ഥം ഗ്രഹിച്ചവർ. വിശപ്പോടെ വിളിച്ചുപറയുവാനും അവർ ആശങ്കിച്ചേക്കാം.

എന്നാൽ നിന്നെക്കാണുമ്പോൾ അവർ എല്ലാം മറക്കുന്നു. അഥവാ മറയ്ക്കുന്നു. നിന്റെ മുമ്പിൽ—രാഷ്ട്രീയകവചമണിഞ്ഞ നിന്റെ മുമ്പിൽ—ലോകം വണങ്ങിനിൽ

(ശേഷം പതിനഞ്ചാംപേജിൽ)

## ലണ്ടനിലെ ഇൻഡ്യൻവിദ്യാർത്ഥികൾ



ഇൻഡ്യക്കാരായ പൂർവ്വവിദ്യാർത്ഥികളും ഇപ്പോഴത്തെ വിദ്യാർത്ഥികളുമായി സമ്പർക്കം പുലർത്താനായി ഇൻഡ്യൻവിദ്യാർത്ഥിഹോസ്റ്റലിൽവച്ചു ഈയിടെ ഒരു വിരുന്നു നടത്തുകയുണ്ടായി. സൽക്കാരത്തിൽ സംബന്ധിച്ചിരുന്ന ചില ഇൻഡ്യൻവിദ്യാർത്ഥികളുടെ ഫോട്ടോ ആണ് മുകളിൽ കാണുന്നതു്.

ബ്രിട്ടീഷ് അധീനതയിലുള്ള പല രാജ്യങ്ങളും അടിമത്വം ചുമക്കാൻ നിവൃത്തിയില്ലാതെ -സ്വാതന്ത്ര്യദാഹംമൂലം— ബ്രിട്ടീഷ്കാർക്കെതിരായി പലവിധ സമരങ്ങളും ചെയ്തിട്ടുണ്ട്. ആ രാജ്യങ്ങളിൽവച്ചു പ്രഥമസ്ഥാനം ഭാരതമാണ് കരസ്ഥമാക്കിയിട്ടുള്ളത്. ഭാരതമാതാവ് എന്നെന്നേയ്ക്കും വിദേശ്യാക്രമികളുടെ കീഴ്പ്പെട്ടിരിക്കുവാനുള്ള വൈമനസ്യംമൂലം, അനവധി വീരധീരമണികളായ സന്താനങ്ങളെ പ്രസവിച്ചു. അവർ, സ്വമാതാവിനെ ബന്ധിച്ചിരിക്കുന്ന അടിമത്വച്ചങ്ങല പൊട്ടിച്ചെറിയുവാൻ വെമ്പി; എന്തുചെയ്യണമെന്നറിയാതെ ഉഴറിയ ജനതതിയെ പ്രബലമായ ഒരു സംഘടനയിൽ അണിനിരത്തി അവർ ഏതൊരു ശത്രുവിനെയും വെല്ലുവിളിച്ചുകൊണ്ട് മുമ്പോട്ടു പാഞ്ഞു. അവരിൽ പലരും സ്വമാതാവിന്റെ മടിയിൽ—സ്വസഹോദരർ നോക്കിനില്ക്കെ —ചത്തുവീണു; അനേക അസംഖ്യം ഭാരതമക്കൾ രക്തസാക്ഷികളായി.

ഈ കൃത്യം അധികനാളത്തേയ്ക്കു നിലനിറുത്തുവാൻ പാടില്ലെന്നും വിദേശിയരെ തുരത്തണമെന്നും ഉൽഘോഷിച്ചുകൊണ്ട് ഭാരതത്തിലെ ചില വീരസിംഹങ്ങൾ മുമ്പോട്ടു കുതിച്ചു. പക്ഷെ, എന്തു ചെയ്യാം? അവർക്കു തങ്ങളുടെ മാതൃഭൂമിയിൽ നില്ക്കുവാൻ പാടില്ല; യാതൊരു വിപ്ലവസംഘങ്ങളിലും പങ്കെടുക്കാൻ പാടില്ല. അവരുടെ സ്ഥാനം ഇരുമ്പഴികളുള്ളിൽ ആയിരുന്നു. എന്നാൽ ആ സ്വാതന്ത്ര്യപ്രേമികൾ—ഭാരതമാതാവിന്റെ അരുമസന്താനങ്ങൾ— സ്വമാതാവിനോടും സഹോദരരോടുംകൂടി യാത്ര പറയാതെ എവിടെയോ പോയി. അവർ, ബ്രിട്ടീഷ്കാർക്കെതിരായി ഒരു സമരനിര സൃഷ്ടിക്കുവാൻ പലരുടേയും സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഇൻഡ്യവിട്ടു. അവരിൽ പ്രധാനികൾ, രാജാ മഹേന്ദ്രപ്രതാപ്, അജിത്സിംഗ്, രാഷ്ബിഹാരിബോസ്, മോഹൻസിംഗ്, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവരത്രെ. ഇവരിൽവച്ച് ഉന്നതസ്ഥാനം വിവിധനിലകളിലും രാജാ മഹേന്ദ്രപ്രതാപിന് ഉണ്ടെന്നു പറയുന്നതിൽ തെറ്റില്ല.

രാജാ മഹേന്ദ്രപ്രതാപ് ൬൦ വർഷങ്ങൾക്കു മുമ്പ് ഐക്യസംസ്ഥാനത്തു ഹാത്രാ എന്ന പട്ടണത്തിൽ ജനിച്ചു. ബാല്യത്തിൽതന്നെ, ഉന്നതസ്ഥാനത്തെത്തണമെന്നും, അടിമത്വത്തിൽനിന്നും ഭാരതത്തെ മോചിപ്പിക്കണമെന്നും ഉള്ള ആശയത്തോടൊപ്പം അവശസമുദായോദ്ധാരണത്തിലും ഉൽക്കണ്ഠയായിരുന്നു. ആലിഗർ സർവ്വകലാശാലയിൽചേർന്ന് വിദ്യാഭ്യാസം തുടങ്ങിയതോടെ സ്വാതന്ത്ര്യദാഹവും തുടങ്ങി. അക്കാലത്തുതന്നെ പല പ്രക്ഷോഭണപ്രസംഗങ്ങളും, മഹേന്ദ്രന്റെ തപ്തചിത്തവികാരഫലമായി പുറത്തുവന്നു. ഇദ്ദേഹത്തിന്റെ കുടുംബം, ഇൻഡ്യയിലെ ഏറ്റവുംസമ്പൽസമൃദ്ധമായ ഒന്നായിരുന്നു. പതിമൂന്നുഗ്രാമങ്ങളുടെ ഉടമസ്ഥനായ മഹേന്ദ്രന്റെ പിതാവിനെ വെറും ഒരു ജമിന്ദാർആയിട്ടില്ല ബ്രിട്ടീഷ്ഗവണ്മെൻറുഗണിച്ചത്. ആകയാൽ അദ്ദേഹത്തിനു "രാജാ"സ്ഥാനം ബ്രിട്ടീഷ്ചക്രവർത്തിയാൽ നൽകപ്പെട്ടു. പിതൃാർജ്ജിതമായ സ്വത്തുക്കളുടെ അവകാശി മകനാകയാൽ മഹേന്ദ്രൻ, തന്റെ പിതാവിനു ലഭിച്ച "രാജാ"സ്ഥാനം സ്വയംസ്വീകരിച്ചു. അല്ലാതെ "രാജാ"സ്ഥാനത്തിനുള്ള മോഹംകൊണ്ടോ ഒരു ബഹുമതിമുദ്രയായിട്ടോ സ്വീകരിച്ചതല്ല. ഈ കുടുംബത്തിലെ പ്രധാനവക്കീൽമാർ പണ്ഡിതമാളവ്യജി, സർ സപ്രൂ തുടങ്ങിയവരായിരുന്നു. മാളവ്യജി ഏറ്റവുംനല്ല ഒരു അടിമക്കാരനും നിയമജ്ഞനുമായിരുന്നല്ലോ. പിന്നെയാണല്ലോ ബനാറീസ് ഹിന്ദുസർവ്വകലാശാലയുടെ പരമാധികാരസ്ഥാനത്തെത്തിയത്. സർ തേജ്ബഹദൂർസപ്രൂ ഇന്നത്തെ ഒരുമികച്ച രാഷ്ട്രീയനേതാവാണ്. ഇദ്ദേഹത്തെ ഒരു പ്രവിശ്യാഗവർണ്ണർ ആക്കാൻ കഴിഞ്ഞവർഷം മുതലേ ഒരു ആലോചനയുണ്ട്. ഇപ്രകാരം, ഏറ്റവും ഉയർന്ന രണ്ടു മഹാരഥന്മാർ ഉപദേഷ്ടാക്കളായിട്ടുള്ള ഒരു കുടുംബത്തിന്റെ ധനസ്ഥിതിയെപ്പററി വല്ലതും പറയണമോ?

മഹേന്ദ്രപ്രതാപ് ൧൯൦൨-ൽ സിന്ധു സംസ്ഥാനത്തിലെ മഹാരാജാവിന്റെ മകളെ വിവാഹംചെയ്തു. അതോടുകൂടി ലോകസഞ്ചാരത്തിൽ പ്രിയം തോന്നുകയാൽ ആവർഷത്തിൽതന്നെ പത്നീസമേതം പുറപ്പെട്ടു. പല വിദേശരാജ്യങ്ങളും ചുറ്റിയശേഷം അമേരിക്കയിൽ എത്തി അവിടെ കുറേനാൾ താമസിച്ചു. അമേരിക്കയിലേയും ഇൻഡ്യയിലേയും ഭരണരീതി, വ്യവസായം സാമ്പത്തികാവസ്ഥ, വിദ്യാഭ്യാസം തുടങ്ങിയവകളിലുള്ള വ്യത്യാസത്തെ നേരിൽകണ്ടറിയുന്നതിനു ഈ അവസരത്തിൽ അദ്ദേഹത്തിനു കഴിഞ്ഞു. അതോടുകൂടി, ഇൻഡ്യൻജനത അനുഭവിക്കുന്ന കഷ്ടതകളെപ്പററിയുള്ള വിചാരം, രാജാമഹേന്ദ്രന്റെ ഹൃദയത്തിൽ വീണ്ടും സ്ഥലം പടിച്ചു. തന്മൂലം രാഷ്ട്രീയരംഗത്തിൽ ഇറങ്ങുവാൻ അദ്ദേഹം നിർബന്ധിതനായി, അല്ല-സ്വയം ഉറച്ചുകഴിഞ്ഞു.

മേലാൽ ഒരു ജമിന്ദാർ ആയിരിക്കുന്നതിനു അദ്ദേഹം ഇഷ്ടപ്പെട്ടില്ല. കുടുംബവക്കീൽമാരായ മാളവ്യജിയോടും സർ സപ്രുവിനോടും ആലോചിച്ചുകൊണ്ട് അഞ്ചുഗ്രാമങ്ങൾ ഒരു മഹാപാഠശാലയുടെ നടത്തിപ്പിന്നായി വിട്ടുകൊടുത്തു. ബാക്കിയുള്ളവയിൽനിന്നുള്ള ആദായവും പൊതുസംരക്ഷണാർത്ഥം ഉപയോഗിക്കുവാൻ നിശ്ചയിച്ചു. ബനാറീസ് സർവ്വകലാശാലയ്ക്കും ഇതിൽനിന്നും ധനം ലഭിക്കുന്നുണ്ട്.

അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു വിദ്യാഭ്യാസസംഗതികളിൽ ആയിരുന്നു. സാമൂഹിക (Social) ജീവിതരീതിയായിരുന്നു അദ്ദേഹം വിഭാവനംചെയ്തതു്. തന്മൂലം സാമൂഹിക വിദ്യാഭ്യാസരീതിയെപ്പററിയും മററും പഠിക്കുവാൻ ൧൯൦൭-ൽ യൂറോപ്പിലേയ്ക്കു പോയി. ൧൯൦൭ മുതൽ ൧൯൧൪-വരെ അദ്ദേഹം യൂറോപ്പിലെ എല്ലാ സർവ്വകലാശാലകളിലും എത്തിച്ചേരുകയും, അവിടെനിന്നും പലതും പഠിക്കുകയും, പല സർവ്വകലാശാലകൾക്കും ധനപരമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ൧൯൧൪-ൽ ഇന്ത്യയിൽ മടങ്ങിവന്നു. ആദ്യമായി അദ്ദേഹം അനാഥർ, അവശർ, അധഃകൃതർ തുടങ്ങിയവരുടെ ഉദ്ധാരണാർത്ഥം പ്രവർത്തനം തുടങ്ങി. ഈ കൂട്ടരെ സമീപിച്ച്, അവരെ സാംസ്കാരികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും സംഘടിപ്പിക്കുന്നതിനു ഒരു സേവകസംഘം സൃഷ്ടിച്ചു. അനവധി യാളുകൾ ആ സംഘത്തിൽ ചേർന്ന് സേവനം ചെയ്തുവത്രെ!

അവശസമുദായോദ്ധാരണാർത്ഥം സേവാസംഘം പ്രവർത്തനം ആരംഭിച്ചതോടുകൂടി മഹേന്ദ്രപ്രതാപ് ഹിന്ദിയിലും, ഉറുദുവിലും, പത്രങ്ങൾ പ്രചരിപ്പിച്ചുതുടങ്ങി. ആ പത്രങ്ങൾവഴി ബ്രിട്ടീഷുകാരുടെ അക്രമപ്രവൃത്തികൾ അദ്ദേഹം പ്രത്യക്ഷമാക്കി. മാത്രമല്ല, കഴിഞ്ഞ യുദ്ധാരംഭത്തിൽ (൧൯൧൪-ൽ) ജർമ്മനിക്കനുകൂലമായ ലേഖനങ്ങൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും സ്വന്തം കുറിപ്പുകൾ ചേർക്കുകയുംചെയ്തു. തന്മൂലം അദ്ദേഹത്തിനു നേരിട്ട കഷ്ടതകൾക്കു ഒരതിരും ഉണ്ടായിരുന്നില്ല. രാജ്യദ്രോഹക്കുററം ചുമത്തി അദ്ദേഹത്തെ എന്തും ചെയ്യുവാൻ അന്നത്തെ ബ്രിട്ടീഷ് അധികാരികൾ വട്ടംകൂട്ടി. പക്ഷെ വിധി അതിനു സമ്മതിച്ചില്ല. അഭിമാനിയായ പ്രതാപ് ശത്രുക്കളുടെ പിടിയിൽ പെടാതെ, ഇന്ത്യ വിട്ടുവാൻ തീർച്ചപ്പെടുത്തി. അദ്ദേഹം പുറപ്പെടുകയുംചെയ്തു. വളരെ രഹസ്യമായിട്ടാണ് അദ്ദേഹം ഇൻഡ്യയ്ക്കു വെളിയിൽ പോയതെങ്കിലും ഭാരതമാതാവ് സ്വപുത്രന്റെ വേർപാട് മനസ്സിലാക്കി വിലപിച്ചിരിക്കും; അന്നു രാത്രി അദ്ദേഹം ഭാരതമാതാവിനോടു യാത്രപറഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞിരിക്കും!

ഒന്നാംമഹായുദ്ധം ഘോരമായി നടന്നുകൊണ്ടിരിക്കുമ്പോഴാണല്ലോ പ്രതാപ് ഇൻഡ്യ വിട്ടതു്. അദ്ദേഹം അഫ്ഗാനിസ്ഥാൻവഴി ബർലിനിലെത്തി. അദ്ദേഹത്തിന്റെ യാത്ര കുഗ്രാമങ്ങളിൽകൂടിയുള്ള പാതവഴിയായിരുന്നുവത്രെ! യാത്രാമദ്ധ്യേ അദ്ദേഹം ജിനോവായിൽ കുറേനാൾ താമസിച്ചു. തന്നെപ്പോലെ ബ്രിട്ടീഷ്കാരുടെ ദ്രോഹപ്രവൃത്തിക്കു വിധേയരായി, ഇൻഡ്യ വിട്ടുപോയ പല ഭാരതനേതാക്കന്മാരെയും ജിനോവായിൽവച്ചു അദ്ദേഹത്തിനു കാണാൻസാധിച്ചു. അവരുടെ എല്ലാം സമ്മതപ്രകാരമാണ് അദ്ദേഹം ജർമ്മനിക്കു പോയതു്. അന്നത്തെ ജർമ്മൻചക്രവർത്തിയായ കൈസറുമായി കാണുകയും ഇൻഡ്യയുടെ നിലയെപ്പററി സംസാരിക്കുകയും ചെയ്തു. ജർമ്മനിയെക്കൊണ്ടാകുന്ന സകലവിധ സഹായങ്ങളും കൈസർ മഹേന്ദ്രപ്രതാപിനു വാഗ്ദാനം ചെയ്തിരുന്നുവത്രെ!

എന്നാൽ ഇൻഡ്യയിലെ അപ്പോഴപ്പോഴുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു ജർമ്മനിയിലിരുന്നുകൊണ്ടു സാധ്യമല്ലെന്നു അദ്ദേഹം മനസ്സിലാക്കി. അതിനാൽ അഫ്ഗാനിസ്ഥാനിൽ താമസിച്ചുകൊണ്ട ഇൻഡ്യൻനില മനസ്സിലാക്കാമെന്നു നിശ്ചയിച്ചു. അതിനുവേണ്ടി ടർക്കിയിലെ സുൽത്താന്റെ പക്കൽനിന്നും ഒരു ശിപാർശിക്കത്തു അഫ്ഗാനിസ്ഥാനിലെ മഹാരാജാവിനു കൊണ്ടുവന്നു കൊടുത്തു. തന്മൂലം. കാബൂളിൽ താമസിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും അദ്ദേഹം പ്രതാപിനു നൽകി. മാത്രമല്ല, ഇൻഡ്യയിലേക്കു ചാരന്മാരെ അയയ്ക്കുന്നതിനും കൂടി അദ്ദേഹം തയ്യാറായിരുന്നുവത്രെ! എന്നാൽ ആയവസരത്തിൽ ഇൻഡ്യാഗവർമ്മെൻറു വളരെ ജാഗ്രതയായി അവരുടെ ശത്രുചാരന്മാരെ വീക്ഷിച്ചുകൊണ്ടിരുന്നതിനാൽ പ്രതാപിനു ഇൻഡ്യയിൽ ചാരന്മാരെ അയച്ചു വിവരങ്ങൾ സംഭരിക്കുന്നതിനു സാധിച്ചില്ല. ജർമ്മനിക്കു യുദ്ധത്തിൽ പറയത്തക്ക ജയവും കണ്ടില്ല. ആകയാൽ തന്റെ കാബൂളിലെ താമസം ഫലരഹിതമാണെന്നു മനസ്സിലാക്കി, പ്രതാപ് റഷ്യയിലെത്തി അവിടത്തെ നാട്ടുമ്പുറങ്ങളിൽ കുറെനാൾ താമസിച്ചു ൧൯൧൭-ൽ സോവിയററുഗവർമ്മെൻറു ഇടപെടുകയും അവർ അദ്ദേഹത്തെ ശരിയായി ബഹുമാനിക്കുകയുംചെയ്തു. അങ്ങനെ അദ്ദേഹം മോസ്കോവിൽ എത്തി. ഒരു ചെറിയ തൊഴിലാളിയോടെയാണ് പ്രതാപ് മോസ്കോയിൽ സ്വീകരിക്കപ്പെട്ടതു്. ടോട്സ്കി, ഇംഗ്ലണ്ടിലെ ഇൻഡ്യയിലെ തൊഴിലാളിനേതാവായിട്ടാണ് സോവിയററുഗവണ്മെൻറിനെ ധരിപ്പിച്ചതു്.

൧൯൧൭-ൽതന്നെ അദ്ദേഹം റഷ്യയിൽനിന്നും ജർമ്മനിക്കു പുറപ്പെട്ടു. ജർമ്മനി പരിപൂർണ്ണമായി പരാജയം അടഞ്ഞപ്പോൾ പ്രതാപ് ബർലിനിൽ ആയിരുന്നു. അതിനുശേഷം ലെനിനുവേണ്ടി അഫ്ഘാനിസ്ഥാനുമായി ഇടപെട്ടിരുന്നു. എന്നാൽ അതൊന്നും തന്റെ ഉദ്ദേശസാധ്യത്തിനുപയുക്തമല്ലായ്കയാൽ അതിൽനിന്നും പിന്തിരിഞ്ഞു.

പൂർവ്വേഷ്യാഭാഗങ്ങളിൽ സഞ്ചരിക്കണമെന്നാശിക്കുകയാൽ ചൈനയിലെ നേതാവായ ചിയാംഗ്കെഷക്, ദലായ് ലാമ, ജപ്പാൻചക്രവർത്തി തുടങ്ങിയവർക്കു ശുപാർശക്കത്തുകളുമായിഅദ്ദേഹം ചൈനയിലെത്തി. എന്നാൽ പലവിധ ക്ലേശങ്ങളും സഹിക്കുകയാൽ ശരീരത്തിനു നല്ല സുഖമില്ലാതായി. അതുമൂലം വീണ്ടും മോസ്കോവിലേയ്ക്കു തന്നെ മടങ്ങിപ്പോയി. കുറച്ചുനാൾ കഴിഞ്ഞ് അമേരിക്കാവഴി ജപ്പാനിലേയ്ക്കു പോകുവാൻ നിശ്ചയിച്ചുറച്ചു. ആകയാൽ അമേരിക്കയിലേക്കു പോകുവാൻ ഫ്രാൻസിന്റെ സഹായം അഭ്യർത്ഥിച്ചു. പക്ഷെ അവർ അദ്ദേഹത്തെ സഹായിക്കാൻ ഇഷ്ടപ്പെട്ടില്ല. കാരണം, അദ്ദേഹം ബ്രിട്ടനെതിരായി പ്രവർത്തിക്കുന്ന ആളായിരുന്നു. ആ പ്രവർത്തനഫലം ഫ്രാൻസിനേയും ബാധിക്കുന്നതായിരുന്നു പോലും! അതിനു അദ്ദേഹം കൊടുത്ത മറുപടി ഇപ്രകാരം ആയിരുന്നു:—"ഫ്രാൻസിനെതിരായി പ്രവർത്തിച്ചെന്നു പറയുന്നതു ശരിയല്ല. ഒരുപക്ഷെ അങ്ങനെ ഒരു പരിതഃസ്ഥിതിഉണ്ടാകുന്നതായാൽ അതായതു ജനകീയശക്തിക്കെതിരായി ഫ്രഞ്ചുകാർ പ്രവർത്തിക്കുന്നതായാൽ—ഞാൻ അന്നു നിങ്ങളെ എതിർക്കും. ജർമ്മനിയേയും റഷ്യയേയും സഹായിച്ചതു സത്യംതന്നെ. ബ്രിട്ടനെതിരായി ചെറുത്താൻ ആണു യുദ്ധം ചെയ്യുന്നതെങ്കിൽ ഞാൻ ചെറുത്താന്റെ പക്ഷം ചേരും."

൧൯൨൨—ൽ മെക്സിക്കോവഴി അദ്ദേഹം ടോക്കിയോവിൽ ചെന്നുചേർന്നു. കുറച്ചുമാസങ്ങൾകൊണ്ടു ജപ്പാൻ മുഴുവൻ ചുററി സഞ്ചരിച്ചു. അതിനുശേഷം ചൈനയിലെത്തി. അവിടെ അദ്ദേഹം അധികനാൾ കഴിച്ചുകൂട്ടിയില്ല. സോവിയററു റഷ്യയുടെ സഹായത്താൽ ഉടൻതന്നെ അഫ്-ഗാനിസ്ഥാനിൽ എത്തി. അവിടെ കുറേനാൾ താമസിച്ചശേഷം, ൧൯൨൪—ൽ അമേരിക്കയിൽ ചെന്നുചേർന്നു. അവിടെനിന്നും അദ്ദേഹം തെക്കുകിഴക്കേ ഏഷ്യയിലേക്കു പോകുവാൻ ത

(ശേഷം നാലാംപേജിൽ)



"കമ്മ്യൂനിററിസെൻറർ":—സാമാന്യജനങ്ങൾക്കു വിശ്രമവേളയിൽ വിനോദങ്ങൾക്കു അവസരം നൽകുന്നതിനായി ൫൦൦൦ മുതൽ ൧൦൦൦൦ വരെ അംഗസംഖ്യ വരുന്ന അഞ്ഞൂറിൽപരം "കമ്മ്യൂനിററി അസോസ്യേഷൻസ്" ബ്രിട്ടണിൽ പ്രവർത്തനം നടത്തിവരുന്നുണ്ടത്രേ. ഇവയിലെല്ലാംകൂടി ഏകദേശം ൪,൫൦,൦൦൦ ജനങ്ങൾ അംഗങ്ങളായുണ്ട്. സ്ത്രീകളും പുരുഷന്മാരും സെൻററുകളിൽ സംബന്ധിച്ചു വിശ്രമാവസരം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. ശിശുക്കൾക്കു വിശ്രമസ്ഥലങ്ങളും, ആരോഗ്യവും സൌന്ദര്യവും വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിപ്പിക്കുന്ന ക്ലാസ്സുകളും ഇവ പല സെൻററുകളിലും ഏർപ്പെടുത്തിക്കാണുന്നു.

(മൂന്നാംപേജിൽനിന്നും തുടർച്ച)

ഖ്യമായി. ൧൯൨൬-ൽ സമയത്ത് ഈസ്റ്റ് ഏഷ്യയിൽകൂടി ജപ്പാനിയാംദ്വീപിൽ എത്തി. എന്നാൽ അദ്ദേഹത്തിന്റെ യാത്രാനുമതിച്ചീട്ട് കളഞ്ഞുപോകയാൽ ജപ്പാൻകാർ അദ്ദേഹത്തിന്റെ യാത്രതടഞ്ഞു. അതിനാൽ അദ്ദേഹം വീണ്ടും ചൈനയിൽ വന്നുചേർന്നു.

അവിടെ അദ്ദേഹത്തിനു വമ്പിച്ച ഒരു സ്വീകരണമാണു ലഭിച്ചതു്. അവിടെനിന്നും അദ്ദേഹം അഫ്ഗാനിസ്ഥാനിൽ വന്നു. കാബൂളിൽ അല്പദിവസം കഴിച്ചുകൂട്ടി.

൧൯൨൬—അവസാനത്തിൽ അദ്ദേഹം വീണ്ടും അമേരിക്കയിൽ എത്തിച്ചേർന്നു. എന്നാൽ അമേരിക്കയിലൊ, മററു ഏതെങ്കിലും ബ്രിട്ടീഷ് അധീനതയിലുള്ള രാജ്യങ്ങളിലോ താമസിച്ചുകൊണ്ട് തന്റെ ഉദ്ദേശം സാധിക്കുവാൻ പ്രയാസമാണെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. ആകയാൽ അമേരിക്കയിൽനിന്നും അദ്ദേഹം വീണ്ടും ജപ്പാനിലേക്കു പോയി. പിന്നെ അദ്ദേഹം ദീർഘകാലം ജപ്പാനിൽതന്നെയാണു കഴിച്ചുകൂട്ടിയതു്. പതിനഞ്ചുവർഷക്കാലത്തോളം ലോകംമുഴുവൻ രണ്ടുമൂന്നു പ്രാവശ്യം ചുററിസഞ്ചരിച്ചു ഒടുവിൽ ജപ്പാനിൽ തന്റെ പ്രവർത്തനം തുടങ്ങി. ഈ യാത്രകളിൽ അനവധി കഷ്ടതകൾ അനുഭവിക്കേണ്ടിവന്നെങ്കിലും, ഉദ്ദേശശുദ്ധിമൂലം അവ അദ്ദേഹത്തെ ജയിച്ചില്ല. വിവിധരാജധാനികളിലും അദ്ദേഹത്തിനു രാജോചിതമായ സ്വീകരണങ്ങളാണു ലഭിച്ചതു്. എന്നാൽ ആയവസരത്തിലൊക്കെ ഭാരതമാതാവിന്റെ അടിമച്ചങ്ങല പൊട്ടിച്ചെറിയുവാൻ വെമ്പുകയായിരുന്നു അദ്ദേഹത്തിന്റെ വികാരാധീനമായ ചിത്തം.

ജപ്പാനിൽ അദ്ദേഹം ഇൻഡ്യയുടെ സ്വാതന്ത്ര്യസമ്പാദനാർത്ഥം 'ആര്യസേന' എന്നപേരിൽ ഒരു സൈന്യസംഘം രൂപീകരിച്ചു. അവിടെയുള്ള മിക്കവാറും ഇൻഡ്യാക്കാർ ആ സംഘത്തിൽ ചേരുകയും ചെയ്തു. ഈ ആര്യസേനയാണ് ഇൻഡ്യയുടേതായി ആദ്യം രൂപീകരിക്കപ്പെട്ട സൈന്യസംഘം. അതിനുശേഷമാണല്ലോ ഐ. എൻ. എ. ഉണ്ടായതു്. എന്നാൽ ജപ്പാൻകാരുടെ ശരിയായ പ്രോത്സാഹനമൊ വേണ്ടവോളമുള്ള ധനസഹായമൊ അദ്ദേഹത്തിനു ലഭിച്ചില്ല. തന്മൂലം 'ആര്യസേന'യുടെ പ്രവർത്തനം നിലച്ചുപോകയും അതിലെ ഭടന്മാർ ഐ. എൻ. എ. യിൽ ചേരുകയും ചെയ്തു. ആ അവസരത്തിൽ ജപ്പാനിൽ താമസിച്ചുകൊണ്ടിരുന്ന രാഷ്ബിഹാരിബോസിനെ ജപ്പാൻകാർ ശരിയായി മതിക്കുകയും ബഹുമാനിക്കുകയും ചെയ്തു. മാത്രമല്ല ജപ്പാൻകാർ അദ്ദേഹത്തെ ധനസഹായംമൂലം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ രാഷ്ബിഹാരിബോസ് ഇന്ത്യൻദേശീയസേന ജപ്പാനിൽ സ്ഥാപിച്ചു. ആ സേനയാണ് പിൽക്കാലത്തു നേതാജിയുടെ കീഴിൽ ആക്കപ്പെട്ട Indian National Army.

മഹേന്ദ്രപ്രതാപ്, ജപ്പാൻകാരുടെ ഇന്ത്യാവീക്ഷണത്തെപ്പററി ശരിയായി നിരൂപണം ചെയ്യുകയും, അവരുടെ ചില ദുരുദ്ദേശങ്ങളേയും അക്രമങ്ങളേയും ധൈര്യസമേതം ആക്ഷേപിക്കുകയും ചെയ്തു. അതുകൊണ്ട് ജപ്പാൻകാർ അദ്ദേഹത്തെ ടോക്കിയോനഗരത്തിനു വെളിയിലുള്ള ഒരു സ്ഥലത്തു സുരക്ഷിതമായി തടവിൽ പാർപ്പിച്ചു. രണ്ടാം മഹായുദ്ധകാലത്തിന്റെ അവസാനഘട്ടം മുഴുവനും അദ്ദേഹം തടങ്കലിൽതന്നെ കഴിച്ചുകൂട്ടി. യുദ്ധത്തിനുശേഷംതന്നെ മാതൃഭൂമിയിലേക്കു തിരിച്ചയയ്ക്കണമെന്നദ്ദേഹം അപേക്ഷിച്ചു. പക്ഷെ, ഇൻഡ്യാഗവണ്മെന്റു അദ്ദേഹത്തിന്റെ ആഗമനത്തെ തടയുകയാണുണ്ടായതു്. ജപ്പാൻകാർ കീഴടങ്ങിയതോട്ടുകൂടി ജനറൽ മെക്കാർതർ രാജാ മഹേന്ദ്രപ്രതാപിനെയും അറസ്റ്റുചെയ്തു.

സ്വദേശത്തേയ്ക്കു പോകുവാനുള്ള ആശമൂലം അദ്ദേഹം സർ സ്റ്റാഫോർഡ് ക്രിപ്സിനെഴുതി. താൻ ഇൻഡ്യയുടെ സ്വാതന്ത്ര്യസമ്പാദനാർത്ഥമാണിതുവരെ പരിശ്രമിച്ചതെന്നും, അതുതന്നെയാണ് ഇൻഡ്യൻ നാഷണൽകോൺഗ്രസ്സ് ചെയ്യുന്നതെന്നും, ആ എഴുത്തിൽ വ്യക്തമാക്കിയിരുന്നു. ഇപ്പോഴത്തെ ബ്രിട്ടീഷ് മന്ത്രിസഭയ്ക്കു ഇൻഡ്യയുടെ സ്വാതന്ത്ര്യകാര്യത്തിൽ താല്പര്യമുണ്ടെന്നു അവർ പ്രത്യക്ഷമാക്കിക്കൊണ്ടിരിക്കുന്നതിനാൽ, രാജാ മഹേന്ദ്രപ്രതാപിന്റെ ആഗമനം തടയുവാൻ അവർ ധൈര്യപ്പെട്ടില്ല. അങ്ങനെ അനുവാദം ലഭിക്കുകയാൽ അദ്ദേഹം ൧൯൪൬ ഒക്ടോബർമാസത്തിൽ കപ്പൽവഴി മദ്രാസ്സിൽ എത്തിച്ചേർന്നു. മദ്രാസിൽനിന്നും അദ്ദേഹം ഗാന്ധിജിയേയും, കോൺഗ്രസ്സ് നേതാക്കന്മാരേയും കമ്പിമാർഗ്ഗം വിവരം അറിയിച്ചു. വടക്കെ ഇൻഡ്യയിലേയ്ക്കു പോയി. ആ സുവർണ്ണസുദിനം ഭാരതീയർക്കെല്ലാം വിശേഷദിവസംതന്നെയായിരുന്നു. ഭാരതമാതാവ്, മുപ്പതുവർഷം തന്നെ വേർപെട്ടിരുന്ന ഓമനപ്പുത്രനെ സന്തോഷാശ്രുക്കളോടെ ഗാഢാശ്ലേഷംചെയ്തു.

ആ അവസരത്തിൽ ഭാരതത്തിൽ വിവിധസ്ഥലങ്ങളിലും അദ്ദേഹം സ്വീകരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, റഷ്യാക്കാരുടെ ധനസഹായത്തെപ്പററി അദ്ദേഹം പറയുകയുണ്ടായി. ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിക്കു റഷ്യയിൽനിന്നും പണം ലഭിക്കുന്നുണ്ടെന്ന സംഗതിയും അദ്ദേഹം പ്രത്യക്ഷമാക്കി. മാത്രമല്ല ഇന്ത്യയിൽ കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതിനു അദ്ദേഹത്തിനോടപേക്ഷിച്ചതായും ആവശ്യമുള്ളിടത്തോളം പണം കൊടുക്കാമെന്നു സമ്മതിച്ചതായും അദ്ദേഹം പറഞ്ഞു. പക്ഷെ, ഇൻഡ്യ ഒരു കമ്മ്യൂണിസ്റ്റു രാജ്യമാകുന്നതു് പ്രതാപ് ഇഷ്ടപ്പെട്ടില്ല.

പല രാജ്യങ്ങളിലും ചുററിസഞ്ചരിച്ചും പലവിധ ശ്രമങ്ങൾചെയ്തും മുപ്പതുവർഷം വെളിയിൽ കഴിച്ചുകൂട്ടിയാണ് രാജാ മഹേന്ദ്രപ്രതാപ് ഇപ്പോൾ ഇൻഡ്യയിൽ എത്തിയിരിക്കുന്നതു്. അദ്ദേഹത്തിനു യാത്രാക്ലേശം ഒട്ടുതന്നെ ശമിച്ചിട്ടില്ല. എന്നാൽ അദ്ദേഹം വിശ്രമം ആവശ്യപ്പെടുന്നില്ല. മർദ്ദിതജനതതിയെ ഉദ്ധരിക്കുവാനാണദ്ദേഹത്തിന്റെ പരിതപ്തചിത്തം കുതിക്കുന്നതു്. അതിനുവേണ്ടി അദ്ദേഹം പിന്നെയും ശ്രമം തുടങ്ങിയിരിക്കുന്നു. ഭാരതത്തിന്റെ ഒരറ്റംമുതൽ മറെറഅറ്റംവരെ പ്രവർത്തനം തുടങ്ങുവാൻ ഒരു നല്ല സംഘടന സൃഷ്ടിക്കുവാനാണ് അദ്ദേഹം ഇപ്പോൾ ശ്രമിക്കുന്നതു്. "ആര്യസേവാസംഘം" എന്നായിരിക്കുമത്രെ ആ സംഘടനയുടെ പേർ. അറുപതുവയസ്സ് പ്രായമുണ്ടെങ്കിലും ഒരു യുവാവിന്റെ പ്രസരിപ്പോടുകൂടിയാണ് ഇന്നും അദ്ദേഹം കാണപ്പെടുന്നതു്. അവശസമുദായത്തിന്റെ രക്ഷകനായ പ്രതാപ് എന്തെല്ലാമാണ് ഇനി ചെയ്യുന്നതെന്ന് നമുക്കു നോക്കാം. അദ്ദേഹത്തിന്റെ ശ്രമത്തിൽ നമുക്കും സഹായിക്കാം.

—:—




Ad. No. S. 10,

സിൽക്കും
കാട്ടണും
ചരക്കുകൾ
പുതിയ സ്റ്റാക്ക്
വളരെ ആദായവില
പുതിയ കമ്പനി
നാഗലിംഗം സ്റ്റോഴ്സ്,
2. സൌത്ത കാവൽകൂടതെരുവു്,
മധുര.

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിന്റെ
ആഡർ ൨൧-ാം റൂൾ.
വകുപ്പ്.
വൈക്കം മുൻസിഫ് കോർട്ടിൽ
൧൧൨൦-മാണ്ട് സി ൻ൪-നമ്പർ
ആധൃവ്യവഹാരം

വാദി:—വെച്ചൂർപകുതിയിൽ ഏടയം ൭ം കരയിൽ വടക്കേമഠത്തിൽ നാരായണയ്യൻ സുദർശനയ്യൻ.

പ്രതി:—അമ്പനംപകുതി പരിപ്പുകരയിൽ തുമ്പയിൽ മഠത്തിൽ ചിദംബരയ്യൻ ശേഷയ്യൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-മാണ്ടു ആനിമാസം ൨൧-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ടു ഇടവമാസം ൨൭-ാംനു
—൧൦൪—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

ആലപ്പുഴ അഡീഷണൽ മുൻസിഫ്
കോർട്ടിൽ
൧൧൨൦-മാണ്ട് സി ൯൩൭

വാദി—ആലപ്പുഴ പുത്തനങ്ങാടിയിൽ വി. ശ്രീനിവാസഷെണൈ ആൻഡ് സൺസ് എന്ന വിലാസത്തിൽ കച്ചവടം ചെയ്തുവരുന്ന ശ്രീനിവാസഷെണൈ.

പ്രതി—ആലപ്പുഴ പ്രവൃത്തിയിൽ ടി മുറിയിൽ മട്ടാഞ്ചേരിൽ എം. എസ്. ശ്രീധരൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-മാണ്ടു സിവിൽപലവക ൧൪൨൦൦-നമ്പർ ഹർജിസംഗതി ൧൧൨൨-മാണ്ടു ആനിമാസം ൨൧-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ടു ആനിമാസം ൩-ാംനു
—൦—

## പരസ്യനോട്ടീസ്

സിവിൽ നടപടി നിയമത്തിന്റെ
ആഡർ ൨൧-ാം റൂൾ.
വകുപ്പ്.
കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
മ: മു: കേ
൧൧൧൭-മാണ്ടു സിവിൽ ൩൯൮.
൧൧൨൧-ൽ വിധിനടത്തു ഹർജി നമ്പർ ൧.

കൂട്ടത്തൽവാദി.—തിരുവിതാംകൂർ ഒക്കിഡിയൽബാങ്കു ക്ലിപ്തം. ടി ബാങ്കിനുവേണ്ടി ലിക്വിഡേറ്റർ പുലിയൂർ പകുതിയിൽ ചേരിശേരിമുറിയിൽ മലക്കീഴ് വാദ്ധ്യാരുമവാദ്ധ്യർ മാധവവാദ്ധ്യർ

൧-ാം പ്രതി കാർത്തികപ്പള്ളി താലൂക്കിൽ കണ്ടല്ലൂർ പകുതിയിൽ ടി വടക്കുംമുറിയിൽ കടയ്ക്കൽ വീട്ടിൽ പാർവതിപ്പിള്ള കമലാക്ഷിപ്പിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-മാണ്ടു ആനിമാസം ൨൦-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ ആ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം,
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ടു ആനിമാസം ൬-ാംനു.

## നോട്ടീസ്

B I
കൊല്ലംജില്ലാക്കോർട്ടിൽ
൧൧൨൧ അപ്പീൽ ൨൪൭

വാദി—സക്കർ. പി. ഡി. വെട്ടിക്കാട്ടു ദേവസ്വം.

പ്രതി—൧ കരുനാഗപ്പള്ളിതാലൂക്കിൽ കൃഷ്ണപുരംപകുതിയിൽ കൊററംപള്ളിമുറിയിൽ പേരൂർവീട്ടിൽ വേലായുധൻപിള്ള രാഘവൻപിള്ള

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർസംഗതിക്കു ടി പ്രതിക്കു ഈ കോർട്ടിൽനിന്നും പലതവണ നോട്ടീസ അയച്ചതിലും കൈപ്പററാതെ മടക്കിവരയച്ചുവരുന്നതും ടി നമ്പർ ൧൧൨൨ ആനിമാസം ൨൩-ാംനു വിചാരണ നിശ്ചയിച്ചിരിക്കുന്നതുമാകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു ടി പ്രതിയോ പ്രതിക്കുവേണ്ടി മുറപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള അഡ്വക്കേറേറാ ഏജന്റോ ഈ കോടതിയിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി നമ്പർ പ്രതിയെ കൂടാതെ തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
കൊല്ലം. ൧൧൨൨ ആനി ൩-ാംനു
—൦—

## സിവിൽപലവകഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

വൈക്കംമുൻസിഫ്കോർട്ടിൽ
൧൧൦-ൽ സിവിൽ ൫൩൭

വാദി—വടയാർപകുതി വടക്കുംഭാഗംമുറിയിൽ പുതുശ്ശേരിയായ വാഴപ്പുറമ്പുവീട്ടിൽ കേശവപിള്ള രാമൻപിള്ള

പ്രതി—വടയാർപകുതി കിഴക്കേക്കരമുറിയിൽ ഉപ്പാണിയിൽ താമസിക്കും പാലാത്തിയി തയ്യിൽ തൊമ്മൻ വക്കി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-മാണ്ടു സിവിൽപലവക ൧൪൨൩൭-ാംനമ്പർ ഹർജിസംഗതി ൧൧൨൨-മാണ്ടു ആനിമാസം ൨൧-ാം തീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ടു മേടമാസം ൨൮-ാംനു
—൦—

## പ്രതിസമൻ

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൨-ൽ സിവിൽ ൨൮൬

വാദികൾ:—വടക്കേമുറിപകുതി പടിഞ്ഞാറെമുറിയിൽ വട്ടത്തറയിൽ താമസിക്കും കളത്തെഴത്തുതറയായ ഉമ്മാപറമ്പിൽ കാളി ഗൌരി മുതൽപേർ.

പ്രതികൾ:—൩. പടിഞ്ഞാറെക്കരപകുതി ഇരുമ്പുഴിക്കാരകരയിൽ പണ്ടാരത്തറയിൽ പാക്കം കണ്ടൻ ശങ്കരൻ. ൪. ടിയിൽ ശങ്കരൻ വേലായുധൻ.. ൫. ടിയിൽ കുഞ്ഞുമപെണ്ണു കറമ്പി. ൬. ടിയിൽ കറമ്പി മാരി. ൭. ടിയിൽ കറമ്പി കറമ്പ. ൨. ടിയിൽ കറമ്പി മാണി. ൯. ടിയിൽ കറമ്പ പാറ. ൧൦. ടിയിൽ കറമ്പി മങ്ക.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പ്രിൽ വാദികൾ നിങ്ങളുടെ മേൽ ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു ഉത്തരം ബോധിപ്പിക്കുന്നതിനായി കേസ്സ് ൧൧൨൨ മിഥുനമാസം ൨൧-ാം തീയതിക്കു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരാകാതെ ഇരുന്നാൽ പ്രതികളെ എക്സ്പാർട്ടിയാക്കി കേസ്സ് തീരുമാനിക്കുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൫-൧൨-൧൧൨൨

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്

—൦—
സിവിൽ നടപടിനിയമത്തിന്റെ
ആഡർ ൨൧,
റൂൾ ൩൩, ൩൪, ൩൫, ൩൬
ആലപ്പുഴ പ്രിൻസിപ്പൽ
മുൻസിഫ്കോർട്ടിൽ
൧൦൩-മാണ്ട് ൧൭൪-ാംനമ്പർ
ആധൃവ്യവഹാരം
൧൧൨൨-മാണ്ടു വിധിനടത്തുന്ന
അപേക്ഷനമ്പർ ൩൬൭

൨-ാംവാദി—അമ്പലപ്പുഴ പകുതി കിഴക്കേമുറിയിൽ ചെറുതറവീട്ടിൽ ഗോപാലപ്പണിക്കരും ശിവശങ്കരക്കുറുപ്പും മുതൽ പേർ.

പ്രതികൾ—൧. അമ്പലപ്പുഴപകുതിയിൽ പടിഞ്ഞാറെമുറിയിൽ മുട്ടശേരിവീട്ടിൽ വേലായുധക്കുറുപ്പും പരമേശ്വരക്കുറുപ്പും. ൩. ടിയിൽ കൊച്ചുഅമ്മ മാധവിഅമ്മ. ൫. ടി പകുതി കിഴക്കേമുറിയിൽ കാനയിൽവീട്ടിൽ കുട്ടിഅമ്മ ചിന്നമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ സന്നതിൽകൊണ്ടവസ്തു ഒഴിപ്പിച്ചുകൊടുപ്പിക്കണമെന്നു വാദി അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-മാണ്ടു മിഥുനമാസം ൨൦-ാംനു സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമീന ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ടു ഇടവമാസം ൧൮-ാംനു
—൦—

## പ്രതിസമൻ

പരസ്യം
കാഞ്ഞിരപ്പള്ളി മുൻസിഫ്കോർട്ടിൽ
൧൧൨൨-ൽ സിവിൽ ൨൮൬

വാദി—പിറക്കടവുപകുതിയിൽ വടക്കുംഭാഗം മുറിയിൽ മഞ്ഞാടിയിൽ വറുഗീസുമത്തായി

പ്രതികൾ—൧. ചെറുവള്ളിപകുതിയിൽ ടി മുറിയിൽ പെരുന്നോലിക്കൽകേശവൻനായർ കൃഷ്ണൻനായർ ൨. കാഞ്ഞിരപ്പള്ളിപകുതിയിൽ ചേനപ്പാടിമുറിയിൽ പടിഞ്ഞാറെമുറിയിൽ താമസിക്കും പുളിച്ചിക്കൽ കൊച്ചുകുഞ്ഞുപിള്ള രാമൻപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പ്ര അന്യായസംഗതിയെപ്പററി പ്രതികൾ സമാധാനം ബോധിപ്പിക്കുന്നതിനായി ൧൧൨൨ മിഥുനമാസം ൨൦-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അതിനെപ്പററി സമാധാനം ബോധിപ്പിക്കുന്നതിനു അന്നേദിവസം പകൽ ൧൧ മണിക്കു തങ്കളോ തങ്കളാൽ അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ടി കോടതിയിൽ ഹാജരായി തക്കംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം തങ്കളെ കൂടാതെ അന്യായസംഗതി തീർച്ചചെയ്യുന്നതുമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-മാണ്ടു ആനിമാസം ൪-ാംനു
—൦—

## സിവിൽപലവകഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

—൦—
കൃഷ്ണപുരംമുൻസിഫ്കോർട്ടിൽ
൧൧൧൦-മാണ്ടു സി. ൩൮൭

രണ്ടാംപ്രതി—പെരിനാട്ടുപകുതിയിൽ പായിക്കുഴിമുറിയിൽ പെരുനിലത്തുവീട്ടിൽ സുബ്രഹ്മണ്യപിള്ള ശിവരാമൻപിള്ള

വാദികൾ—൧ ടി പെരുനിലത്തുവീട്ടിൽനിന്നും കൽക്കുളംതാലൂക്കിൽ കുററിക്കാട്ടുദേശത്തു മേടയിൽവീട്ടിൽ നീലമ്മപിള്ളഭഗവതിപ്പിള്ള, ൨ ടിയിൽ ഭഗവതി അമ്മശിവകാമിഅമ്മ, ൩ ടിയിൽ നാരായണപിള്ളകൃഷ്ണപിള്ള

ടി വാദികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർകേസ്സ് എക്സ്പാർട്ടിയാക്കി വീണ്ടും ഫയലിൽ എടുക്കാൻ ഉത്തരവുണ്ടാകണമെന്നും മററും രണ്ടാംപ്രതി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽ പലവക ൻ൭൦-ാംനമ്പർ ഹർജി

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

കാഞ്ഞിരപ്പള്ളി മുൻസിഫ്കോർട്ടിൽ
൧൧൧൭-മാണ്ട് സി ൪൦-ാംനമ്പർ

വാദി—അമ്പലപ്പുഴപകുതിയിൽ ടി മുറിയിൽ നാഗമംഗലത്തു ഇല്ലത്തു നീലകണ്ഠൻ നാരായണൻ ഇളയതു്

പ്രതികൾ—൩. തിരുവല്ലാതാലൂക്കിൽ ഇരവിപേരൂർപകുതിയിൽ കുററൂരമുറിയിൽ കരത്തനല്ലൂർകണ്ടത്തിലായ കോയിപ്പുറത്തുകണ്ടത്തിൽനിന്നും കോട്ടയംവിജയപുരംപകുതിയിൽ മുട്ടമ്പലംകരയിൽ മനോരമമന്ദിരത്തിൽ താമസം മാത്തുള്ളമാപ്പിള്ള ൫. കോട്ടയംപകുതിയിൽ ടി കരയിൽ കാനംപുറത്തായ ഉപ്പൂട്ടിൽ കൊച്ചിട്ടികുര്യൻ

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പ്രഡിക്രി വിധിനടത്താനനുവദിച്ചു ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-മാണ്ടു സിവിൽ ഇ. പി. ൨൭-ാംനമ്പ്ര ഹർജി സംഗതി ൧൧൨൨-മാണ്ടു ആനിമാസം ൨൧-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്ത (ഒപ്പ്)
൧൧൨൨-മാണ്ടു ഇടവമാസം ൨൭-ാംനു
—൦—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്

മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൨൧-മാണ്ടു-സി-൫൩൭

പ്രതികൾ—൧ കൃഷ്ണപുരംപകുതിയിൽ കാപ്പിൽകിഴക്കുംമുറിയിൽ ചാത്തവന കട്ടിലാലികത്തു് ൨. ടി മുറിയിൽ കടവുംകൽപുത്തൻപുരയിൽ മുഹമ്മതു് അവ്വാഉമ്മാ ൩. ഭരണിക്കാവുപകുതിയിൽ കട്ടച്ചിറമുറിയിൽ ഇല്ലിക്കുളത്തുവീട്ടിൽ കണക്കഗോവിന്ദപ്പിള്ള ശങ്കരപ്പിള്ള

വാദികൾ—൧.വള്ളികുന്നം പകുതിയിൽ ഇലിപ്പുക്കുളങ്ങരമുറിയിൽ വാഴക്കോമത്തു് അബ്ദുൽകാദരുമുഹമ്മദുകുഞ്ഞു് ൨. ടിയിൽ മുഹമ്മദുകുഞ്ഞു് അബ്ദുൽകാദരുകുഞ്ഞു്

൧-ം,൨-ം വാദികളെ തെര്യപ്പെടുത്തുന്നതു്

ടിനമ്പരിൽ പട്ടികവസ്തുക്കൾ പ്രതികൾ വിട്ടിരിക്കുന്നതിനെ വാദികൾ ഏററുവാങ്ങിക്കൊള്ളേണ്ടതാണെന്നു് ഉത്തരവുണ്ടാകണമെന്നുംമററും ൧ മുതൽ ൩-വരെ പ്രതികൾ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു Exn. Petn. ൬൨൧-നമ്പർ ഹർജ സംഗതി ൧൧൨൨-ാമാണ്ടു ആനിമാസം ൨൧-ാംനു-വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൧-മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയവക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്ത ഒപ്പ്)
൧൧൨൨-ാമാണ്ടു ഇടവമാസം ൨൩
—൦—

---

സംഗതി ൧൧൨൨-മാണ്ടു ആനിമാസം ൨൧-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ടു ഇടവമാസം ൧൮-ാംനു
—൦—

മലയാളരാജ്യം

## ലേലാൻവാദത്തിനുള്ള അപേക്ഷയെപ്പററി നോട്ടീസ്

—o—

സിവിൽ നടപടി നിയമത്തിന്റെ ൨൯൧-ാം വകുപ്പ്.
കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ ൧൧൪-ാമാണ്ട് സിവിൽ ൨൩൨-ാം നമ്പർ
൧൨൨-ൽ C. M. P. നമ്പർ ൧൩൭൨.

൨-ാം വാദി—കൃഷ്ണപുരം പകുതിയിൽ കൊററമ്പള്ളി മുറിയിൽ പേരൂരുവീട്ടിൽ വേലായുധൻപിള്ള ഗോപാലപിള്ള

൪-ാം പ്രതി— കൃഷ്ണപുരം പകുതിയിൽ ടി മുറിയിൽ കോലടത്തു ജോൺ ജോൺ

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്രിൽ വിധിത്തുകക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽ വകവച്ചു കൂടുതൽ സംഖ്യക്കു വിളിക്കുവാൻ അനുവാദം കൊടുക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൨൨ ആനിമാസം ൨൩-ാനു പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഉത്തരവും പ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨-ാമാണ്ട് ആനിമാസം ൬-ാനു.

—o—

## പരസ്യം

ആറ്റിങ്ങൽ മുൻസിഫ് കോർട്ടിൽ
൧൨൨ സിവിൽ ൩൯൭.

വാദി:—വക്കല പകുതിയിൽ ചെറുകുന്നം ദേശത്തു് കൈതക്കോണം എന്ന സ്ഥലത്തു് വലിയവിളാകം കുടിയുള്ള വെട്ടൂർ പകുതിയിൽ വെട്ടൂർ ദേശത്തു് പുലാവി വീട്ടിൽ പെരുമാൾ വേലായുധൻ.

൧-ാം പ്രതി:—വെട്ടൂർ പകുതിയിൽ പെരുമാൾദേശത്തു് കിഴക്കേഭാഗത്തു വീട്ടിൽ നിന്നും സാംബശേരി എന്ന സ്ഥലത്തു് എസ്സ്. ഒ. എൽ. കമ്പനിയിൽ ജോലിനോക്കുന്ന നാരായണപിള്ള ബാലൻപിള്ള.

ടി ൧-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൨ ആനിമാസം ൨൩-ാനു പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റോ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
൪—൧൧—൧൧൨൨.

—o—

## പ്രതിസമൻസ്

കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ് കോർട്ടിൽ.
൧൧൯ സി ൪൪൩.

വാദി—കൊല്ലം ശക്തികുളങ്ങരച്ചേരിയിൽ മൂക്കേഴത്തു വടക്കേതറയിൽ രാമനാശാൻ ജനാർദ്ദനൻ.

പ്രതികൾ—൧൩. കൊല്ലം മീനത്തുചേരിയിൽ ഓലിക്കരബംഗ്ലാവിൽ ലിയോൺ ജോക്കബായൻസ്. ൧൪. ടിയിൽ ലയോൺ റാഫി. ൧൫. ടിയിൽ ലയോൺ ഡൊമിനിക്. ൧൬. ടിയിൽ ലയോൺ ബോബി. ൧൭. ടിയിൽ ലയോൺ ചാർലി. ൧൮. ടിയിൽ ജി. ജൊല്ലി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതികൾക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങി വന്നിരിക്കുന്നതിനാൽ അടുത്തവിചാരണദിവസമായ ൧൨൨ ആനി ൨൩-ാനു പകൽ ൧൧ മണിക്കു കക്ഷികൾ നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റോ വക്കീലോ മുഖാന്തരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതികളെ കൂടാതെ അന്യായം തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨ ആനി ൪-ാനു

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

വൈക്കം മുൻസിഫ് കോർട്ടിൽ
൧൧൨൨-ാമാണ്ട് പാപ്പർ-൪

വാദി—നടുവിലെപ്പകുതിയിൽ കിഴക്കുംചേരിയിൽ വടക്കേമുറിയിൽ കമ്പിവേലിക്കകത്തു താമസിക്കും വന്നപ്പാടത്തു തറയിലായ വെച്ചൂർചിറയിൽ കൊച്ചുപെണ്ണു പാറു

പ്രതികൾ—൧ ടി മുറിയിൽമണിയങ്കാട്ടുവീട്ടിൽ പാപ്പിരാമൻ ൨. ടി മുറിയിൽ പന്നപ്പാടത്തുതറയിൽനിന്നും വേലഞ്ചിറയിൽ താമസിക്കും കറമ്പകൊച്ചുപെണ്ണു ൩. ടിയിൽ കുഞ്ഞുണ്ണിപത്മനാഭൻ ൪. ടിയിൽ കുഞ്ഞുണ്ണികൃഷ്ണൻ ൫. ടിയിൽ കുഞ്ഞുണ്ണികുമാരൻ ൬. ടിയിൽ കൊച്ചുപെണ്ണുനാരായണി ൭. ടിയിൽ കൊച്ചുപെണ്ണുഗൌരി

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

അന്യായം പാപ്പരായി സ്വീകരിക്കാൻ അനുവദിക്കണമെന്നു വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് പാപ്പർ സിവിൽപലവക ൪-ാംനമ്പർഹർജിസംഗതി ൧൧൨൨-ാമാണ്ട് മിഥുനമാസം ൨൪-ാനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨-മണിക്കു കക്ഷികളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട് മിഥുനമാസം ൪

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
൧൧൦൧-ാമാണ്ട് സിവിൽ ഇൻവ്വ

ഹർജിക്കാരൻ:—പെരിനാട്ടുപകുതിയിൽ പ്രാവർ തെക്കും മുറിയിൽ കല്ലുമേൽ കിഴക്കേ മഠത്തിൽ ഹരിഹരയ്യർ രാമയ്യൻ.

പ്രതികൾ:—൩. പുതുപ്പള്ളി പകുതിയിൽ പുതുപ്പള്ളി തെക്കുംമുറിയിൽ അമ്പലപ്പാട്ടു താമസം നാരായണപിള്ള രാമകൃഷ്ണപിള്ള ൪. ടിയിൽ താമസം നാരായണപിള്ള ശിവരാമപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ഹർജിക്കാരനെ കൂടുതൽ വാദിയായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൦൧-ാമാണ്ട് ഇ. പി. ൯൫-ാം നമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് ആനിമാസം ൨൫-ാനു വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨-ാമാണ്ട് ആനിമാസം ൭-ാനു

—o—

## പരസ്യം

—o—

പ്രതിസമൻ

കാഞ്ഞിരപ്പള്ളി മു: കോർട്ടിൽ
൧൨൨ സി: നമ്പർ ൧൨൭

വാദികൾ—൧ അർക്കലക്കുന്നംപകുതിയിൽ പനമററംകരയിൽ അഞ്ഞിക്കോരി കച്ചേരിക്കൽപുരയിടത്തിൽ താമസം അനന്തക്കാട്ട് ഇട്ടിയയ്യ് ദേവസ്യാ മുതൽ പേർ ൨.

പ്രതികൾ—൧ കാഞ്ഞിരപ്പള്ളിവടക്കുപകുതിയിൽ ഇടക്കുന്നംമുറിയിൽ നരിപ്പാറ കമ്പളന്താനത്തുനിന്നും പെരുവന്താനം പകുതി ടി മുറിയിൽ കല്ലുകീരിച്ചേരിക്കലിൽതാമസം മത്തായി തൊമ്മൻ. ൩ പു

## പരസ്യനോട്ടീസ്

—o—

സിവിൽനടപടിനിയമത്തിന്റെ
ആർഡർ ൨൧ റൂൾ ൬൪
വകുപ്പ്
ആലപ്പുഴ പ്രിൻസിപ്പാൾ
മുൻസിഫ് കോർട്ടിൽ
൧൧൫-ാമാണ്ട ൧൨൫൧-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൧-ൽ വിധിനടത്തു
ഹർജിനമ്പർ ൧൭

കൂടുതൽവാദി—ദി സെൻട്രൽബാങ്കിംഗ് കാർപ്പറേഷൻ ഓഫ് ട്രാവൻകൂർ ലിമിറ്റഡ്, ആലപ്പുഴ

പ്രതികൾ—൧ കൊച്ചിൻസ്റ്റേററിൽ തൃശൂർ സെൻതോമസ്സ് ഹൈസ്കൂൾടീച്ചർ കേ. എൻ. നീലകണ്ഠൻനായർ, ൨. ടി സ്റ്റേററിൽ ചേന്നമംഗലത്തു പാലിയം ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ വി. ഗോവിന്ദമേനവൻ. ടിയാന്മാർ ഇപ്പോൾ പുളിങ്കുന്നു കണ്ണാടിമുറിയിൽ പഴയമഠത്തിൽ താമസമാകുന്നു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ച വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ട മിഥുനമാസം ൨൩-ാംനു-ലേക്കു അവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ട ഇടവമാസം ൩൧-ാംനു

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
൧൧൯-ാമാണ്ട് സിവിൽ-൫൧

തീറുകാരൻ—കണ്ടല്ലൂർ പകുതിയിൽ ടി വടക്കുംമുറിയിൽ പുളിക്കൽകിഴക്കതിൽ കണക്കു രാമൻപിള്ള ശങ്കരപ്പിള്ള

൨-ാംപ്രതി—കൃഷ്ണപുരം പകുതിയിൽ ടി മുറിയിൽ പുത്തൻവീട്ടിൽനിന്നും ആലപ്പുഴ കൊട്ടാരപ്പാലത്തിനു സമീപം തെക്കേവശം ചന്ദനക്കാവുമുറിയിൽ മല്ലകുളത്തുവടക്കേവീട്ടിൽതാമസം വേലുപ്പിള്ള ചെല്ലപ്പൻപിള്ള

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

തീറുകാരനെ കൂട്ടത്തിൽവാദിയായി കക്ഷിചേർക്കാൻ ഉത്തരവുണ്ടാകണമെന്നും മററും തീറുകാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൨൨-ാമാണ്ട് ഇ. പി. ൨൦-ാംനമ്പർ ഹർജിസംഗതി ൧൨൨-ാമാണ്ട് ആനിമാസം ൨൪-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയവക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതു

---

ഞാർപകുതിയിൽ ടി മുറിയിൽപുത്തൻ ചന്തയിൽകച്ചവടം കോന്തി ഇട്ടണ്ടാൻ ൪ മീനച്ചിൽപകുതിയിൽകൊണ്ടൂർമുറിയിൽവാലുക്കൽകുഞ്ഞുകൊച്ചു കൃഷ്ണൻ. ൫ പത്തനംതിട്ടതാലൂക്കിൽ കോന്നികരയിൽ തുളസിമംഗലത്തുവീട്ടിൽ അയ്യപ്പൻ വാസുക്കുഞ്ഞു്.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പർ അന്യായസംഗതിയെപ്പററി പ്രതികൾക്കു സമാധാനംബോധിപ്പിക്കുന്നതിനായി ൧൨൨ മിഥുനം ൨൭-ാംനു വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അതിനെപ്പററി സമാധാനം ബോധിപ്പിക്കുന്നതിന് അന്നേദിവസം പകൽ ൧൧ മണിക്കു തങ്ങളോ തങ്ങൾ അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ടി കോടതിയിൽ ഹാജരായി തർക്കംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം താങ്കളെക്കൂടാതെ അന്യായസംഗതി തീർച്ചചെയ്യുന്നതുമാകുന്നെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨-ാമാണ്ട് ഇടവമാസം ൨൬-ാനു

—o—


## ഹിന്ദീ സ്വയം ശിക്ഷക്

വില രൂ. ൧. ണ. ൮.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.


## നോട്ടീസ്

—o—

B. II.

കൊല്ലം ജില്ലാകോർട്ടിൽ
൧൨൨ അപ്പീൽ—൧൪൭.

വാദി—കുമ്മിൾ പകുതിയിൽ കുമ്മിൾ മുറിയിൽ പനച്ചക്കാട്ടുവീട്ടിൽ കാളിപ്പിള്ള ഗോവിന്ദപ്പിള്ള

പ്രതികൾ—൪. ടി പനച്ചക്കാട്ടുവീട്ടിൽനിന്നും ടി മുറിയിൽ പനച്ചക്കാട്ടു കിഴക്കേകാട്ടു ബംഗ്ലാവിൽ ഗോവിന്ദപ്പിള്ള കൃഷ്ണപിള്ള

൧൦. ടി പനച്ചക്കാട്ടുവീട്ടിൽനിന്നും തഴപ്പൂണയിൽ പുതുവൽ പുത്തൻവീട്ടിൽ പാർവ്വതി ഉമ്മിണി, ൧൧. ടിയിൽ കൃഷ്ണപിള്ള ചെല്ലപ്പൻപിള്ള, ൧൨. ടിയിൽ കൃഷ്ണപിള്ള ശങ്കരപ്പിള്ള, ൧൩. ടിയിൽ കൃഷ്ണപിള്ള രാഘവൻ, ൧൪. ടിയിൽ മൈനർ കൃഷ്ണപിള്ള മനോഹരൻപിള്ള, ൧൫. ടിയിൽ മൈനർ ഉമ്മിണിഅമ്മ പൊന്നമ്മ, ൧൬. ടിയിൽ മൈനർ ഉമ്മിണിഅമ്മ ദേവയാനിഅമ്മ, ൧൭. ടിയിൽ മൈനർ കൃഷ്ണപിള്ള അപ്പുക്കുട്ടൻപിള്ള, മൈനർ ൧൪ മുതൽ ൧൭ വരെ പ്രതികളുടെ രക്ഷകൻ ൧൦-ാം പ്രതിയാകുന്നു.

൩൦. കുമ്മിൾ പകുതിയിൽ കുമ്മിൾ മുറിയിൽ തട്ടുമൂട്ടുവീട്ടിൽ കൃഷ്ണനാശാരി പത്മനാശാരി, ൩൧. ടിയിൽ കൃഷ്ണനാശാരി ബാലനാശാരി, ൩൨. തിരുവനന്തപുരം വഞ്ചിയൂർ പകുതിയിൽ വഞ്ചിയൂർ ദേശത്തു ലക്ഷ്മോട്ടുവീട്ടിൽ പത്മനാഭൻപോററി സുബ്രഹ്മണ്യൻപോററി, ൩൪. പുളിമാത്തുപകുതിയിൽ വാമനപുരം ദേശത്തു ചെടിക്കുളം എന്ന സ്ഥലത്തു മരുതുംമൂട്ടുവീട്ടിൽ ശങ്കരൻ വേലായുധൻ, ൩൫. ചടയമംഗലം പകുതിയിൽ വെള്ളൂപ്പാറ മുറിയിൽ മഴുവഞ്ചിവീട്ടിൽ കൊച്ചുപ്പിള്ളഅമ്മ കാർത്ത്യായനിഅമ്മ, ൩൮. ടിയിൽ കൊച്ചുപ്പിള്ളഅമ്മ ഗൌരിഅമ്മ, ൩൯. ടിയിൽ കൊച്ചുപ്പിള്ളഅമ്മ ഭാർഗ്ഗവിഅമ്മ, ൪൦. ടി പകുതിയിൽ ചടയമംഗലം മുറിയിൽ മരുതുകളിഴികത്തുവീട്ടിൽ കാർത്ത്യായനിഅമ്മ ഗോമതി അമ്മ, ൪൧. ടിയിൽ മൈനർ രാമൻപിള്ള ഗോപാലകൃഷ്ണപിള്ള, ൪൨. ടിയിൽ മൈനർ രാമൻപിള്ള ഗോവിന്ദൻകുട്ടിപ്പിള്ള, ൪൩. മടവൂർ അധികാരത്തിൽ പള്ളിക്കൽ പകുതിയിൽ തേയിത്തല പുത്തൻവീട്ടിൽനിന്നും ചടയമംഗലം പകുതിയിൽ ചടയമംഗലം മുറിയിൽ തെരുവിക്കോണത്തു പുത്തൻ വീട്ടിൽ താമസം ശങ്കരപ്പിള്ള കൊച്ചുകുഞ്ഞുപിള്ള.

മൈനർ ൪൧-ം ൪൨-ം പ്രതികളുടെ രക്ഷകൻ ൪൦-ാംപ്രതിയാകുന്നു

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർസംഗതിക്കു ടി പ്രതികൾക്കു ഈ കോടതിയിൽനിന്നും നോട്ടീസ്സയച്ചതിൽ കയ്യാററാതെ മടക്കി അയച്ചുവരുന്നതും ടി നമ്പർ ൧൨൨ ആനിമാസം ൨൩-ാം തീയതിക്കു വിചാരണ വച്ചിരിക്കുന്നതും ആകയാൽ അന്നേദിവസം പകൽ ൧൧ മണിക്കു ടി പ്രതികളോ അവർക്കുവേണ്ടി മുറപ്രകാരം ഏല്പെടുത്തുന്ന അഡ്വക്കേററന്മാരോ കോർട്ടുവക്കീലന്മാരോ ഈ കോടതിയിൽ ഹാജരായി ഉത്തരം ബോധിപ്പിക്കാത്തപക്ഷം ടി നമ്പർ പ്രതികളെക്കൂടാതെ തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
കൊല്ലം ൧൨൨ കുംഭം ൩-ാനു.

—o—

---

മുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨-ാമാണ്ട് ആനിമാസം ൭-ാംനു

—o—

മലയാളരാജ്യം

ഗ്രന്ഥവിഹാരം

# വില്ലാളി

ഗ്രന്ഥകർത്താ
പി. ഭാസ്കരൻ
മംഗളോദയം ലിമിറ്റഡ് തൃശ്ശൂർ
വില ൱ ൟ.

വില്ലാളിയിൽ തുടങ്ങി വയനാട്ടിൽ അവസാനിക്കുന്ന പത്തു കവിതകൾ, ഈ ഗ്രന്ഥത്തിൽ അടക്കംചെയ്തിരിക്കുന്നു. കവിതന്നെ ഒരു വില്ലാളിയായി സ്വയം ഭാവിക്കുന്നവിധമാണ് ആദ്യത്തെ കവിതയിൽ. കാണാമെൻ കൈകളിൽ പാവനാദർശത്തിൻ്റെ ഞാണേററി ബന്ധിച്ച ഭാവനയെ, എന്നു് അട്ടിമറിക്കുകയോ അന്യരെ വിളിച്ചു കൂട്ടുകയോ ചെയ്യുന്നകവി, ഭാവനയെ സംബന്ധിച്ചു ഉൾക്കൊണ്ടിരിക്കുന്ന പാഠം എത്ര വിചിത്രതരമാണെന്നു് അതിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നു. അങ്ങനെ കയ്യിൽ ഭാവനാത്തഴമ്പു കാട്ടുന്നകവി, ഓരോ വെള്ളിനൂലിഴകൾ കോർത്തു നാടകം വലയുമായ് കാലമാം കരിങ്കടലിലെ കതിരോൻ മീനിനെ പിടിക്കുന്നകാഴ്ച കണ്ടിട്ടു മർദ്ദിതലക്ഷങ്ങളെപ്പററി അദ്ദേഹം ചിന്തിച്ചുപോകുന്നു. അവരുടെ മോചനം കാത്തുനിലകൊള്ളുകയുംചെയ്യുന്നു. കവിയുടെ തൂലികയെ സംബന്ധിച്ചു ഒരു പ്രസ്താവന നൽകിക്കൊണ്ടു് അദ്ദേഹം മണിയറയിലേക്കു പ്രവേശിക്കുന്നു. അതൊരു പുത്തൻപ്രേമസാമ്രാജ്യമാണെന്നു, 'ചുംബനനാണ്യങ്ങളാലെ ചുണ്ടുകൾ കൈമാററം ചെയ്യുന്നിതങ്ങെന്നു,' അതൊരു വല്ലാത്ത കൈമാററമായിപ്പോയിയെന്നു തോന്നിപ്പോകുന്നവെങ്കിൽ അവർ ക്ഷമിക്കേണ്ട തരമുള്ളു. വിജയത്തിൻ്റെ മറുപുറം, ആദർശസുരഭിലമായ ചിന്താഗതിയെ സംവരണം ചെയ്യുന്നതാണ്. പ്രേമഗായകനാകുന്നില്ലാമനേ, എന്നുവീണ്ടും ശപഥം ചെയ്യുമാറുപേക്ഷിച്ചു പോകുന്നകവി, കാണുമുണ്ടു ഞാനെൻ മുറിവുകൾ വെള്ള പൂശുമാപ്പുഴുമുഖം എന്നു പാടിത്തുടങ്ങുമ്പോൾ വായനക്കാരൻ ചെവി വട്ടം പിടിച്ചുപോകും. ക്ഷമിക്കുക എന്നാണു കവിയുടെ പ്രാർത്ഥന.

വില്ലാളി വയനാട്ടിൽ എത്തുമ്പോഴേക്കും ആശയപ്പൊരുടെ ഒരു ഭാവപ്പകർച്ച പ്രത്യക്ഷമായിത്തുടങ്ങുന്നു. വയനാട്ടിൻ്റെ പ്രകൃതി രമണീയകതയെ ഭാവാത്മകചിത്രങ്ങളാക്കി നിരത്തിത്തുടങ്ങുന്നു.

മാമലകളകലെയായ് മേലേ
മാലയും ചാർത്തിനില്പതുകാണായ്
തൂമയോമം മലയാളത്തിൻ്റെ
സീമകാക്കും ഭടരെന്നപോലെ
തേക്കിൻകൂട്ടങ്ങളാകുന്നനീണ്ട
തോക്കും പേറ യാരക്ഷികരാനില്ലേ

വയനാട്ടിൻ്റെ കവിചിത്രമാണിതു്. ഒരവസ്ഥാകാലത്തു്

'കാക്കശ്യമേറിന കന്താകലാന്നുള്ള
മുക്കാപടതൻ നളികംപോലെ'

ഏറനാട്ടിലെ സ്ഥിതി മഹാകവി സന്ദർഭാനുസൃതമായി സങ്കല്പിച്ചിട്ടുണ്ടെങ്കിൽ, വയനാട്ടിലെ തേക്കുകളെ തോക്കാക്കി ശ്രീ. ഭാസ്കരൻ ഉയർത്തിപ്പിടിച്ചു കൂട്ടുന്നില്ലല്ലോ. മലയാളത്തിലെ മഹിമയേറിയ ഒരു പ്രസിദ്ധീകരണശാലയായി പ്രസിദ്ധി നേടിയിരിക്കുന്ന മംഗളോദയത്തിൻ്റെ വില്ലാളി ആവശ്യമാണെങ്കിൽ അതു് അനാവശ്യമായിപ്പോയിയെന്നു നാം എങ്ങനെയാണു പറയുക. (സി. എം. പി)

—o—

# സ്നാപകയോഹന്നാൻ

ഗ്രന്ഥകർത്താ
പണ്ഡിറ്റ്, കെ. വി. ശാസ്ത്രികൾ
വെട്ടിയാർ
വില ൧ണ ൟ

ഗ്രന്ഥകർത്താവിനു വിവാഹാവസരത്തിൽ ലഭിച്ച സുവിശേഷസംഭാവനയും ആശംസയുമാണ് ഈ കാവ്യനിർമ്മാണത്തിനു പ്രേരണ നൽകിയതെന്ന സ്വന്തം പ്രസ്താവനയും, ശ്രീ. ഇ. എം. കോവൂരിൻ്റെ അവതാരികയും സ്നാപകയോഹന്നാൻ്റെ പുറപ്പാടെന്നുകത്തിനെ ചമയപ്പെടുത്തിയിരിക്കുന്നു. മി. കോവൂർ കവിതാവ്യവഹാരത്തിൽ കക്ഷിപിടിച്ചു പല വാദമുഖങ്ങളും ഉന്നയിച്ചുകാണുന്നെങ്കിലും പ്രകൃതവുമായി യോജിപ്പു കാണാതെ അതെല്ലാം തള്ളപ്പെടേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ഹേറോദാവിൻ്റെ ഡർബ്ബാർമണ്ഡപത്തെ വാഴ്ത്തിക്കൊണ്ടു ശാസ്ത്രികളുടെ കവിത പദക്രമം ആരംഭിക്കുന്നു. അവിടംപെട്ടിപ്പൊട്ടിക്കുന്നതിനായി കവി തൻ്റെ വർണ്ണനാപേടകത്തിൽനിന്നും എടുത്ത കിലുക്കാംപെട്ടികളെ ഘണഘണായമാനമാക്കാൻ ശ്രമിക്കുന്നു. പക്ഷേ, കുറേതങ്കവും സ്ഫടികവും, വെള്ളിവിളക്കുകളും, വാർതിങ്കളും തൂമയും വാരിച്ചൊരിയുന്നതുകൊണ്ടു അഴകാകുമെന്ന ഒരു പരിഷ്കാരഭ്രമം കവിയിലും കടന്നുകൂടിപ്പോയി. രജതകാഹളവും മണിമഞ്ചലിലെ രത്നപീഠവും ഈ വിഭ്രമത്തിൻ്റെ സൃഷ്ടികളായ അനാഥശിശുക്കളായി കരഞ്ഞുകേഴുകയുംചെയ്യുന്നു.

തദനന്തരം ഡർബ്ബാറിൽ രംഗിയാട്ടത്തിനു വരുന്ന സൌന്ദര്യധാമത്തെപ്പററിയുള്ള വർണ്ണനകൊണ്ടു രണ്ടാംഭാഗം ആരംഭിക്കുന്നു. ആ സുന്ദരിയുടെ വദനാരവിന്ദം.

സൌഭാഗ്യസൌരഭ്യത്തിനഗ്രേ വിളങ്ങുന്ന
ശോഭനവിദ്രുമസ്തൂപികയോ

എന്നു ഉല്ലേഖനം ചെയ്യുന്ന കവിയോടു എതിർക്കാനില്ലാത്ത ഒരു അനുകമ്പയാണു തോന്നിപ്പോകുക. നർത്തകിയെ സംബന്ധിച്ച വർണ്ണനയുടെ പോക്കിതാണെങ്കിൽ അവളുടെ നർത്തനവേലയും കവിതയിൽതന്നെ കഴിച്ചേക്കാം.

അംഗവിക്ഷേപനവരസവ്യഞ്ജക
മംഗളനൃത്തശ്രീ വാനോർഗംഗ
സംഗീതപ്പാലാഴി സംഗതാലോലവും
ഭംഗിയായ്,—കവി അനുഭവപ്പെടുത്തിക്കൊടുക്കുന്നു.

ബൈബിൾകഥകളിൽ ഹൃദയദ്രവീകരണവും ശോകാത്മകവും ആയ ഈ അല്പോപസ്ഥലവൃത്താന്തം അതിൽ ശൃംഗാരം ആനുഷംഗികമായി നിന്നു രസോല്ലീപനം സാധിക്കമാത്രമേ ചെയ്യുകയുള്ളൂ. സ്നാപകയോഹന്നാൻ്റെ ധീരവീരമായ അവസാനം ഹൃദയത്തിൽ ഉരുകിച്ചേരുംവിധം തന്മയപ്പെടുത്തുന്നതിലാണ് കവിയുടെ വിജയം.

ശാസ്ത്രികൾ യുവസഹജമായ ഭാവനയിൽ കാവ്യകലാമണ്ഡലത്തിലേക്കു ഉൽപതിക്കാനാരംഭിക്കുന്നതേയുള്ളൂ. ആ ശ്രമത്തിൽ ചില വഴുതലുകൾ ദൃശ്യമാകയും ചെയ്യുന്നു. അതുകണ്ടു അപഹസിച്ചു അദ്ദേഹത്തെ പിൻതിരിപ്പിക്കുകയല്ല അഭ്യുദയകാംക്ഷിയോടുകൂടി ഹസ്തദാനം ചെയ്യേണ്ട കടമയാണ് സഹൃദയലോകത്തിനുള്ളതു്. (സി. എം. പി.)

# ജയപ്രകാശ്

ഗ്രന്ഥകർത്താ
തെരുവത്തു് രാമൻ
പ്രസാധകന്മാർ
കേരളാപ്രസ്സ് കോഴിക്കോട്ട്
വില ൧൨ ണ.

ഗ്രന്ഥകർത്താവിന് സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളോടുള്ള പ്രത്യേക പ്രതിപത്തി പ്രകടമാക്കുന്നതിനു ആ രാഷ്ട്രീയദർശനത്തിൻ്റെ ഉപജ്ഞാതാക്കളിലൊരാളായ ജയപ്രകാശൻ്റെ നാമം ഗ്രന്ഥത്തിനു കൊടുത്തുവെന്നതിൽ കവിഞ്ഞു കഥാപുരുഷനെപ്പററി ക്രമാനുഗതമായ പഠനം ഇതു സാധിച്ചുകാണുന്നില്ല. ആനുഷംഗികമായി ജയപ്രകാശൻ്റെ ജന്മദേശാദി വിവരങ്ങൾ ഗ്രന്ഥകർത്താവ് നമുക്കു നൽകുന്നുണ്ടെങ്കിലും ഒരു ജീവചരിത്രത്തിൻ്റെ വിവരണസ്വഭാവം ഇതിൽ പ്രത്യക്ഷമാകുന്നതേയില്ല. ഗ്രന്ഥകർത്താവിൻ്റെ ഭാഷയിൽ പറയുകയാണെങ്കിൽ കാരപീനവും ശീതളമായി കഴിഞ്ഞുകൂടിയിരുന്ന ഇന്ത്യൻ രാഷ്ട്രീയജീവിതത്തെ, ജയപ്രകാശിൻ്റെ നേതൃത്വം സജീവമാക്കുന്നതിനുമുൻപുള്ള ഇന്ത്യൻ രാഷ്ട്രീയജീവിതത്തിൻ്റെ ഈ ചിത്രീകരണത്തിൽ ഗ്രന്ഥകർത്താവു് പച്ചിൽ ധാരയെ അതിശയിച്ചുപോകുന്നു.

ഗാന്ധിയൻ സിദ്ധാന്തങ്ങളുടെ അപ്രായോഗികതയേയും അപ്രാദേശികതയും അതേ അവസരത്തിൽ കാറൽമാർക്സിൻ്റെ ഭൌതികവാദത്തിൽ അക്കരപ്പച്ചയേയും ദർശിക്കുന്ന ഗ്രന്ഥകർത്താവു് വിപക്ഷനിലയോടെ സ്വപക്ഷസ്ഥാപനത്തിനു മുതിർന്നുകാണുന്നു. ലഘുജീവിതവും ഉൽകൃഷ്ടവിചാരവും എന്ന ഭാരതീയാദർശം റഷ്യയുടെ യാന്ത്രികകൃതി നിർദ്ദേശത്തിൽ അപഹൃതചിത്തവൃത്തിയായ അദ്ദേഹത്തിനു സ്മരിക്കാനേ സാധിക്കുന്നില്ല. പത്രപ്രസ്താവനകളിലും ഗ്രന്ഥങ്ങളിലുംനിന്നു ഭാവനചെയ്തിരിക്കുന്ന സോവിയററ് റഷ്യയെ, ഏഴെട്ടുകൊല്ലക്കാലം നേരിൽ കണ്ടു പരിചയിക്കയും പഠിക്കയുംചെയ്തിട്ടുള്ള രാജാ മഹേന്ദ്രപ്രതാപ് തുടങ്ങിയ നേതാക്കൾ ഭാരതത്തിനു അതു് എത്രമാത്രം അനുഗ്രഹമായിത്തീരുമെന്നു അവലോകിച്ചിട്ടുള്ളതു് അവധാരണംചെയ്തിരുന്നെങ്കിൽതന്നെയും അതു് അസംഗതമാകയില്ലായിരുന്നു.

ഏതൊരു മഹാപുരുഷനെ നമുക്കു പരിചയപ്പെടുത്താൻ ഗ്രന്ഥകർത്താവുദ്യമിച്ചുവോ, ആ മഹാശയൻ്റെ വ്യക്തിവൈശിഷ്ട്യത്തിൽ നമ്മെ ആകൃഷ്ടരാക്കത്തക്കവിധം സംഭവഗതികളെ സംഭാവനചെയ്യുന്നില്ല. ഇന്ത്യയിലെ ദുർഗ്ഗമമായ കാരാഗാരങ്ങളിലൊന്നായ ഹസാരിബാഗിൽനിന്നു തടവുചാടി ആഗസ്റ്റ് വിപ്ലവത്തിനു ധീരനേതൃത്വം കൊടുത്ത ആ അണ്ടർഗ്രൌണ്ടുപ്രവർത്തനങ്ങൾ ഒരു പത്രറിപ്പോർട്ടരുടെ ഉശിരില്ലാതെഴുത്തായി മാത്രമേ നമുക്കു കേൾക്കാൻകഴിയുന്നുള്ളൂ.

ജയപ്രകാശൻ്റെ ജീവചരിത്രമായോ സോഷ്യലിസ്റ്റ് സിദ്ധാന്തത്തിൻ്റെ പ്രകടനപത്രികയായോ പരിഗണിക്കാവുന്ന ഒരു വിവരണസ്വഭാവമാണ് ഗ്രന്ഥകർത്താവു് ഇതിനു നൽകിക്കാണുന്നതു്. അതിനാടകീയമായ സന്ദർഭങ്ങളും സംഭവങ്ങളും അദ്ദേഹം സ്വീകരിച്ചിട്ടുണ്ടു്. ആ രണ്ടുദ്ദേശ്യങ്ങളും സമ്പൂർണ്ണമായിട്ടില്ല. ഒരു പരിചയപ്പെടുത്തലിനു അതിൽ കൂടുതൽ ആവശ്യമില്ലെന്നു ഗ്രന്ഥകർത്താവു് വിചാരിച്ചിരിക്കണം. ശ്രീ തെരുവത്തു് രാമൻ്റെ തൂലിക ദേശാഭിമാനത്തിൽ ചാലിച്ചിട്ടുള്ളതും വിലപ്പെട്ടതുമാണ്.

സി. എം. പി.

—o—

# സമ്പൂർണ്ണ സൂര്യഗ്രഹണം

(ബ്രഹ്മശ്രീ ചട്ടമ്പിസ്വാമികൾ)

സൂര്യചന്ദ്രഗ്രഹണങ്ങൾ എങ്ങനെയാണ് സംഭവിക്കുന്നതു്. നാം വസിക്കുന്ന ഭൂമി ഗോളാകാരമായി സൂര്യനെ ചുററി അന്തരത്തിലോടുന്ന ഗ്രഹങ്ങളിലൊന്നാകുന്നു. ചന്ദ്രൻ രാത്രികാലത്തിൽ സൂര്യപ്രകാശത്തെ പ്രതിഫലിച്ചു കാണിക്കുന്നതും ഭൂമിക്കു അതിസമീപമായുള്ളതുമായ ഒരു ഉപഗ്രഹമാകുന്നു. ഈ ചന്ദ്രൻ ൨൭ ദിവസത്തിലൊരുപ്രാവശ്യം ഭൂമിയെ ചുററിവരുന്നു. ഈ ൨൭ ദിവസംകൊണ്ട കാലത്തിന്നാണ് ചാന്ദ്രമാസമെന്നു നാമം. ഭൂമി സ്വാമധ്യരേഖയിൽ സ്വയമേവ ദിവസം ഒരുതവണ ചുററിവരികയാൽ സൂര്യകിരണം തട്ടുന്ന അർദ്ധഗോളത്തിനു പകലെന്നും കിരണം തട്ടാത്ത മറുപകുതി രാത്രിയെന്നുമിരിക്കുന്നു. ചന്ദ്രനു സ്വന്തമായിട്ടു പ്രകാശമില്ല. അതു നമുക്കുതരുന്ന പ്രകാശം സൂര്യങ്കൽനിന്നു സിദ്ധിച്ചതാകുന്നു. ചന്ദ്രൻ ഭൂമിയെ ചുററി മാസത്തിൽ ഒരുതവണ ഓടുന്നതിനാൽ അതു ഭൂമിക്കും സൂര്യനും നടുവിൽ വരുമ്പോൾ ചന്ദ്രൻ്റെ പ്രകാശം സിദ്ധിച്ച ഭാഗം മേലേവശമാകയാൽ നാം കാണുന്ന കീഴ്ഭാഗത്തിനു പ്രകാശമില്ലാതെ നമുക്കു അമാവാസ്യയായിരിക്കുന്നു. അപ്രകാരമല്ലാതെ ചന്ദ്രൻ സൂര്യൻ്റെ മറേറ ഭാഗത്തു വന്നു ഭൂമി സൂര്യനും നടുക്കു ഇരിക്കുമ്പോൾ ചന്ദ്രൻ്റെ പ്രകാശം സിദ്ധിച്ചഭാഗം നമുക്കെതിരേ കാണുന്നു. ആ ദിവസം പൌർണ്ണമാസി. ചന്ദ്രൻ ഭൂമിയുടെ പക്കങ്ങളിൽ വരുമ്പോൾ ചന്ദ്രപ്രകാശം സിദ്ധിച്ചഭാഗം അല്പം കണ്ടും അല്പം മറഞ്ഞും ഇരിക്കും. ഇതുകൊണ്ടത്രേ ചന്ദ്രൻ്റെ കലകൾ കുറഞ്ഞും വളർച്ചും വരുന്നതു്. ആദ്യം പറഞ്ഞപ്രകാരം ചന്ദ്രൻ ഭൂമിയുടേയും സൂര്യൻ്റേയും മദ്ധ്യത്തിൽ അമാവാസ്യാസമയത്തു് വരുമ്പോൾ മൂന്നും ഒരു വരിശയായി വരുന്നതിനിടയാകുമ്പോൾ സൂര്യൻ്റെ പ്രകാശത്തെ ഭൂമിയിൽ വരാൻ പാടില്ലാത്തവിധം ചന്ദ്രൻ മറയ്ക്കുന്നു. അപ്പോഴാണ് സൂര്യഗ്രഹണമുണ്ടാകുന്നതു്. അപ്രകാരമല്ലാതെ രണ്ടാമതു പറഞ്ഞപ്രകാരം ഭൂമി സൂര്യചന്ദ്രന്മാരുടെ മദ്ധ്യത്തിൽ പൌർണ്ണമാസ്യാസമയത്തിൽ വരുമ്പോൾ ഒരുവേള മൂന്നും ഒരു വരിശയായി വരാനിടയായാൽ അപ്പോൾ സൂര്യൻ്റെ പ്രകാശത്തെ ചന്ദ്രനിൽ തട്ടുവാൻപാടില്ലാത്തവിധം ഭൂമി മറയ്ക്കും. അപ്പോഴാണ് ചന്ദ്രഗ്രഹണമുണ്ടാകുന്നതു്, ചന്ദ്രനെക്കാളും ഭൂമി എത്രയോ വലിപ്പമുള്ളതാകകൊണ്ടു ചന്ദ്രഗ്രഹണം അടിക്കടിയുണ്ടാകുന്നു. ഇങ്ങനെ ഗ്രഹണങ്ങളെന്നുള്ളതു് വെറും നിഴലുകളത്രെ.

നാളതു് ബ്രഹ്മാബ്ദം [illegible] (ശാലിവാഹനം ൧൭൯൦ വിഭവാബ്ദം ക്രിസ്ത്വാബ്ദം ൧൮൬൮ ആഗസ്റ്റ് ൧൮-ാനു) ചിങ്ങമാസം ൪-ാനു ഒരു സമ്പൂർണ്ണസൂര്യഗ്രഹണമുണ്ടായി. ഇങ്ങനെയുള്ള സമ്പൂർണ്ണസൂര്യഗ്രഹണം ഭൂമിയുടെ പലഭാഗങ്ങളിൽ പലതവണ സംഭവിച്ചുവരുന്നു വരികിലും ഇതു ഒരേ സ്ഥലത്തുതന്നെ വരികയെന്നതു് ഇരുന്നൂറ് അല്ലെങ്കിൽ മുന്നൂറു സംവത്സരങ്ങൾക്കൊരിക്കൽതന്നെയുള്ളൂ. ഒരു പുരുഷായുസ്സിനിടയിൽ സമ്പൂർണ്ണസൂര്യഗ്രഹണത്തെ കാണുക വളരെ ദുർല്ലഭം. മുൻകഴിഞ്ഞ പൂർണ്ണസൂര്യഗ്രഹണത്തെ ദർശിക്കുന്നതിലേക്കു അന്നു ജീവിച്ചിരുന്നവർക്കു ഭാഗ്യമുണ്ടായി. ഈ ഗ്രഹണം ദേശം മുഴുവനും അറിഞ്ഞിട്ടുള്ളതാണെങ്കിലും ഒങ്കോൽ, ബല്ലാരി, ഗോവാ മുതലായ പട്ടണങ്ങൾക്കു് വടക്കും, രാജമഹേന്ദ്രം, ഹൈദ്രാബാദ്, ഷോലാപ്പൂർ, സത്താറ മുതലായ പട്ടണങ്ങൾക്കു തെക്കും ഉള്ള പ്രദേശങ്ങളിൽത്തന്നെയാണ് സമ്പൂർണ്ണമായിക്കണ്ടിട്ടുള്ളതു്. ജനാപട്ടണത്തിൽ മുക്കാലേമുണ്ടാവീശം ഗ്രഹണംതന്നെ മുഴുഗ്രഹണം കാണാൻപാടില്ല. സമ്പൂർണ്ണഗ്രഹണം നാമിരിക്കുന്നിടത്തു കാണുന്നില്ലെങ്കിൽ അതു ഉള്ളടത്തു നമുക്കുചെന്നു കാണാൻകഴിയും. സമ്പൂർണ്ണഗ്രഹണകാലത്തിലുണ്ടാകുന്ന വിനോദങ്ങളെ കാണുന്നതിനിച്ഛയുള്ളവർ മശലീപട്ടണം, കണ്ടൂർ, ബീജാപുരം, കോലാപുരം, വിജയദുർഗ്ഗം മുതലായ സ്ഥലങ്ങളിൽ പോയിരുന്നു. ജനപട്ടണം മുതലായ കിഴക്കു കടൽക്കരയിലുള്ള പട്ടണങ്ങളിലുള്ളവർക്കു് മശലീപട്ടണത്തിലേക്കു് നീരാവിക്കപ്പൽമാർഗ്ഗം പോകുന്നതിലേക്കു് വളരെ സുലഭമായിരുന്നു. എന്നാൽ ചിലർ വേറെ കാര്യവുംകൂടാതെ ഈ പൂർണ്ണഗ്രഹണക്കാഴ്ചയ്ക്കുമാത്രം ഇതുദൂരത്തിൽ പോകുന്നതെന്തിനു്. നാം അല്പാല്പം കുറഞ്ഞ മുഴുഗ്രഹണങ്ങളെ പലപ്പോഴും കണ്ടിട്ടുണ്ടല്ലോ. ഈ മുഴുവനിൽ കുറവുള്ളതു കൂടിച്ചേരുമ്പോൾ ഇന്നപോലെ ഇരിക്കുമെന്നു അറിയരുതോ. അതുമതിയെന്നു കരുതി ചിലർ പോകാതെയുമിരുന്നേക്കാം. എന്നാൽ ഈ കരുതലും ഇരിപ്പും തീരെ ശരിയല്ലെന്നുള്ളതു് അവർ അറിയേണ്ടതാണ്. എന്തെന്നാൽ ഒന്നാമതായി ലോകാരാധ്യനായ ജഗദീശൻ്റെ വിചിത്രകൃത്യങ്ങളിലൊന്നായ ഈ അത്ഭുതം അതിസമീപസ്ഥലങ്ങളിൽ സംഭവിക്കുന്ന സ്ഥിതിയിൽ നാം അവിടങ്ങളിൽ പോകേണ്ടതാവശ്യംതന്നെയാണ്. ഇങ്ങനെയുള്ള ദർശനം വളരെവളരെ ദൂരസ്ഥലങ്ങളിൽ അപ്പോഴപ്പോളുണ്ടായാൽപോലും കാണേണ്ടതായ ഉത്തമകാഴ്ചതന്നെ. ആണ്ടിൽ എത്രതവണ ഉണ്ടായാലും കാണേണ്ടിയിരിക്കുന്ന വെറും ഉത്സവങ്ങൾപോലെ കൂടിക്കെട്ടിച്ചമഞ്ഞുപോകുന്നില്ലയോ. ഇതു ഇരുന്നൂറും മുന്നൂറും സംവത്സരങ്ങൾക്കൊരിക്കൽ ഉണ്ടാകുന്ന ഈ വിശേഷ അതിശയം നമ്മുടെ ജീവിച്ചിരിപ്പിൽ കണ്ടുകൊള്ളാമെന്നു നിരൂപിക്കത്തക്കതുമല്ല. രണ്ടാമതു നാം മുക്കാലേമുണ്ടാവീശം അരവീശം ഗ്രഹണത്തെക്കണ്ടിട്ടുണ്ടായിരുന്നാലും മുഴുഗ്രഹണത്തിലിരിക്കുന്ന അതിശയങ്ങളെ ഒരുകട്ടാകവെങ്കിലും ഊഹിക്കാൻ കഴികയില്ല: എന്തെന്നാൽ സൂര്യൻ്റെ ഗ്രഹണം അരവീശം പാകം കണ്ടറിഞ്ഞാലും ഭൂമി അന്ധകാരമടഞ്ഞുപോകുന്നതുവരെ സമ്പൂർണ്ണഗ്രഹണത്തിലുണ്ടാകുന്ന ദർശനവിശേഷങ്ങൾ സംഭവിച്ചതായി കാണുകയും അറിയുകയുമില്ല. ആകയാൽ നാം സമ്പൂർണ്ണഗ്രഹണത്തേയും പാർശ്വഗ്രഹണ

(ശേഷം പത്താംപേജിൽ)

# വിഭജന സമിതി

—o—

## ലീഗും കാൺഗ്രസ്സും നാമിനേററു ചെയ്യുന്നു

ന്യൂഡെൽഹി, ജൂൺ ൨൨—വിഭജന സമിതിയുടെ രൂപീകരണം മന്ത്രിസഭയുടെ പ്രത്യേകകമ്മിററിയുടേതിൽനിന്നു അല്പംമാത്രമെ വ്യത്യസ്ഥമായിട്ടുള്ളു. കാൺഗ്രസ്സിനും ലീഗനും നാലുപേരെവീതം നാമിനേററു ചെയ്യാൻ അവകാശമുണ്ടായിരിക്കും. ഓരോ കക്ഷിയുടെയും രണ്ടുപേർ വീതമേ അതിന്റെ യോഗത്തിൽ സംബന്ധിക്കകയുള്ളു.

ലീഗ് മെ: ജിന്ന, ലിയാക്കത്താലിഖാൻ, സർദാർ അബ്ദുർറബ്നിഷ്ടർ എന്നിവരെ നാമിനേററു ചെയ്തിരിക്കുന്നു. കാൺഗ്രസ്സ് സർദാർ പട്ടേലിനേയും ഡാ. രാജേന്ദ്രപ്രസാദിനെയും വീണ്ടും നാമിനേററു ചെയ്തിരിക്കുന്നു. മൂന്നാമത്തെ ആളിന്റെപേർ ഇനിയും നാമിനേററു ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. (എ. പി.)

—o—

## ബൾഗേറിയയുടെ പ്രതിഷേധം

സോഫിയാ, ജൂൺ ൨൨—ബൾഗേറിയൻ-ഗ്രീക്ക് അതിർത്തിയിൽ ഉണ്ടായതായി പറയുന്ന മൂന്നു സംഭവങ്ങളിൽ ബൾഗേറിയാ സഖ്യകക്ഷി നിയന്ത്രണക്കമ്മിഷനോടു പ്രതിഷേധിച്ചിരിക്കുന്നതായി ബൾഗേറിയൻ ന്യൂസ് ഏജൻസി പ്രസ്താവിക്കുന്നു. ബൾഗേറിയൻ അതിർത്തിയിലെ കാവൽഭടന്മാരുടെ നേർക്ക് ഗ്രീക്ക് അതിർത്തിയിൽനിന്നു് രണ്ടുപ്രാവശ്യം വെടിവെപ്പു നടന്നതായും മൂന്നാമത്തെ പ്രാവശ്യം ഗ്രീക്കഭടന്മാർ ബാംബുകളും യന്ത്രത്തോക്കുകളുംകൊണ്ടു് ബൾഗേറിയൻ അതിർത്തക്കുള്ളിലുള്ള ഒരു വയൽപ്രദേശം കൊള്ളചെയ്തതായും പ്രസ്തുത ന്യൂസ് ഏജൻസി പ്രസ്താവിച്ചു. (റായിട്ടർ)

## അമുസ്ലീങ്ങളിൽ വിശ്വാസമുളവാക്കേണ്ടതു്

—o—

### പകിസ്ഥാനിലെ മുസ്ലിങ്ങളുടെ കർത്തവ്യമാണു്

ലാഹൂർ, ജൂൺ ൨൨—തങ്ങളുടെ അമുസ്ലീംസഹോദരന്മാരിൽ വിശ്വാസം വീണ്ടെടുക്കുകയും പകിസ്ഥാൻമുസ്ലീങ്ങൾ തങ്ങളുടെ ശത്രുക്കളാണെന്നുള്ള ഭീതി നീക്കുകയും ചെയ്യേണ്ടതു് പകിസ്ഥാൻമുസ്ലീങ്ങളുടെ കർത്തവ്യമാണു്. സമാധാനം നിലവിൽവന്നാൽമാത്രമെ ഇതു സാദ്ധ്യമായിരിക്കുകയുള്ളു. അവർ അതുകൊണ്ടു സമാധാനം സ്ഥാപിക്കണം. അവർ ഹിന്ദുക്കളെയും സിക്കുകാരെയും തങ്ങളുടെ സഹോദരന്മാരായി കരുതി അവരുടെ ജീവധനാദികൾ സംരക്ഷിച്ചു് പകിസ്ഥാൻസമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മഹത്തായ ദൃഷ്ടാന്തമാണെന്നു അവരെ ബോദ്ധ്യപ്പെടുത്തേണ്ടതാണു്. എന്നിപ്രകാരമാണു് ഇന്നലെരാത്രി ലാഹൂർ എ. ഐ. ആറിൽനിന്നു് ഉർദുവിൽ പ്രക്ഷേപണംചെയ്തുകൊണ്ടു് സർദാർഷൗക്കത്തു് ഹയത്തു്ഖാൻ പ്രസ്താവിച്ചു. (എ-പി)

## പഞ്ചാബിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ

ലാഹൂർ ജൂൺ ൨൨—പഞ്ചാബ്‌വിഭജനം സംബന്ധിച്ചു് ഏർപ്പെടുത്തിയിട്ടുള്ള സർവിസസ് കമ്മററിയുടെ ചോദ്യത്തിനു് പഞ്ചാബിൽ ഇന്ത്യാസെക്രട്ടറിയുടെ സേവനവകുപ്പുകളിൽപെട്ട ബ്രിട്ടീഷുകാർ മറുപടികൊടുത്തിരിക്കുന്നതു് വിഭജനംനിമിത്തം ആവിർഭവിക്കുന്ന ഹിന്ദുസ്ഥാനിലെ പകിസ്ഥാനിലേയോ ഏതിലെങ്കിലും സേവനം അനുഷ്ഠിക്കുവാൻ ഒരുക്കമല്ലെന്നാണു്. ഒരു ബ്രിട്ടീഷുദ്യോഗസ്ഥൻമാത്രം പൂർവപഞ്ചാബിൽസേവനമനുഷ്ഠിക്കാനാണു് കൂടുതൽ ഇഷ്ടപ്പെടുന്നതെന്നു് പറഞ്ഞിട്ടുണ്ടു്. (എ-പി)

# പകിസ്ഥാൻ കാൺസംബ്ളിയ്ക്കു് പഞ്ചാബ് പ്രതിനിധി

## ഇന്ത്യൻ യൂണിയൻ കാൺസംബ്ളിയിലേയ്ക്കു് പശ്ചിമപഞ്ചാബ് പ്രതിനിധികൾ

ന്യൂഡെൽഹി, ജൂൺ ൨൯—പശ്ചിമപഞ്ചാബിൽനിന്നും പകിസ്ഥാൻ കാൺസ്റ്റിറെവന്റു് അസംബ്ളിയിലേക്കു് താഴെ പറയുന്നവരെ അഖിലേന്ത്യാമുസ്ലീംലീഗിന്റെ കേന്ദ്രപാർലമെൻററിബോർഡ് തെരഞ്ഞെടുത്തിരിക്കുന്നു. മി: എം. എ. ജിന്ന, സർദാർ അബ്ദുർറബ്നിഷ്ടർ, ഖാൻ ഇഫ്തിക്കർ ഹുസ്സയിൻ ഖാൻ മംഡോട്ടു്, മിയാൻ മുംതസ് മഹമ്മദു് ഖാൻ ഡൗലറാണ, മാലിക് ഫിറോസ് ഖാൻനൂൺ, മി: ഗസൻഫർ ആലിഖാൻ, മിയാൻ ഇഫ്തിക്കർ ഉദ്ദീൻ, ഷെയ്ക്ക് കറമത്ത് ആലിസാഹിബ്ബ്, സർദാർ ഷൗക്കത്ത് ഹയത്ത്ഖാൻ, ബീഗം ഷാനവാസ്, ഡാ. ഉമർ ഹയത്ത്ഖാൻ മാലിക്, ചൌധുരിനാസിർ അഹമ്മദ് സാഹിബ്.

ഇപ്പോൾ നിലവിലിരിക്കുന്ന കാൺസ്റ്റിറെവന്റു് അസംബ്ളിയിലേക്കു് പൂർവ്വപഞ്ചാബിൽ നിന്നും താഴെപറയുന്നവരെ തിരഞ്ഞെടുത്തിരിക്കുന്നു. ചൗധുരി, മഹമ്മദ ഹസൻ സാഹിബ്, സൂഫി അബ്ദുൽ ഹമീദ് ഖാൻ സാഹിബ്, ഷെയിക്ക് മഹബൂബ് ഏലാഹി സാഹിബ്, മൗലാനാദാവൂദ് ഗസ്നവി സാഹിബ്:— (എ. പി)

—sos—

## സർ അർദേഷിർദലാൽ

ബാംഗ്ളൂർ ജൂൺ ൨൨—സ്ഥാനം രാജിവച്ച സർ എം. വിശ്വേശ്വരയ്യയ്ക്കു പകരം ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ടു് ഓഫ് സയൻസ് സമിതിയുടെ ചെയർമാനായി ൧൯൪൭-ൽ-ലേക്കു് സർ അർദേഷിർ ദലാലിനെ തെരഞ്ഞെടുത്തിരിക്കുന്നു. സമിതിയുടെ യോഗം ഇന്നു മൈസൂർ റസിഡൻറ് സർ വാൾടർ ക്യാംപ്‌ബെലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. (എ. പി)

## മദ്രാസ് വിദ്യാഭ്യാസമന്ത്രി

—o—

### തിരുവനന്തപുരം സന്ദർശിക്കും

തിരു. ജൂൺ ൨൯—മദ്രാസിലെ വിദ്യാഭ്യാസമന്ത്രി ബഹു. മി. ടി. എസ്. അവിനാശലിംഗംചെട്ടിയാർ ജൂലൈ ൭-ാംതീയതി തിരുവനന്തപുരം സന്ദർശിക്കുമെന്നറിയുന്നു. (എ. പി.)

—o—

## നിരോധനം നീട്ടി

മദ്രാസ്, ജൂൺ ൨൯—തൊഴിലാളിലഹളകൾമൂലം മദ്രാസ്നഗരത്തിൽ സമ്മേളനങ്ങൾക്കും ഘോഷയാത്രകൾക്കും പൊലീസ്കമീഷണർ ഏർപ്പെടുത്തിയിരുന്ന നിരോധനം നാളത്തോടുകൂടി അവസാനിക്കേണ്ടതായിരുന്നെങ്കിലും ഇപ്പോൾ ജൂലൈ ൧൪-ാംതീയതിവരെ നീട്ടിയിരിക്കുന്നു. (എ. പി.)

# സാമ്രാജ്യസ്മാരകങ്ങൾ

—o—

## നീക്കംചെയ്യണമെന്ന പ്രമേയം

ന്യൂഡെൽഹി, ജൂൺ ൨൯ ജൂലൈ ൫-ം ൨-ം തീയതികളിൽ ഷാദ്രായിൽവച്ചു നടത്തപ്പെടുന്ന ഡെൽഹി പ്രാദേശികരാഷ്ട്രീയകാൺഫറൻസിൽ അവതരിപ്പിക്കുവാൻപോകുന്ന ഒരു പ്രമേയത്തിൽ ഇൻഡ്യൻജനതയുടെ വികാരത്തെ വ്രണപ്പെടുത്തുന്ന എല്ലാം സാമ്രാജ്യസ്മാരകങ്ങളും പബ്ളിക്കസ്ഥലങ്ങളിൽനിന്നു മാററംചെയ്യപ്പെടണം എന്നു് ആവശ്യപ്പെടുന്ന ഒരു പ്രമേയവും ഉൾപ്പെടുന്നു. ജാർജ്ജ് അഞ്ചാമന്റെയും ഇൻഡ്യയിൽ ഇതിനുമുമ്പ് വൈസ്രായിമാരായിരുന്നിട്ടുള്ളവരുടെയും പ്രതിമകൾ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നതായി വിചാരിക്കപ്പെടുന്നു. ഈ സമ്മേളനത്തിൽ മി: ജയപ്രകാശ്നാരായണൻ അദ്ധ്യക്ഷതവഹിക്കുന്നതും പണ്ഡിതജവഹരിലാൽനെഹ്റു ഉൽഘാടനകർമ്മം നിർവഹിക്കുന്നതുമാണു്. ആചാര്യകൃപലാനി പതാകഉയർത്തുന്നതായിരിക്കും. വേറൊരു പ്രമേയത്തിൽ കഴിററ് ഇൻഡ്യാലഹളക്കാലത്തു നടന്ന നിർദ്ദയമായ ക്രൂരതകൾക്കു് ഉത്തരവാദികളായ എല്ലാ ആഫീസറന്മാരെയും വേണ്ടവണ്ണം ശിക്ഷിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. (എ. പി)

—o—

## പത്താനിസ്ഥാൻ തന്നെ സ്ഥാപിക്കും

—o—

### അബ്ദുൽഗാഫർഖാന്റെ പ്രസ്താവന

പെഷവാർ ജൂൺ ൨൨—എല്ലാ പത്താന്മാരുടെയും ഒരു സ്വാതന്ത്ര്യസംസ്ഥാനമായിരിക്കുന്ന പത്താനിസ്ഥാൻ സ്ഥാപിക്കുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. അവിടെ രാജാവുണ്ടായിരിക്കയില്ല. രാജ്യം പത്താൻനേഷൻ മുഴുവൻ സംയോജിച്ചു് ഭരിക്കുന്നതായിരിക്കും," എന്നിപ്രകാരമാണു് ഖാൻഅബ്ദുൽഗാഫർഖാൻ ചാർസദ്ദായ്ക്കു സമീപമുള്ള പരാംഗ് ഗ്രാമത്തിൽ ഇന്നലെരാത്രി നടന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ടു് പ്രസ്താവിച്ചതു്.

—o—

## കാഷ്മീറിനു ജിൽജിററ് വിട്ടുകൊടുത്തു

ന്യൂഡെൽഹി ജൂൺ ൨൨—റഷ്യയുമായി പൊതുഅതിർത്തിയുള്ള കാഷ്മീർസംസ്ഥാനത്തിന്റെ ഒരു ഭാഗമായ ജിൽജിററ് ഏജൻസി കാഷ്മീർസ്റ്റേററിനു തിരിച്ചുകൊടുക്കുമെന്നറിയുന്നു. പൊളിററിക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നു ഭരിച്ചുപോരുന്ന ജിൽജിററ് കാഷ്മീർസംസ്ഥാനത്തിൽനിന്നു പാട്ടത്തിനെടുത്തതാണു്. അധീശാധികാരം അവസാനിക്കുന്നതോടെ ആ പ്രദേശം കാഷ്മീറിന്റേതായി ഭവിക്കുന്നതും ആ പ്രദേശം സൈനികമാക്കുന്നകാര്യം പിന്നീടുള്ള ചർച്ചയ്ക്കുവിഷയമാകുന്നതുമാണു്. (എ-പി)

—o—

# ഇടക്കാല ഗവമ്മെൻറു്

—o—

## രാജിസമർപ്പിക്കും

—o—

### ഇന്ത്യയ്ക്കും പകിസ്ഥാനും രണ്ടു ഗവമ്മെൻറുകളുണ്ടാകും

ന്യൂഡെൽഹി, ജൂൺ ൨൯—ഇപ്പോഴുള്ള ഇടക്കാലഗവമ്മെൻറ് ഏഴോ പത്തോ ദിവസത്തിനകം രാജിവച്ചേക്കുവാനിടയുണ്ടെന്നും അനന്തരം മിക്കവാറും ഇപ്പോഴത്തെ അംഗങ്ങളെ ചേർത്തുതന്നെ പുനസ്സംഘടിപ്പിച്ചേക്കാനിടയുണ്ടെന്നും അറിയുന്നു. പുനസ്സംഘടിതമാകുന്ന ഗവമ്മെൻറിലെ മുസ്ലിംലീഗംഗങ്ങൾ വേർതിരിക്കപ്പെടുന്ന പ്രദേശത്തെ കേന്ദ്രഭരണത്തിനു് പരിപൂർണ്ണമായും ഉത്തരവാദിത്വം വഹിക്കുന്നതും ബാക്കി ഇൻഡ്യയുടെകാര്യത്തിൽ കാൺഗ്രസ്സ് അംഗങ്ങൾ ചുമതല വഹിക്കുന്നതുമാണു്. ഇതിനിടയ്ക്കു് ധനവും ബാദ്ധ്യതകളും വിഭജിയ്ക്കപ്പെട്ടുകഴിയുന്നതുവരെ ഇപ്പോഴത്തെ ഘടനയിൽ മാററമൊന്നും ഉണ്ടാകുന്നതിരിക്കാൻ പാടില്ലാത്തതുകൊണ്ടു് ഇപ്പോഴത്തെ രീതിയിൽ ഇടക്കാലഗവമ്മെൻറു തുടർന്നുപോകുന്നതിനുവേണ്ടി ചില സ്വാധീനശക്തിയുള്ള കേന്ദ്രങ്ങൾ ശ്രമിക്കുന്നുവെന്നു് ഇവിടെ പ്രചരിച്ചിട്ടുള്ളതും എന്നാൽ ഇതേവരെ സ്ഥിരീകരിക്കപ്പെട്ടിട്ടില്ലാത്തതുമായ റിപ്പോർട്ടുകളിൽനിന്നറിയുന്നു. വിഭജനകാര്യത്തിനുവേണ്ടി നിയുക്തമായിട്ടുള്ള വിവിധവിദഗ്ദ്ധക്കമ്മററികൾ ജൂലൈ മൂന്നാംവാരത്തിനകം അവരുടെ താൽക്കാലികറിപ്പോർട്ടുകൾ സമർപ്പിക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്നു. കൂടാതെ കേന്ദ്രഗവമ്മെൻറിലെ മാററങ്ങൾ ബംഗാൾഭരണത്തിനും ചില വ്യത്യാസങ്ങൾ വരുത്തിയേക്കാനിടയുണ്ടെന്നറിയുന്നു. പരിചിന്തിക്കപ്പെടേണ്ട വിഷയങ്ങളെപ്പററിയും അതിർത്തിക്കമ്മിഷനിലെ അംഗങ്ങളെപ്പററിയും ഇതിനകം വിഭജനത്തിനോടനുകൂലിച്ചു് തീരുമാനംചെയ്തിട്ടുള്ള പ്രദേശങ്ങളിലെ ഭരണസംബന്ധമായ അധികാരങ്ങളെപ്പററിയും അന്തിമമായ തീരുമാനംകൈക്കൊള്ളുന്നതിനു വിഭജനകൗൺസിൽ നാളെ സമ്മേളിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—o—

## മി: യൂജൻ ഡെന്നിസ്സിനെ ശിക്ഷിച്ചു

—o—

വാഷിംഗ്ടൺ, ജൂൺ ൨൯—കാൺഗ്രസ്സിനെ അവഹേളിച്ചുവെന്ന കുററത്തിനു് യു. എസ്. കമ്മ്യൂണിസ്റ്റ് കക്ഷിജനറൽ സെക്രട്ടറിയായ മി: യൂജൻഡെന്നിസ്സിനെ യു. എസ്. ഫെഡറൽകോടതി ഇന്നു ഒരു വർഷത്തെ തടവിനും ൧൦൦൦ ഡോളർ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചിരിക്കുന്നു. അമേരിക്കൻ വിരുദ്ധപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രതിനിധിസഭാകമ്മററിയുടെ മുമ്പാകെ കഴിഞ്ഞ ഏപ്രിലിൽ ഒരു സമൺസ് അനുസരിച്ചു് ഹാജരാകാതിരുന്നതിനാണു് ഡെന്നിസ്സിനെ ശിക്ഷിച്ചിരിക്കുന്നതു്:—റായിട്ടർ

—o—

# ഒടുവിൽ കിട്ടിയതു്

—o—

## ബലൂചിസ്റ്റാൻ പകിസ്ഥാനിൽ ചേരുന്നു

ക്വെററാ, ജൂൺ ൨൯—ബലൂചിസ്ഥാൻ പകിസ്ഥാനിൽ ചേരുവാൻ ഇന്നു തീരുമാനിച്ചിരിക്കുന്നു. പുതിയ കാൺസ്റ്റിറെവന്റു് അസംബ്ളിയിൽ ചേരുന്നതിന്നനുകൂലമായി ൫൪ അംഗങ്ങളും ഒരുമിച്ചു വോട്ടുചെയ്തു. മുസ്ലീം അംഗങ്ങളിലാരുംതന്നെ സന്നിഹിതരാകാതിരുന്നില്ല.

—o—

# ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
നർഗീസ്, മോട്ടിലാൽ, ചന്ദ്രമോഹൻ,
മുതലായവർ അഭിനയിച്ച
—തക്ദീർ—
എന്ന പുതിയ ഹിന്ദിചിത്രം

കൊല്ലം ബേബിടാക്കീസിൽ
വൈ. വി. റാവു, വി. എം. ചെല്ലപ്പാ
ശാന്താ ആപ്ടേ, എം. എസ്. ലബ്ധ
ലക്ഷ്മി മുതലായവർ അഭിനയിച്ച
സാവിത്രി

കൊല്ലം ലക്ഷ്മിടാക്കീസിൽ
ദിലീപ്കുമാർ, ബീഗംപാറാ
സിതാറാ അഭിനയിച്ച
—ചാന്ദ്—
എന്ന ഹിന്ദിചിത്രം

ചവറ കെ. സി. ടാക്കീസിൽ
എം. കെ. രാജാമണി, പി. എസ്. ശ്രീനി
വാസറാവു, ബേബി രുഗ്മിണി,
മിസ്സ് കമല മുതലായവരഭിനയിച്ച
ജയഭാരത.

കരുനാഗപ്പള്ളി
ശ്രീ വിദ്യാധിരാജ് ടാക്കീസിൽ
S. P. L. ധനലക്ഷ്മി, S. S. രാജാമണി
മുതലായവരും ബഹദൂർ എന്ന
കുതിരയും കൂടി അഭിനയിച്ച
"ദേശഭക്തി"
തമിഴ് സ്റ്റണ്ട് ചിത്രം.

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
പി. യു. ചിന്നപ്പാ, പി. കണ്ണാംബ,
കൃഷ്ണൻ, മധുരം നടിച്ച
"കണ്ണകി"
(പുതിയ കോപ്പി)

ചേർത്തല ശ്രീ ലക്ഷ്മീടാക്കീസിൽ
എം. എസ്. സുബ്ബലക്ഷ്മി,
നടേശയ്യർ മുതലായവരഭിനയിച്ച
സേവാസദനം
എന്ന തമിഴ് ചിത്രം

ഹരിപ്പാട്ട് ജയലക്ഷ്മിയിൽ
എം. ആർ. കൃഷ്ണമൂർത്തി, ററി. ആർ. രാജ
ലക്ഷ്മി, ററി. ആർ. മഹാലിംഗം,
മിസ്സ് രാധ മുതലായവർ അഭിനയിച്ച
നന്ദകുമാർ
എന്ന ചിത്രം


(പത്താംപേജിൽനിന്നും തുടർച്ച)

നതായും അതിൻ്റെ അണുഭാരം (Atomic weight) കുറച്ച് ഉള്ള അണുക്കളുടെ മേൽ ചാരത്ത പരീക്ഷണത്തിന് ഏററവും പററിയതെന്നും വ്യക്തമായി.

പിരീഷ്, പീയർലസ്സ് എന്ന ശാസ്ത്രജ്ഞന്മാർ അണുഭാരം കുറച്ച് ഉള്ള യൂറേനിയങ്ങളെക്കൊണ്ട് ശക്തിമത്തായ ആയുധങ്ങളെ നിർമ്മിക്കാവുന്നതാണെന്നു അഭിപ്രായപ്പെട്ടു.

അതിനുവേണ്ടി തീവ്രമായി പരീക്ഷണങ്ങൾ നടത്തിയ അമേരിക്കൻ ശാസ്ത്രജ്ഞന്മാർ യൂറേനിയങ്ങളെക്കാൾ ശക്തിമത്തും ദീപ്രവും മാരകവും ആയ 'പ്ലൂട്ടോനിയം' എന്ന വസ്തുവെ കണ്ടെത്തി. യൂറേനിയങ്ങളും 'പ്ലൂട്ടോനിയ'വും ധാരാളം കണ്ടുപിടിക്കുന്ന താമസം അതിൻ്റെ ഭയങ്കര ഫലമായി അററംബോംബ് ഉണ്ടായി. അണുബോംബിൻ്റെ മാരകശക്തി മൂലം രണ്ടാം ലോകമഹായുദ്ധവും അവസാനിക്കുകയും വിദ്യുച്ഛക്തിയുഗം അവസാനിച്ച് അണുയുഗം ആരംഭിക്കുകയും ചെയ്തു. അണുവിൻ്റെ കാലക്രൂരശക്തി, ഹിരോഷിമായിലും നാഗസാക്കിയിലും നിവസിച്ചിരുന്ന നിർഭാഗ്യരായ ജപ്പാൻകാരുടെ ദുരവസ്ഥയിൽനിന്നും ലോകം കണ്ടറിഞ്ഞു. അതിൻ്റെ അമൃതസമാനമായ ഗുണഫലങ്ങൾ അടുത്ത ഭാവിയിൽതന്നെ അനുഭവവേദ്യമായിത്തീരുമെന്ന് പ്രത്യാശിക്കാം.

—o—

# അവകാശങ്ങളും ചുമതലകളും

## ഗാന്ധിജിയുടെ പ്രാർത്ഥനായോഗപ്രസംഗം

ന്യൂഡെൽഹി ജൂൺ ൨൮—സമുദായത്തെ ബാധിച്ചിരിക്കുന്ന ഒരു വലിയരോഗത്തെപ്പററി പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നതായി ഇന്നത്തെ പ്രാർത്ഥനാനന്തരയോഗത്തിൽ മഹാത്മാഗാന്ധി പ്രസ്താവിച്ചു. അദ്ദേഹം ഇങ്ങനെ തുടർന്നു. മുതലാളിയും ജന്മിമാരും അവരുടെ അവകാശങ്ങളെപ്പററി പറയുന്നു. തൊഴിലാളി അവരുടെ അവകാശത്തെപ്പററി പറയുന്നു. രാജാക്കന്മാർ ഭരിക്കുവാനുള്ള തങ്ങളുടെ ദൈവികാവകാശത്തെപ്പററി പറയുന്നു. അതിനെ എതിർക്കുവാനുള്ള തൻ്റെ അവകാശത്തെപ്പററി കർഷകനും എല്ലാവരും ഇങ്ങനെ അവകാശങ്ങളെമാത്രം പററി പറയുകയും ചുമതലകൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഫലം അസമാധാനവും കുഴപ്പവും ആയിരിക്കും. എന്നാൽ അവകാശങ്ങളിൽ നിർബന്ധംപിടിക്കുന്നതിനുപകരം ഓരോരുത്തരും അവരവരുടെ കർത്തവ്യം നിറവേററിയിരുന്നെങ്കിൽ സമാധാനവും ജനസമുദായത്തിൽ സ്ഥാപിക്കപ്പെട്ടുകഴിയും. ഒരുതരം വ്യക്തികൾക്കു അവകാശങ്ങൾമാത്രവും മറെറാരുതരം വ്യക്തികൾക്കു ചുമതലകൾമാത്രവും ഉള്ള ഒരു നില സാദ്ധ്യമല്ല. സമുദായത്തിൻ്റെ ക്ഷേമത്തിന് ഹാനികരമെന്ന കാരണത്താൽ പാരമ്പര്യഗതമായ അസമത്വങ്ങൾ പോകണമെന്നതു ശരിയായിരിക്കവെതന്നെ ഇതുവരെ പതിതലക്ഷങ്ങളായിരുന്നവർ അവകാശങ്ങൾമാത്രം എടുത്തുപറയുന്നതും അതേ സമുദായക്ഷേമത്തിന് ഹാനികരമാണ്. ഉളിതവും സാർവ്വജനീനവുമായ നിയമം മുതലാളികൾക്കും തൊഴിലാളികൾക്കും ജന്മികൾക്കും ക—

## അക്രമം രാഷ്ട്രീയലക്ഷ്യം കൈവരുത്തുകയില്ല

—o—

### പഞ്ചാബ് ജനതയോട് സച്ചാറുടെ അഭ്യർത്ഥന

ലാഹൂർ, ജൂൺ ൨൮—നിയമരാഹിത്യം അവസാനിപ്പിച്ച് പ്രോവിൻസിൽ സമാധാനം പാലിക്കുവാൻ പഞ്ചാബ് ജനങ്ങളോടു ചെയ്തിരിക്കുന്ന അഭ്യർത്ഥനയിൽ പഞ്ചാബിൽ മന്ത്രിയായിരുന്ന ലാലാഭീമസേൻസച്ചാർ പ്രസ്താവിക്കുന്നതു് രാഷ്ട്രീയലക്ഷ്യം കൈവരുത്തുന്നതിന് ഒരു കക്ഷിയേയും അതുസഹായിക്കുകയില്ലെന്നാണ്. ഉർദുവിലുള്ള ഈ അഭ്യർത്ഥന ഇന്നലെ രാത്രിലാഹൂർ അഖിലേന്ത്യാറേഡിയോസ്റ്റേഷനിൽനിന്നും പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു. നിയമരാഹിത്യം അവസാനിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാരുടെ പരിശ്രമങ്ങളിൽ അവരോടു സഹകരിക്കുന്നതിനും സ്ഥലംവിട്ടുപോയിട്ടുള്ള പൌരന്മാർ തിരിച്ചുവന്നു സമാധാനജീവിതം ആരംഭിക്കുന്നതിനും ലാലാഭീമസേൻ സച്ചാർ അഭ്യർത്ഥിച്ചിരിക്കുന്നു. (എ-പി)

—o—

## വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം

പാരിസ് ജൂൺ ൨൮—ഫ്രഞ്ചു വിദേശകാര്യാലയത്തിൽവച്ചു് രണ്ടരമണിക്കൂർ നേരത്തെ ചർച്ചകൾക്കുശേഷം വലിയ മൂന്നു വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം തിങ്കളാഴ്ചത്തേക്കു മാററിവച്ചിരിക്കുന്നു 'മാർഷൽപദ്ധതി'യെപ്പററിയാണ് സമ്മേളനം ചർച്ചനടത്തുന്നതു്. സോവിയററ് വിദേശകാര്യമന്ത്രിയായ എം. മൊളട്ടോവിൻ്റെ നേതൃത്വത്തിലുള്ള സോവിയററ ഡെലിഗേഷൻ എത്തുണ്ട് ഗൗരവഭാവത്തിലാണ് സമ്മേളനം കഴിഞ്ഞുപോയതു.

മി. ബെവിൻ സമ്മേളനംകഴിഞ്ഞു പോയപ്പോൾ തോന്നമായിരുന്നതു ഇന്നത്തെ രണ്ടാമത്തെ സമ്മേളനത്തിൽ കാര്യങ്ങൾ അത്ര ശരിക്കു പുരോഗമിച്ചിട്ടില്ലെന്നാണ്. (റായിട്ടർ)

—o—

ടിഷ്യന്മാർക്കും രാജാക്കന്മാർക്കും അവരുടെ പ്രജകൾക്കും ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരുപോലെ ബാധകമാകുന്നെങ്കിൽ ജീവിതവ്യാപാരങ്ങൾക്കു കുഴപ്പവും ക്രമക്കേടുകളുംകൂടാതെ സകല ജീവിതമണ്ഡലങ്ങളിലും ഏററവും സൗഭാഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കപ്പെടാവുന്നതാണെന്നു കാണാം. ലോകത്തിൻ്റെ ഇതര ഭാഗങ്ങളിലെന്നപോലെ ഇൻഡ്യയിലും ആവിധകുഴപ്പങ്ങളും ക്രമക്കേടുകളും നാം കാണുന്നുണ്ടല്ലോ. (എ. പി)

—o—

## ഫ്രഞ്ച് മന്ത്രിസഭായോഗം

പാരീസ്, ജൂൺ ൨൭—വർദ്ധിച്ചുകൊണ്ടിരിക്കുന്ന പണിമുടക്കുകൾ ഒതുക്കുന്നതിനുള്ള വ്യവസ്ഥകളെസംബന്ധിച്ച് ഫ്രഞ്ച്മന്ത്രിസഭയുടെ ഇന്നത്തെ അസാധാരണയോഗത്തിൽ യോജിപ്പുണ്ടായില്ല. മന്ത്രിസഭയുടെ ഒരടിയന്തിരയോഗം ഇന്നു രാത്രിയിലും നടത്തപ്പെടുന്നതാണ്.

—o—

## ആംഗ്ലോ-ഇജിപ്ഷ്യൻ സംഭാഷണങ്ങൾ

ലണ്ടൻ ജൂൺ ൨൭—ആംഗ്ലോ-ഇജിപ്ഷ്യൻ പവൻമിച്ചസംഭാഷണങ്ങൾ അവസാനിച്ചതായി ഔദ്യോഗികറിപ്പോർട്ടുകളുണ്ടെങ്കിലും ഇജിപ്ഷ്യൻ പ്രതിപുരുഷനും ബ്രിട്ടീഷ് ട്രഷറിവിദഗ്ദ്ധനായ സർ വിൽഫ്രഡ് ഈഡിയും തമ്മിൽ ഇന്നുചർച്ചകൾ തുടർന്നു നടന്നു. ഇന്നുപുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന കമ്യൂണിക്കെ വാരാന്തത്തിലേക്കു മാററിവയ്ക്കപ്പെട്ടിരിക്കുന്നതായി ഇന്നു വൈകുന്നേരം ഉദ്യോഗസ്ഥവക്താക്കൾ പ്രസ്താവിച്ചു.

—o—

## ഐക്യരാഷ്ട്ര സാമ്പത്തികകമ്മിഷൻ

ഷാംഗൈ, ജൂൺ ൨൭—ഏഷ്യയ്ക്കും വിദൂരപൂർവദേശത്തിനുംഉള്ള ഐക്യരാഷ്ട്ര സാമ്പത്തികകമ്മിഷനിലെ ഇൻഡ്യൻഡെലിഗേററായ മി: ആർ. കെ. നെഹ്റു ഇവിടെവച്ചു പ്രസ്താവിച്ചതു് കമ്മിഷനിൽ ഏഷ്യാററിക്രാജ്യങ്ങൾക്കു കൂടുതൽ പ്രാതിനിധ്യം ലഭിക്കുന്നതിനു തുടർന്നു വാദിക്കുമെന്നാണ്. ബർമ്മാ, ഇൻഡോനേഷ്യ, മലയാ, വിയററ്നാം, സിലോൺ മുതലായ ഏഷ്യാററിക് രാജ്യങ്ങൾ കമ്മിഷൻ്റെ പരിധിയിൽപെട്ടവയാണ്. ഈ രാജ്യങ്ങളുടെ ദേശീയപ്രതിനിധികൾ കമ്മിഷനിൽ മെമ്പറന്മാരാകത്തക്കവിധം വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതാണ്. കമ്മിഷൻ്റെ ഷാംഗൈയിലെ യോഗത്തിൻ്റെ ഫലത്തിൽ മി: നെഹ്റു സംതൃപ്തി പ്രകടിപ്പിച്ചു.

—o—

## ചൈനാ--സോവിയററബന്ധം

ഷാംഗൈ ജൂൺ ൨൭—ചൈനീസ് പ്രധാനമന്ത്രിയും സാർവ്വദേശീയകോടതിയിൽ ഒരു ജഡ്ജിയും ആയിരുന്നിട്ടുള്ള ഡാ. വാംഗ് ചുംഗ് ഹായിഗ്രാഫ ബ്രിട്ടനോടും യുണൈറ്റഡ് സ്റ്റേററ്സിനോടും ഉള്ള ഒരു അഭ്യർത്ഥനയിൽ ചൈനയും റഷ്യയും തമ്മിലുള്ള എല്ലാതർക്കങ്ങൾക്കും ന്യായമായ പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി വിദൂരപൂർവദേശത്തു് ഇടപെടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. സോവിയററ യൂണിയനുമായുള്ള സന്ധി ചൈന അക്ഷരത്തിലും ആശയത്തിലും പാലിച്ചിട്ടുണ്ടെന്നും അതുതന്നെ സോവിയററയൂണിയനും ചെയ്യണമെന്നവകാശപ്പെടുവാൻ ചൈനയ്ക്കു അർഹതയുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

—o—

# നാട്ടുരാജ്യങ്ങളുടെ നില

—o—

## സർ സഫറുള്ളാഖാൻ്റെ ദൗത്യം

ലണ്ടൻ ജൂൺ ൨൮—ഭോപാൽസംസ്ഥാനത്തിൻ്റെ നിയമോപദേഷ്ടാവും ചില ഇന്ത്യൻ സംസ്ഥാനങ്ങളെ ഇവിടെ പ്രതിനിധീകരിക്കുന്നതുമായ സർ മഹമ്മദ് സഫറുള്ളാഖാൻ ഇന്നു റായിട്ടറോടു ഇപ്രകാരം പ്രസ്താവിക്കുയുണ്ടായി. "ഇന്ത്യൻ ഹസ്തങ്ങളിലേയ്ക്കു് അധികാരം കൈമാറുന്നപക്ഷം തങ്ങളുടെ ഭാവി, മേയ് ൧൨-ാംനു-യിലത്തെ മന്ത്രിസഭാമിഷൻ നിർദ്ദേശമനുസരിച്ച് നാട്ടുരാജ്യങ്ങൾക്കു ഇഷ്ടംപോലെ നിർണ്ണയിക്കാമെന്നിരിക്കെ ജൂൺ ൩-ാംനു-യിലത്തെ ബ്രി. മന്ത്രിസഭാപദ്ധതി സ്ഥിതിഗതികൾ പാടെ മാററുകയാണുചെയ്തതു്. നാട്ടുരാജ്യങ്ങൾ ഇപ്പോൾ ഹിന്ദുസ്ഥാൻ കാൺസ്റ്റിററ്യൂവൻറ് അസംബ്ലിയോ പകിസ്ഥാൻ കാൺസ്റ്റിററ്യൂവൻറ് അസംബ്ലിയോ ഏതെങ്കിലും സ്വീകരിക്കണമെന്നുപറയപ്പെടുന്നു. ഇതു് നിയമപരമായും വ്യവസ്ഥാപിതമായും തെററാണ്." സർ സഫറുള്ള ഇപ്രകാരം തുടർന്നു പ്രസ്താവിച്ചു:—"ഞാൻ ഇവിടെ പ്രതിനിധീകരിക്കുവാൻ വന്നിട്ടുള്ള നാട്ടുരാജ്യങ്ങളിൽ ഹിന്ദുസംസ്ഥാനവും മുസ്ലിംസംസ്ഥാനവും ഉൾപ്പെടുന്നു." ഒരിക്കൽ ബ്രി: അധീശാധികാരം അവസാനിക്കുന്നതോടെ ഓരോ നാട്ടുരാജ്യത്തിനും അതിൻ്റെ തന്നെ ഭാവി നിർണ്ണയിക്കുവാൻ സകല അവകാശവുമുണ്ടെന്നു് അദ്ദേഹം പ്രസ്താവിച്ചു. അദ്ദേഹം എല്ലാ രാഷ്ട്രീയകക്ഷികളുടെ നേതാക്കന്മാരെയും മന്ത്രിമാരെയും കാണുന്നതാണ്. (റായിട്ടർ)

—o—

## ഇന്ത്യയും സിലോണും തമ്മിലുള്ള ഭിന്നതകൾ

—o—

### സമാധാനപരമായി ഒതുക്കുമെന്ന മി: ആനെയുടെ പ്രത്യാശ

കൊളംബു ജൂൺ ൨൭—ഇന്ത്യയും സിലോണും തമ്മിലുള്ള എല്ലാ സുപ്രധാനമായ ഭിന്നതകളും പെട്ടെന്നുതന്നെ സമാധാനപരമായി ഒതുക്കുമെന്ന പ്രത്യാശ സിലോണിലെ ഇന്ത്യാഗവ: പ്രതിനിധിയായ മി: എം. എസ്. ആനെ പ്രകടമാക്കിയിരിക്കുന്നു. ജൂലൈ ൧-ാംനു- ഇവിടെ എത്തുമെന്നു പ്രതീക്ഷിക്കുന്ന മി. വി. വി. ഗിരിയെ ചാർജേല്പിച്ചുകൊണ്ടു് അദ്ദേഹം ഉദ്യോഗമൊഴിയുന്നതാണ്. ഇന്ത്യൻവാണിജ്യമണ്ഡലം നല്കിയ ഒരു റിസപ്ഷനിൽ സംസാരിച്ചുകൊണ്ടു് മി. ആനെ ഇന്ത്യക്കാരോടു് ഇനി വരാൻപോകുന്ന പൊതുതിരഞ്ഞെടുപ്പിൽ ഇന്ത്യാക്കാർ ഉദാസീനരായിരിക്കരുതെന്നാവശ്യപ്പെട്ടിരിക്കുന്നു. അതു തങ്ങളെ സംബന്ധിക്കുന്ന ഗൗരവമേറിയ ഒരു കാര്യമാണെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. തങ്ങളുടെ താല്പര്യങ്ങളെ ബാധിക്കുന്ന കാര്യങ്ങളിൽ തങ്ങൾ ചിന്തിക്കുന്ന രീതിയിൽ ഗവൺമെൻറിൻ്റെനേർക്കു സ്വാധീനം പ്രയോഗിക്കുവാൻ കഴിവുള്ളവരെ തങ്ങളുടെ ഇടയിൽനിന്നു ഇന്ത്യാക്കാർ പുതിയ പാർലമെൻറിലേയ്ക്കു് തിരഞ്ഞെടുത്തയയ്ക്കുവാൻ വേണ്ടി നിസ്സാരമായ സകല വഴക്കുകളും വിസ്മരിക്കണമെന്നു അദ്ദേഹം അഭ്യർത്ഥിക്കുന്നു. (എ-പി)

—o—

## തിരുവല്ല

മിഥുനം ൧൫—തിരുവല്ലാ ടൗൺഹാളിൽ ഇന്നു വൈകുന്നേരം നടന്ന പൊതുജനമഹായോഗത്തിൽ രാജഭക്തിപ്രമേയവും തന്മവിതാംകൂർ സ്വാതന്ത്ര്യപ്രഖ്യാപനത്തിനു പിൻതുണ നൽകിക്കൊണ്ടുള്ള ഒരു പ്രമേയവും പാസ്സാക്കിയിരിക്കുന്നതായി യോഗംപ്രസിഡൻറായിരുന്ന മി. എൻ. കൃഷ്ണൻതമ്പി അറിയിച്ചിരിക്കുന്നു.

—o—

(ഏഴാംപേജിൽനിന്നും തുടർച്ച)

ത്തേയും ഒരിക്കലും ഉപമിക്കാൻ പാടില്ല. എന്നാൽ ഈ ഗ്രഹണകാലത്തിലുണ്ടാകുന്ന അതിശയങ്ങൾ എന്തെല്ലാമാണെന്നാണെങ്കിൽ അവയെക്കുറിച്ചു അല്പം വിചാരിക്കാം.

സമ്പൂർണ്ണസൂര്യഗ്രഹണകാലത്തിൽ പകൽ രാത്രിയായിട്ടു മാറി നക്ഷത്രം മുതലായവ കാണപ്പെടും. ആകാശം, ഭൂമി, സമുദ്രം, പർവ്വതം, വൃക്ഷങ്ങൾ അതാതിന്റെ വർണ്ണങ്ങളെ വിട്ടു വേറെ വർണ്ണങ്ങളെ വഹിച്ചു മനുഷ്യനു പറയാൻപാടില്ലാത്ത ഒരുവിധ ഭയങ്കരത്വത്തെയുണ്ടാക്കും. ഒരുവന്റെ മുഖം മറ്റൊരുവനു പ്രേത(ശവ)ത്തിന്റെ മുഖത്തേപ്പോലെ നിർജ്ജീവമായി കാണപ്പെടും. സമ്പൂർണ്ണമാകുന്ന സമയം ഭൂമിമുഴുവനും അർദ്ധരാത്രിഎന്ന കണക്കെ നിശ്ശബ്ദമായിരിക്കും. ആട്, മാട്, കുതിര മുതലായവ അതതിന്റെ ഭാരത്തോടുകൂടി വഴിയിൽ കിടന്നുപോകും. എന്തുചെയ്താലും നടക്കുകയില്ല. ഉഗ്രവിലുകൾ ഇരുട്ടിനാൽ സംഭ്രമപ്പെട്ടു ഭിത്തികളിലെല്ലാം ചെന്നു അങ്ങുമിങ്ങും മുട്ടിപ്പിടച്ചുമരിച്ചു താഴത്തു വീഴും. കോട്ടാൻ, ആന്ത, വവ്വാൽ മുതലായ രാത്രിസമയത്തിൽ കാഴ്ചയുള്ള ജന്തുക്കൾ വെളിപ്പെട്ടു സഞ്ചരിക്കും. കോഴിക്കുഞ്ഞുങ്ങളെല്ലാം തള്ളയുടെ ചിറകിനകത്തു ഒളിച്ചുകൊള്ളും. നായ്ക്കൾ കടിച്ചുകൊണ്ടിരിക്കുന്ന അസ്ഥികൾ വായിൽനിന്നു താഴത്തേയ്ക്കു അറിയാതെ വീണുപോകുമാത്രമല്ല മറുപടി സൂര്യപ്രകാശം ഉണ്ടാകുന്നതുവരെ അവയെ (അസ്ഥികളെ) കവ്യക (കടിക്ക)യുമില്ല. വരിവരിയായി നിരന്നുപോകുന്ന എറുമ്പുകൾപോലും അവയുടെ വായിൽ വച്ചിരിക്കുന്ന ആഹാരസാധനത്തോടുകൂടിത്തന്നെ അല്പവും അനക്കമില്ലാതെ നിന്നുപോകുന്നു. സൂര്യദർശനമാത്രത്തിൽ വികസിക്കുന്ന പുഷ്പങ്ങളെല്ലാം വികസിക്കുന്നു. ഗ്രഹണം വിട്ടയുടനെ മേല്പടി പുഷ്പങ്ങൾ മറുപടിയും പൂർവ്വസ്ഥിതിയെ പ്രാപിക്കും. സന്ധ്യാകാലങ്ങളിൽ മന്ദംമന്ദം വികസിക്കുന്ന അല്ലെങ്കിൽ കൂമ്പുന്ന പുഷ്പങ്ങൾ ഇക്കാലത്തിൽ ശീഘ്രം മാറും. ആകയാൽ മനുഷ്യൻ എങ്ങനെയുള്ള ഉണർവുകെട്ട മന്ദനായിരുന്നാലും സമ്പൂർണ്ണഗ്രഹണകാലത്തിൽ അവനു കാരണം പറയാൻ കഴിയാത്തതായ വലിയ ഭയപ്പാടുണ്ടാകാതിരിക്കുന്നില്ല. നല്ലഒന്നാന്തരം ശാസ്ത്രജ്ഞനും ഒന്നും അറിഞ്ഞുകൂടാത്ത മുഴുമൂഢനും ഇങ്ങനെയുള്ള ഭയം തങ്ങൾക്കുണ്ടായിപ്പോകുന്നതായിട്ടു എല്ലാം പേരും സമ്മതിച്ചുകൊള്ളുന്നു.

ക്രി-൧൮൪൨-ാംവർഷത്തിൽ ഫ്രാൻസുദേശത്തിൽ പെർപിനാൻഎന്നപട്ടണത്തിൽ സംഭവിച്ച സമ്പൂർണ്ണസൂര്യഗ്രഹണത്തിന്റെ അവശേഷങ്ങളെക്കുറിച്ചു പഠിച്ചാൽ ഗ്രഹണത്തിന്റെ സ്വഭാവം അറിയും. ആകയാൽ അവയെ ചുരുക്കമായിട്ടു അല്പം പ്രസ്താവിക്കാം. ആ സന്ദർഭത്തിൽ സൂര്യനെ ദർശിക്കുന്നതിലേക്കു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അവനവന്റെ ഉപകരണസഹിതം കോട്ടമതിൽപുറത്തു തങ്ങിയിരുന്നു. അമ്മതിൽക്കുപുറത്തു കാലേകൂട്ടി വെളിമ്പ്രദേശത്തു അവിടത്തെ ജനങ്ങളുമായിട്ടു ഏകദേശം ൨൦൦൦൦ (ഇരുപതിനായിരം) പേർ ആകാശം നോക്കിക്കൊണ്ടുനിന്നു. ജ്യോത്സ്യന്മാർ ഗ്രഹണത്തിന്റെ അതിശയത്തെ നോക്കിവന്നതുകൂടാതെ സമീപത്തു നിന്നവരായ ജനങ്ങളുടെ മനോഭാവം, മുഖങ്ങൾ മുതലായതുകളേയും നോക്കിവന്നു. ജനങ്ങൾ പുകപിടിപ്പിച്ച കണ്ണാടികളാൽ സൂര്യന്റെ ഒരുമൂലയിൽ ഗ്രഹണസ്പർശത്തെ കണ്ടമാത്രത്തിൽ യുദ്ധവീരനെ അല്ലെങ്കിൽ നാടകശാലയിൽ നടിക്കുന്നവനെ മശ്ശ്രദേചെച്ചുവിളിക്കുന്നതിരി ഒരുമഹാഘോഷമിട്ടു കൈകൊട്ടി. അനന്തരം ചില നാഴികവരെ ഫ്രാൻസികരുടെ വിനോദവചനഘോഷങ്ങളല്ലാതെ വേറെ യാതൊരു വിശേഷവും കണ്ടില്ല, അറിഞ്ഞില്ല എങ്കിലും ഗ്രഹണം സമ്പൂർണ്ണമായപ്പോൾ ഇരുപതിനായിരംപേരും അവനവനുണ്ടാകുന്ന അതിശയമായ കാഴ്ച, ഭ്രമം മുതലായവയെ അടുത്തിരിക്കുന്നവരോടു പറയാൻ തുടങ്ങിയതുകൊണ്ടു ശബ്ദങ്ങൾ ഏറെയും അധികരിച്ചു. സൂര്യൻമുഴുവനും മറഞ്ഞയുടനെ ശരച്ചൂളം അല്ലെങ്കിൽ തൂക്കിചിട്ടുന്നതിനെക്കാണുന്ന ജനങ്ങളിൽനിന്നുണ്ടാകുന്ന ശബ്ദംപോലെയും ഒരുമനുഷ്യൻ തനിച്ചുകരയുന്ന നീണ്ട നിലവിളിയപ്പോലെയും ഒരുശബ്ദം ആ പെരുംകൂട്ടത്തിൽനിന്നുണ്ടായി തൽക്ഷണം ഈ ഇരുപതിനായിരം ജനങ്ങളുടേയും ശബ്ദം അടങ്ങി അർദ്ധരാത്രിഎന്നപോലെ നിശ്ശബ്ദമായിരുന്ന ഇരുപതിനായിരംപേരിലോ ഒരുവനെങ്കിലും തന്റെ അവയവങ്ങളെ അനക്കാതെ ചിത്രപ്പാവയെന്നപോലെ നിശ്ചലമായിരുന്നുപോയി. ഭൂമി നിർജ്ജീവസ്ഥാനമായിത്തീർന്നു. ഈവിധത്തിൽ സമ്പൂർണ്ണസൂര്യഗ്രഹണകാലം രണ്ടരനിമിഷം കഴിഞ്ഞു ഒരു തലനാരോളം വണ്ണത്തിൽ സൂര്യൻ വെളിയിൽ തെളിഞ്ഞയുടനെ ജനങ്ങൾ പരമാനന്ദബോധിമഗ്നരായി പെരിയവിളിക്കോലാഹലം കൂട്ടി കഴിഞ്ഞ കാലത്തിൽ ഒരു പൈതൽനിൽക്കും നഷ്ടമായ സ്ഥലത്തിൽ ആടു മേച്ചുകൊണ്ടിരുന്നു.

സമ്പാദകൻ, കാരിശ്ശേരി.

—o—

# പരമാണുവിന്റെ സംഹാരശക്തി

ജി. എസ്സ്. നായർ

പാലാഴി മഥനത്തിൽ അമൃതത്തിനുമുമ്പ് ഹാലാഹലം പുറപ്പെട്ടതായി ഭാഗവതത്തിൽ വർണ്ണിച്ചിട്ടുണ്ട്. അതു പുരാതന ഭാരതീയസാഹിത്യകാരന്മാരുടെ ഭാവനാസമ്പത്തിന്റെ പരിണതഫലമാണെന്നു നാം വിചാരിച്ചിരുന്നു. വിപുലമായ പാലാഴിയിൽ നിന്നല്ല, കേവലം പരമാണുവിൽനിന്നും ഉദ്ഭൂതമായ അഭിനവഹാലാഹലം തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ ജപ്പാൻകാർ അനുഭവിച്ചുകഴിഞ്ഞു. ശാന്തിക്കും സമാധാനത്തിനും വേണ്ടി സമരംചെയ്തതായി അവകാശപ്പെടുന്ന പാശ്ചാത്യശക്തികൾ പരമാണുവിനെപ്പറ്റി കൂടുതൽ ഗവേഷണങ്ങളിൽ വ്യാപൃതരായിരിക്കുന്ന ഈ സമയത്തു പരമാണുവിൽ ദാഹകശക്തി എങ്ങനെ സംഭരിക്കപ്പെടുന്നു എന്ന അന്വേഷണം രസാവഹമായിരിക്കുമെന്നു കരുതുന്നു.

ഏതാണ്ട് രണ്ടായിരത്തി അഞ്ഞൂറ് കൊല്ലങ്ങൾക്കുമുമ്പ് ഗ്രീക്ക് രാജ്യത്ത് "ഡെമാക്രട്ടീസ്" എന്ന ഒരു പണ്ഡിതൻ ജീവിച്ചിരുന്നു. അക്കാലങ്ങളിൽ സംസ്കാരം, സാഹിത്യം, ശാസ്ത്രം എന്നിതുകളിലെല്ലാം ഭാരതത്തോടു സമാനനിലയെ പ്രാപിച്ചിരുന്ന ഏകരാജ്യം ഗ്രീക്കുമാത്രമാണ്. "ഡെമാക്രട്ടീസ്" അദ്ദേഹത്തിന്റെ സമകാലികനായ ഭാരതീയ പണ്ഡിതൻ "കണാദ"നും ലോകത്തിലുള്ള സകല വസ്തുക്കളും അണുസമൂഹങ്ങളുടെ സംഘടിതരൂപങ്ങളാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഉത്തമങ്ങളായ ഗവേഷണശാലകളുടേയും, ബുദ്ധിനിഷ്ഠന്മാരായ ഗവേഷകന്മാരുടേയും അഭാവത്തിൽ പരമാണുവാദം, വിസ്മൃതമായി വീണ്ടും പല നൂറ്റാണ്ടുകൾ കഴിഞ്ഞു. അങ്ങനെയിരിക്കെ എ. ഡി. ൧൮൦൩-ൽ "ഡാൾട്ടൺ" എന്ന ശാസ്ത്രജ്ഞൻ പരമാണുവിനെസംബന്ധിച്ചു കൂടുതൽ ചില വിവരങ്ങൾ വെളിപ്പെടുത്തി. ശാസ്ത്രജ്ഞാനം അനുനിമിഷം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. "ഡാൾട്ടൻ, ലോകത്തിലുള്ള സകല വസ്തുക്കളും തൊണ്ണൂറ്റിരണ്ടുതരത്തിലുള്ള അണുസംഘാത (Elements)ങ്ങളാൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്നും, ഓരോ എലിമെന്റിനെയും വിശകലനം ചെയ്താൽ ഒടുവിൽ അവിഭാജ്യമായ ഒരു ലഘുതമവസ്തു ലഭിക്കുമെന്നും ഇതുതന്നെയാണ് "ഡെമാക്രീട്ടസ്" ദീർഘദർശനംചെയ്ത അണുവെന്നും സ്ഥാപിച്ചു. അണു, സങ്കല്പലോകത്തിലെ വസ്തുവല്ലെന്നും, യാഥാർത്ഥ്യത്തിൽ പ്രകൃതിയിലുള്ളതായിരിക്കണമെന്നും ഇതരശാസ്ത്രപണ്ഡിതന്മാരും ചിന്തിക്കാൻതുടങ്ങി. എങ്കിലും ദൃഷ്ടിഗോചരമായതിനെ മാത്രം വിശ്വസിക്കുന്ന സാധാരണജനങ്ങൾ വീണ്ടും സംശയഗ്രസ്തരായിത്തന്നെയിരുന്നു. കുരുക്ഷേത്രയുദ്ധത്തിൽ, ഗീതോപദേശാവസാനമായി വിശ്വരൂപം കാട്ടുന്ന ശ്രീകൃഷ്ണൻ, തദ്ദർശനാർത്ഥം അർജ്ജുനനു ജ്ഞാനദൃഷ്ടിപ്രദാനം ചെയ്തതായി വ്യാസമഹാകവി അരുളിച്ചെയ്തിട്ടുണ്ട്. അതുപോലെ അണുവും, മാംസചക്ഷുസ്സുകൾക്കു അഗോചരമാണെങ്കിലും മററു ചില ഉപകരണങ്ങളുടെ സഹായമുണ്ടെങ്കിൽ കാണാൻ കഴിയുന്നതാണെന്ന ഈ അനുമാനത്തിൽ ഗവേഷകന്മാർ എത്തിച്ചേർന്നു.

മനുഷ്യൻ ശ്വസിക്കുന്ന വായുവിൽ അടങ്ങിയിരിക്കുന്ന സംഖ്യാതീതങ്ങളായ ധൂളീശകലങ്ങൾ സാധാരണ നോട്ടത്തിൽ അദൃശ്യങ്ങളാണ്. എന്നാൽ ഗൃഹങ്ങളുടെ മേൽക്കൂരകളിൽ നിന്നും ചെറുദ്വാരങ്ങൾവഴിവരുന്ന പ്രകാശകുഴലുകളുടെ ഒരു നിരീക്ഷകനു കോടാനുകോടി ധൂളീശകലങ്ങൾ അതിൽ പാറുകളിക്കുന്നതു കാണാൻ കഴിയും. അവയുടെമേൽ പതിക്കുന്ന സൂര്യകിരണങ്ങളെ ചിതറിമാറ്റാൻ ശ്രമിക്കുന്നതിനാലാണ് അവ മനുഷ്യനയനങ്ങൾക്കു വിഷയീഭവിക്കുന്നതു.

പ്രകാശം ഒരുതരം തരംഗസ്വഭാവത്തിൽ വർത്തിക്കുന്നു. ഒന്നുകൂടി വിശദീകരിക്കയാണെങ്കിൽ ചെറുതും വലുതുമായ അനേകം അലകളുടെ സംയുക്തപ്രസ്ഫുരണമാണ് പ്രകാശം. വിഭിന്നമായി പ്രവർത്തിക്കുന്ന പ്രകാശതരംഗങ്ങളുടെ വൈവിധ്യമാണ് അവയിൽ പ്രകടമാകുന്ന വർണ്ണവിശേഷങ്ങൾക്കു കാരണം. സൂര്യകിരണങ്ങൾ ഊതാ, ചുവപ്പ്, നീലം, തുടങ്ങിയ ഏഴു വർണ്ണങ്ങൾ കലർന്നതാണ്. അവയിൽ ചുവന്ന കിരണങ്ങളുടെ അലക്കു നീളം കൂടുതലും ഊതാകിരണങ്ങളുടേതിനു നീളം വളരെ കുറവുമാണ്. ഏതെങ്കിലും ഒരു വസ്തു നമുക്കു ദൃശ്യമായിത്തീരുമെങ്കിൽ ആ സാധനത്തിൽ പ്രകാശതരംഗങ്ങൾ ചിതറിവീണിരിക്കണം. എന്നാൽ ആ പ്രകാശതരംഗങ്ങളുടെ നീളം വസ്തുവിനെ അപേക്ഷിച്ചു കൂടുതലായിരുന്നാൽ വസ്തുവിനെ കാണാൻ കഴിയുന്നതല്ല.

ധൂളികളെല്ലാംതന്നെ പ്രകാശതരംഗങ്ങളെക്കാൾ വലുതാകയാൽ അവയെ നമുക്കു കാണാൻ കഴിയുന്നു. വായുവിലുള്ള അണുക്കൾ കിരണങ്ങളുടെ അലകളെക്കാൾ ചെറുതും അതിനാൽ അദൃശ്യവുമാണ്. നമുക്കു കാണാൻ കഴിയുന്നതിൽ ഏററവും ചെറിയ അലകൾ ഊതായുടേതാണെങ്കിലും അവയെക്കാൾ നീളംകുറഞ്ഞ അലകളും ഉണ്ട്. നീളംകൂടിയ അലകളുടെ വെളിച്ചത്തിൽ അതനതക്ക ഫോട്ടോക്യാമറാവച്ച് അവയെ ചിത്രീകരിക്കാവുന്നതാണ്. അതിൽനിന്നും അണുക്കളെ കാണാൻ സാധിച്ചില്ലെന്നിരുന്നാലും അണുക്കൾ ഉള്ളതായി ഊഹിക്കാം.

പരമാണുഗവേഷണം ഇപ്രകാരം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു, താംസൺ, റൂതർഫോർഡ് എന്ന ശാസ്ത്രജ്ഞന്മാരുടെ, അണുവിലും ചെറിയ അണുവിനെ പരമാണുവിനെ) കണ്ടുപിടിച്ചിരിക്കുന്നതായുള്ള പ്രസ്താവന വെളിയിൽ വന്നതു. താംസൺ വിദ്യുച്ഛക്തി വായുവിൽക്കൂടി കടത്തി പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു വിനോദസംഭവമുണ്ടായി. ലോഹസാധനങ്ങളിലെന്നപോലെ വിദ്യുച്ഛക്തി വായുവിൽ സുഗമമായി പ്രസരിക്കയില്ല. വായുവിന്റെ സമ്മർദ്ദം (Dussuse) വളരെ കുറവായിരുന്നെങ്കിൽ മാത്രമേ വിദ്യുച്ഛക്തി അതിൽ പ്രവേശിക്കയുള്ളു. വായുസമ്മർദ്ദം വളരെ കുറഞ്ഞിരുന്ന ഒരു കുഴലിനകത്തേക്കു വിദ്യുച്ഛക്തിയെ കടത്തിവിട്ടു. കുഴലിനകത്തു പ്രവേശിച്ച വിദ്യുച്ഛക്തി അതിൽനിന്നും ബഹിർഗ്ഗമിക്കുമ്പോൾ, തീവണ്ടിയുടെ, "ഹെഡ്ലൈററ്" (earth light) പോലെ, ദീപ്തിമത്തായ രശ്മിസമൂഹത്തെ ആ ഭാഗത്തുകണ്ടു "താംസൺ" അത്ഭുതപ്പെട്ടുപോയത്രേ! ആ കിരണങ്ങളെ പരിശോധിച്ചതിൽ ലോകത്തിലേക്കും ലഘുതമങ്ങളായ വസ്തുക്കൾ അഥവാ പരമാണുക്കൾ അടങ്ങിയിരിക്കുന്നതായി കാണപ്പെട്ടു. എന്നമാത്രവുമല്ല അണുവിൽനിന്നും വ്യത്യസ്തമായി പരമാണുവിൽ വിദ്യുച്ഛക്തിയുടെ അംശം (Negotive electicity) ഉൾക്കൊണ്ടിട്ടുള്ളതായും അറിയുന്നതിനിടയായി. എല്ലാം അണുക്കളിലും സംയോജിച്ചിരിക്കുന്ന ഈ പരമാണുക്കൾക്കു (Elections) ഇലക്ട്രോൺസ് എന്നു പേർ പറയപ്പെടുന്നു.

ഏതാണ്ട് ഇതേസമയത്തിൽതന്നെയായിരുന്നു "പെകാറൽ" (Pequarel) എന്ന രസതന്ത്രവിജ്ഞാനിക്കു വേറൊരു സംഭവം അനുഭൂതമായി തീർന്നതു. 'യുറേനിയം' എന്ന ലോഹം മററു യാതൊരുവിധ പ്രേരണയുംകൂടാതെ രശ്മികളെ പ്രസരിപ്പിക്കുന്നതു അദ്ദേഹം കണ്ടു. ഇതിനെ ഉപോൽബലകമാക്കി ഇതരരസതന്ത്രവേദികൾ പരീക്ഷണങ്ങൾ തുടർന്നു നടത്തിയതിന്റെ ഫലമായി മററുവസ്തുക്കളിലും ഈ ശക്തി അന്തർല്ലീനമായിരിക്കുന്നുവെന്നു ബോദ്ധ്യപ്പെട്ടു. അതൽ ജാജ്വല്യമാനവും തീക്ഷ്ണവുമായ കിരണങ്ങളെ ബഹിർഗ്ഗമിപ്പിക്കാൻ കഴിവുള്ള ഒരു വസ്തുവാണ് "റേഡിയം" കിരണങ്ങളെ വീണ്ടും അപഗ്രഥിച്ചു പരീക്ഷണങ്ങൾ നടത്തിയതിൽനിന്നും ആൽഫാ—ബീററാ, ഗാമാ, എന്നു മൂന്നുവക രശ്മികൾ ഇതിൽനിന്നും പുറപ്പെടുന്നതായും അതിൽ "ആൽഫാ" കിരണങ്ങൾക്കു മററു വസ്തുക്കളിൽ തുളഞ്ഞുകയറുന്നതിനുള്ള ശക്തിയുള്ളതായും തെളിഞ്ഞു! ആദ്യമായി ഇതു വ്യക്തമാക്കിയ ശാസ്ത്രജ്ഞൻ "റൂതർഫോർഡ്" ആയിരുന്നു.

അണു കട്ടിയായ ഒരു സാധനമല്ല. അതനുള്ളിൽ ശൂന്യമായ സ്ഥലം ധാരാളമുണ്ട്. അതിൽ കൂടുതൽഭാഗം വിദ്യുച്ഛക്തി അടങ്ങിയിട്ടുള്ള പരമാണുക്കളെക്കൊണ്ടും (Electrons) കുറെഭാഗം വിദ്യുച്ഛക്തിയില്ലാത്ത പരമാണുക്കളെക്കൊണ്ടും നിറഞ്ഞിരിക്കുന്നു. എലക്ട്രോൺസ് എല്ലാംകൂടിച്ചേർന്നഭാഗത്തിനു അണുകേന്ദ്രം (Nucleus) എന്നു പറയുന്നു. ഇതിൽ (Nucleur) ധാരാളം ശക്തിഅടങ്ങിയിട്ടുള്ളതിനാൽ, അതിനെ പിളർന്നു അണുശക്തിയെ വെളിയിൽ കൊണ്ടുവരുന്ന പരീക്ഷണങ്ങളിൽ ശാസ്ത്രജ്ഞലോകം വ്യാപൃതരായി.

അണുകേന്ദ്രത്തിനെ ഛിന്നിപ്പിച്ചു പരീക്ഷണങ്ങൾ നടത്തുന്നതിലേക്കു "ആൽഫാ" രശ്മികളെക്കാളും ശക്തിയേറിയ "സൈക്ലോട്രോൺ" (Cyclotron) എന്ന ഉപകരണത്തിന്റെ ആവശ്യം നേരിട്ടു. കവിണിൽവച്ചു ചുഴററിയെറിയുന്ന കല്ലിന്റെ വേഗത്തിൽ പ്രവർത്തിക്കുന്ന ഈ ഉപകരണംകൂടാതെതന്നെ "ന്യൂട്രോൺ" (Neutron) വിദ്യുച്ഛക്തിയുടെ അംശം ഇല്ലാത്ത അണുവിനാൽ ഉണ്ടാക്കിയതു എന്ന ഒരു പുതിയ പീരങ്കിയെ 'സാഡിക്' എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചു.

"ജോലിയോ" ഫ്രാൻസിലും 'ഫെർമി' എന്ന ശാസ്ത്രജ്ഞൻ ഇററലിയിലും ഏകകാലത്തുതന്നെ "ന്യൂട്രോൺ" (Neutron) കൊണ്ടു പരമാണുക്കളെ ദാഹകശക്തിയുള്ള അണുക്കളാക്കി തീർക്കുന്നതിലേക്കു പരീക്ഷണങ്ങൾ ആരംഭിച്ചു. പരിശ്രമങ്ങൾ ഫലത്തിൽ എത്തി. "ഫെർമി" യുറേനിയംഅണുക്കളെ രാസക്രിയക്കു വിധേയമാക്കിക്കൊണ്ടിരിക്കവെ, ഒരു പുതിയ വസ്തു അതിൽനിന്നും ലഭിച്ചു. പ്രസ്തുത ധാതുവിനു 'മുസ്സോളിനിയം' എന്നു പേരിടുന്നതിലേക്കു, സീഗ്നോർ മുസ്സോളിനിയുടെ അനുവാദത്തിനു അദ്ദേഹത്തെ സമീപിച്ചതായും, അതീവ ചപലത്വമായിരിക്കുന്ന ഈ വസ്തുവിനു സ്ഥായിയായ ഒരു പ്രകൃതിയുണ്ടായിരിക്കുന്നതല്ലെന്നു 'ഫെർമി'യിൽനിന്നും ധരിച്ച മുസ്സോളിനി അനുവാദം നിഷേധിച്ചതായും പറയപ്പെടുന്നു.

ഇവരെ തുടർന്നു പരീക്ഷണം നടത്തിയ 'ഓട്ടോഹാൻ' 'സ്ട്രാസ്മൻ' എന്നിവർ യൂറേനിയമണുക്കളിൽനിന്നു ധാരാളം ശക്തിയെ ബഹിർഗ്ഗമിപ്പിക്കാം എന്നു മനസ്സിലാക്കി. ഏതു തരത്തിലുള്ള യൂറേനിയമാണു സുഗമമായി ദാഹകശക്തി ബഹിർഗ്ഗമിക്കുന്നു എന്നു വീണ്ടും അന്വേഷണം തുടർന്നു, അണുഭാരം (Atomic weight) ൨൩൪-൨൩൫ ൨൩൮-എന്നു യഥാക്രമം അണുക്കൾ സംയോജിച്ചിരിക്കു

(ശേഷം ഒൻപതാംപേജിൽ)

## എതൃകക്ഷികൾക്കു നോട്ടീസ്

—൦—

മാവേലിക്കര ജില്ലാക്കോർട്ടിൽ
I Bench

൧൧൨൨ ഡി. ആർ. പി. നമ്പ്ര ൨.

ഹർജിക്കാരൻ:—തലവടിപകുതിയിൽ കാരിക്കഴിമുറിയിൽ മമ്മൂട്ടിൽ മാത്തു ഇടിച്ചാണ്ടി.

എതൃകക്ഷികൾ—൧. ടി മുറിയിൽ കിഴനാടിമണക്ക് വക്കി ചാക്കോ, ൨. തിരുവല്ലാ കടപ്രപകുതിയിൽ മണ്ണംതോട്ടുവഴി പടിഞ്ഞാറെമുറിയിൽ മടത്തുംവേലിൽ മാത്തു ചാക്കോ, ൩. മുട്ടാർ പകുതിയിൽ ടി മുറിയിൽ വെടിക്കാട്ട് ഔസേപ്പ് ഔസേപ്പ്, ൪. കല്ലൂപ്പാറപകുതിയിൽ തുരത്തിക്കാട്ടുമുറിയിൽ തള്ളക്കാലിൽ കോശി വെത്തമ്മ, ൫. കല്ലൂപ്പാറപകുതിയിൽ വെണ്ണിക്കുളംമുറിയിൽ കൂടത്തുംമുറി പടിഞ്ഞാറെവീട്ടിൽ ഇരപ്പൻ അബ്രഹാം, ൬. ദി സെൻട്രൽബാങ്കിംഗ് കോർപ്പറേഷൻ ഓഫ് ട്രാവൻകൂർ ക്ലിപ്തം, ആലപ്പുഴ, വകക്ക് ടി ബാങ്ക് മാനേജർ റ്റി. എൻ. രമേസുബ്ബയ്യൻ, ൭. ദേവികുളംപകുതിയിൽ ടി മുറിയിൽ പുത്തൻബംഗ്ലാവിൽ ജോർജ്ജ് വില്യം, ൮. തുമ്പമൺതാഴംപകുതിയിൽ ടി മുറിയിൽ കിടങ്ങന്നൂർ ഇരശേര യോഹന്നാൻ, ൯. കുന്നത്തൂർതാലൂക്കിൽ അട്ടൂർപകുതിയിൽ കൊറോനെല്ലൂർമുറിയിൽ തറയിൽ തേട്ടത്തിൽ സി. ഒ. മാതൃതരകൻ. ൧൦. കല്ലൂപ്പാറപകുതിയിൽ തുരത്തിക്കാട്ടുമുറിയിൽ പാലത്തുംകൽ കോശി വറുഗീസ്, ൧൧. കടപ്രപകുതിയിൽ മണ്ണംതോട്ടുവഴി പടിഞ്ഞാറെമുറിയിൽ കണിപ്പറയിൽ കുട്ടങ്കേരിൽ കുഞ്ഞൻ കുഞ്ഞൻ.

ടി എതൃകക്ഷികളെ തെര്യപ്പെടുത്തുന്നതു്.

൧൧൧൮-ലെ കടനിവാരണആക്ട് ൧൧-ാം വകുപ്പനുസരിച്ച് പട്ടികാ സ്വത്തുക്കളുടെ നാലിൽ മൂന്നുഭാഗം എതൃകക്ഷികൾക്കു കൊടുത്തു നാലിൽ ഒരുഭാഗം നിർബാധമായി കൊടുപ്പിക്കണമെന്നും മറ്റും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ടി നമ്പ്ര ഹർജിസംഗതി ൧൧൨൨-ാമാണ്ടു് ആടിമാസം ൩-ാംനു- പകൽ ൧൧ മണിക്കു് വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അതിനെപ്പറ്റി എതൃകക്ഷികൾക്കോ മറ്റോക്കെങ്കിലുമോ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്കു് മുറപ്രകാരം അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേറ്റോ വക്കീലോ മുഖാന്തിരമോ നേരിട്ടോ ഈ കോടതിമുമ്പാകെ ഹാജരായി രേഖാമൂലം ബോധിപ്പിച്ചുകൊള്ളേണം. അല്ലാത്തപക്ഷം എതൃകക്ഷികളെ കൂടാതെ വാദസംഗതികൾ തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്.)

൧൧൨൨ ആനിമാസം ൯-ാംനു-

—൦—

## പരസ്യം

ഹരിപ്പാട്ടു മുൻസിഫ്കോർട്ടിൽ
൧൧൨൨- ഡി. ആർ. പി. ൧൦.

ഹർജിക്കാരൻ:—ചിങ്ങോലിപകുതി ടി മുറിയിൽ പിലാവിന്നാൽ ഇരപ്പൻ ഫിലിപ്പോസ്.

എതൃഹർജിക്കാരൻ.—ഉമ്മനംപ്പുഴപകുതി പതിയാങ്കരമുറിയിൽ അമ്മാടിയിലും പറമ്പിൽനിന്നും മുട്ടേൽതാമസം. വേലായുധപ്പണിക്കൻ കൊച്ചുകുഞ്ഞുപണിക്കൻ എന്നുവിളിക്കുന്ന വെള്ളുതകുഞ്ഞുപണിക്കൻ.

എതൃഹർജിക്കാരനെയും മറ്റെല്ലാവരേയും തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ ഹർജിക്കാരന്റെ വക 'ബി' പട്ടികവസ്തുക്കളിൽനിന്നും നാലിൽ ഒന്നു് കടബാദ്ധ്യതയിൽനിന്നൊഴിച്ച് ഹർജിക്കാരനു കൊടുക്കുന്നതിനു ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ഹർജിയെപ്പറ്റി ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ൧൧൨൨ മിഥുനം ൨൯-ാംനു- പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്.)

൨ ൧൧ ൧൧൨൨.

—൦—

## ലേലാനുവാദത്തിനുള്ള അപേക്ഷയെപ്പററി നോട്ടീസ്

—൦—

C. P. C. ൨൯൧-ാം വകുപ്പ്.
ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
൧൧൦൯ സിവിൽ ൯൭൦.

മേഡോവർവാദി—വടക്കേക്കര പകുതിയിൽ, മുണ്ടങ്കാവുമുറിയിൽ കിഴിയത്തു വീട്ടിൽ ശങ്കരപ്പിള്ള ഗോപാലപിള്ള.

പ്രതികൾ—൨. മാവേലിക്കര ജില്ലാ കോടതിയിൽ വ്യവഹരിക്കുന്ന അഡ്വോക്കേറ്റ മി: സി. എൻ. നാരായണപിള്ള. തിരുവല്ലാ ബാങ്ക് ക്ലിപ്തംവകയ്ക്കു് ലിക്വിഡേറ്റർ. ൩. സാരജ്യബാങ്ക് ക്ലിപ്തം. ടി ക്ക മാനേജർ കിഴക്കേനാതറമുറിയിൽ പാറയിൽവീട്ടിൽ നാരായണപിള്ള ഗോവിന്ദപ്പിള്ള. ൪. പാണ്ടനാട്ടു പകുതിയിൽ പ്രയാറ്റുമുറിയിൽ പുളിമിററത്തു തോട്ടങ്കരവീട്ടിൽ ഔസേഫ് ചാക്കോ. ൭. ടി മുറിയിൽ ആലഞ്ചേരിവീട്ടിൽ മാമ്മൻ യോഹന്നാൻ. ൮. ടിയിൽ മാമ്മൻ മത്തായി. ൯. ടിയിൽ മാമ്മൻ പീലിപ്പോസ്. ൧൦. ടി മുണ്ടങ്കാവുമുറിയിൽ കുഴവേലിൽ തയ്യിൽവീട്ടിൽ കൊച്ചുമ്മിയ അകല്യാണിഅമ്മ. ൧൧. ടി പ്രയാറ്റുമുറിയിൽ ചക്കാലയിൽ കിഴക്കേതിൽവീട്ടിൽ പാർവ്വതിയമ്മ പാർവ്വതിയമ്മ. ൧൨. ടിയിൽ കൃഷ്ണപിള്ള ശ്രീധരൻപിള്ള. ൧൩. ടിയിൽ മൈനർ കൃഷ്ണപിള്ള കുട്ടപ്പൻപിള്ള. രക്ഷകർത്താവു ൧൧-ാംപ്രതി. ൧൪. ടി മുറിയിൽ ആലഞ്ചേരിവീട്ടിൽ ഗീവറുഗീസു അച്ചാമ്മ. ൧൫. ടിയിൽ മൈനർ അച്ചാമ്മ അന്നാമ്മ രക്ഷകർത്താവു ൧൪-ാംപ്രതി. ൧൬. ടി മുറിയിൽ കുളഞ്ഞിയിൽവീട്ടിൽ ഉമ്മൻ യോഹന്നാൻ. ൧൭. ടിയിൽ ഉമ്മൻ കൊച്ചുചാക്കോ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പരിൽ വിധിത്തുകയ്ക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽ വകവച്ചു് കൂടുതൽ സംഖ്യയ്ക്കു വിളിക്കുന്നവർക്ക് അനുവാദം കൊടുക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൧൨൨-ാമാണ്ടു മിഥുനമാസം ൨൧-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൨൧—൧൦—൧൧൨൨.

—൦—

## സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്

—൦—

തിരുവനന്തപുരം പ്രിൻസിപ്പാൾ മുൻസിഫ്കോർട്ടിൽ
വിധിനടത്തുന്ന ആലപ്പുഴ മു: കോ:
൧൧൨-ാമാണ്ടു സി. ൧൧൯൯

വാദി—ദി സ്റ്റേറ്റ് എയിഡഡ് ബാങ്ക് എന്ന പേരിൽ രജിസ്റ്റർ ചെയ്തിരുന്ന ദി സെൻട്രൽ ബാങ്കിംഗ് കോർപ്പറേഷൻ ആഫ് ട്രാവൻകൂർ ലിമിറ്റഡ് ആലപ്പുഴ.

പ്രതികൾ—മാവേലിക്കര പകുതി മാവേലിക്കര കൊച്ചിക്കൽ വീട്ടിൽനിന്നും തിരുവനന്തപുരത്തു വഞ്ചിയൂർ ആഫീസിലിരിക്കുന്ന മൈനർക്കോടതി അഡ്വക്കേറ്റ് പരമേശ്വരൻതമ്പി ബാലകൃഷ്ണൻതമ്പി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽ ഇ. പി. ൨൨൧-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു മിഥുനമാസം ൨൦-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ് ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു് ഇടവമാസം ൨-ാംനു-

—൦—

## പ്രതിസമൻ

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൧-ൽ സിവിൽ ൭൪൯

വാദികൾ—൧. ചേർത്തല വയലാർ കിഴക്കുപകുതി ഉഴുവമുറിയിൽ ചാണിയിൽതാമസിക്കും കരുവേലിൽ കൊമ്മ മാധവ ൨. ടിയിൽ മൈനർ മാധവി മൈമി രക്ഷകർത്താവു് ൧-ാംവാദി.

പ്രതികൾ—൧ തലയാഴംപകുതി കുതവറകരയിൽ കരുവേലിൽനിന്നും ചകിനാട്ടുശേരിൽ കിഴക്കേതൊട്ടിയിൽതാമസം ശങ്കരന്റെ അനന്തിരവൻ നീലകണ്ഠൻ എന്നുകൂടി ഇരട്ടപ്പേരുള്ള കേശവൻ ൨. ടി കരുവേലിൽനിന്നും ടി കരയിൽ ഒകളൻതറയിൽ താമസം കേശവൻ നാരായണൻ ൩. ടിയിൽ കേശവൻ കറമ്പൻ ൪ ടിയിൽ കേശവൻ വാസു ൫ ടിയിൽ ഇട്ടുലി ചക്കി ൬ ടി കരുവേലിൽ ശങ്കു രാമൻ ൭ ടിയിൽ ശങ്കു കുഞ്ഞുണ്ണി ൮ ടിയിൽ ശങ്കു മാധവൻ ൯ ടിയിൽ രാമൻ പീതാംബരൻ ൧൦ ടിയിൽ പാപ്പികുഞ്ഞാമ്മ ൧൧. തലയാഴംപകുതി കുതവറകരയിൽ കയ്യാലക്കരപള്ളിയിൽ ഇരിക്കും ഇളംക്കൂറച്ചാ അവുസേപ്പ് ജോസഫ്കത്തനാർ ൧൨ ടി കരയിൽ കുന്നത്തറ തയ്യിൽ ഇത്താക്ക് ൧൩ തലയാഴംപകുതി ഉല്ലലകരയിൽ നെടുംപള്ളിൽ വക്കി കുഞ്ഞാക്കോ ൧൪ തലയാഴംപകുതി തോട്ടകം കരയിൽ കാട്ടുമന അവുസേപ്പ് അവുസേപ്പ് ൧൫ തലയാഴംപകുതി കുതവറകരയിൽ തയ്യിപറമ്പിൽ പാപ്പി കൊച്ചുപെണ്ണു് ൧൬ ടി കരയിൽ വാതപ്പള്ളിൽ പാക്കം പുത്തൻപറമ്പിൽ വേലു അയ്യപ്പൻ ൧൭ തലയാഴംപകുതി കുതവറകരയിൽ കമ്പള്ളാറിൽ അച്യുതൻ ഗോവിന്ദൻ ൧൮ ടി കരയിൽ വൈക്കത്തുശേരിൽ സേവ്യർ ജോസഫ് ൧൯ തലയാഴംപകുതി ഉല്ലലകരയിൽ കരിക്കനേഴത്തു അവുസേപ്പ് അവുസേപ്പ് ൨൦ തലയാഴംപകുതി കുതവറകരയിൽ വാതപ്പള്ളിൽതാമസം തെക്കേക്കോവിൽ അച്യുതൻ ജനാർദ്ദനൻ ൨൧ ടി കരയിൽ തയ്യിപ്പറമ്പിൽ ശങ്കു കേശവൻ ൨൨ ടിയിൽ ശങ്കു വേലു ൨൩ ടിയിൽ ശങ്കു ഗോവിന്ദൻ ൨൪ ടിയിൽ ശങ്കു മാധവൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പ്രിൽ പ്രതികൾക്കു സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിട്ടുള്ളതും മേൽനമ്പ്ര കേസ്സ് പ്രതികൾ ഹാജരാകാൻ ൧൧൨൨ മിഥുനമാസം ൨൦-ാം തീയതിക്കു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരാകാതെയിരുന്നാൽ പ്രതികളെ എക്സ് പാർട്ടിആക്കി കേസ്സ് തീരുമാനിക്കുന്നതാണു്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ ഇടവം ൩൦

—൦—

## പരസ്യം

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
൧൧൨൦-ൽ സി ൯൮.

വാദി—വാഴൂർപകുതിയിൽ കങ്ങഴമുറിയിൽ കാനത്തിൽ കൊച്ചുകുഞ്ഞിരപ്പറ പാക്കം ശങ്കരപ്പിള്ള അയ്യപ്പൻപിള്ള.

൧൦-ാംപ്രതി—ടി മുറിയിൽ പാലത്തേരിൽ ഇരപ്പൻ മാത്യു.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ താൽക്കാലികമായിട്ടുണ്ടായിട്ടുള്ള സ്റ്റേ ആർഡർ റദ്ദുചെയ്തു് കേസ്സ് മേൽനടപടിക്കു് അവധിവച്ചു വിചാരണ തുടരാൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ച ൧൧൨൧-ാമാണ്ടു സിവിൽ പലവക ൧൧൯൯-ാം നമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു് ആനിമാസം ൨൦-ാംനു- വിചാരണ വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു ഇടവമാസം ൨൯-ാംനു-

## പരസ്യനോട്ടീസ്

സിവിൽനടപടിനിയമത്തിന്റെ ആർഡർ ൨൧ റൂൾ ൬൬ വകുപ്പ്
ചേർത്തലമുൻസിഫ്കോർട്ടിൽ
൧൧൦൫-ാമാണ്ടു സി. നമ്പർ ൯൨൧ ആദ്യവ്യവഹാരം

വാദി—ചേർത്തല കിഴക്കുംമുറിയിൽ വടക്കേതൈക്കൂറയിൽ താമസിക്കും പുത്തൻപറമ്പിലായ ഉണ്ണേച്ചിപുരയ്ക്കൽ കുഞ്ഞിപ്പെണ്ണുകാളി മുതൽപേർ

പ്രതികൾ—൧൨ -തണ്ണീർമുക്കം മുറിയിൽ കൊച്ചുകളരിപ്പുറമ്പിൽ നങ്ങേലികുഞ്ഞുപെണ്ണു്, ൧൩ ടിയിൽ മാക്കിവാവ, ൧൬ ചേർത്തല കിഴക്കുമുറിയിൽ കണ്ണാട്ടുവാളുക്കൽ കുഞ്ഞിക്കാളിഇച്ചിര, ൨൦ ടി മുറിയിൽ കരിയിൽ താമസിക്കും വെങ്കിമാധവൻ, ൨൯ ടിയിൽ വെങ്കികേശവൻ, ൨൪ ടിയിൽ കുട്ടി കാർത്ത്യായനി

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ച വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്ന വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും, പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു ആനിമാസം ൨൦-ാംനു-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു ഇടവമാസം ൩൦-ാംനു-

—൦—

## പരസ്യം

ചേർത്തല ടെമ്പററിമുൻസിഫ് കോടതിയിൽ
൧൧൨൧-ൽ സിവിൽ നമ്പ്ര ൭൭൭

വാദി ചേർത്തലവടക്കുപകുതിവടക്കുംമുറിയിൽ പണ്ടകശാലപ്പുറമ്പിൽ വെങ്കിട്ടരായഷെണ്ണൈ രാമചന്ദ്രഷെണ്ണൈ അഡ്വൊക്കേറ്റ് പി. എസ്. കാർത്തികേയൻ.

പ്രതികൾ—൩. ടി മുറിയിൽ ആല്യങ്കൽ താമസിക്കും കൊച്ചുവാണിയത്തെത്തവിൽ ജനാർദ്ദനഷെട്ടി രാജഷെട്ടി ൪. ടിയിൽ ജനാർദ്ദനഷെട്ടി വെങ്കിടനാഥഷെട്ടി ൫. ടി മുറിയിൽ വടക്കേഎടത്തിൽ കൊച്ചയ്യപ്പൻ കൊച്ചൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പ്ര വ്യവഹാരത്തിന്നുത്തരം പറവാനായി വിചാരണദിവസമായ ൧൧൨൨ ആനി ൨൦-ാംനു- പകൽ ൧൧-മണിക്കു് ടി കോടതിമുമ്പാകെ നേരിട്ടോ അധികാരപ്പെടുത്തപ്പെട്ടവർമുഖാന്തിരമോ ടി പ്രതികൾ ഹാജരായി ഉത്തരം പറയാത്തപക്ഷം ടി പ്രതികളെ എക്സ് പാർട്ടിയാക്കികേസ് തീർച്ചചെയ്യുന്നതാണെന്നുള്ള വിവരം തെര്യപ്പെടുത്തുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ ഇടവം ൨൮-ാംനു-

—൦—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨-ാമാണ്ടു സി. ൪൯൯

വാദി—കോട്ടയംപകുതി കാരാപ്പുഴകരയിൽ പാലക്കോട്ടു കിഴക്കേപുത്തൻവീട്ടിൽ പരമേശ്വരൻപിള്ള ഗോവിന്ദപ്പിള്ള

പ്രതി—൭ തലയാഴംപകുതിയിൽ ടി കരയിൽ മണ്ണാശേരിമഠത്തിൽ കൃഷ്ണയ്യർ അപ്പാത്തുരയ്യർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നും മററും വാദിബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽപലവക ൧൯൫൫-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു ആനിമാസം ൨൧-ാംനു- വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണം. അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ മേടം ൨൪

## വസ്തു ഒഴിപ്പിക്കുന്നസംഗതിക്കുനോട്ടീസ്സ്

സിവിൽനടപടിനിയമത്തിന്റെ
ആർഡർ ൨൧, റൂൾ ൩൩,
൩൪, ൩൫, ൩൬
ആലപ്പുഴ പ്രിൻസിപ്പാൾ
മുൻസിഫ്കോർട്ടിൽ
൧൧൩ സി. ൭൨൧

മേഡവർവാദി—ആലപ്പുഴ പകുതിയിൽ തിരുവമ്പാടിമുറിയിൽ മുളവനത്തുവീട്ടിൽ നാരായണപിള്ള ഗോപാലപിള്ള

പ്രതികൾ—൧ അമ്പലപ്പുഴ പകുതിയിൽ കിഴക്കേമുറിയിൽ പലിപ്രവീട്ടിൽ നാരായണിഅമ്മകുഞ്ഞുലക്ഷ്മിഅമ്മ (മരിച്ചു) അവകാശികൾ ശേഷം പ്രതികൾ, ൨. ടിയിൽനിന്നുംകൊല്ലംമുൻസിഫ്കോർട്ടിൽ പൂർണ്ണ കൊച്ചുകൃഷ്ണൻനായർരാമൻപിള്ള, ൩. ടിയിൽനിന്നും കൊല്ലംതാലൂക്കുകച്ചേരിയിൽ പ്യൂൺ കൊച്ചുകൃഷ്ണൻനായർ വേലുപ്പിള്ള, ൪ ടി പലിപ്രവീട്ടിൽ കൊച്ചുകൃഷ്ണൻനായർ നാരായണപിള്ള, ൫ ടിയിൽ കൊച്ചുകൃഷ്ണൻനായർ ഗോപാലപിള്ള, ൬ ടിയിൽ കാർത്ത്യായനിഅമ്മ കുട്ടിയമ്മ, ൭ ടിയിൽ കാർത്ത്യായനിയമ്മ ജാനകിയമ്മ

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ സന്നതിൽ വിവരിക്കുന്ന വസ്തു ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു മേഡവർവാദി അപേക്ഷിച്ചതനുസരിച്ചു് ൧൧൨൨-ാമാണ്ടു മിഥുനമാസം ൨൩-ാംനു- സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചു കൊടുക്കുന്നതിനു ആമ്യന ഉത്തരവുകൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൧൨൨-ാമാണ്ടു മിഥുനം ൯-ാംനു-

—o—

## പരസ്യനോട്ടീസ്

സിവിൽനടപടിനിയമത്തിന്റെ
ആർഡർ ൨൧, റൂൾ ൬൪
വകുപ്പ്
ഹരിപ്പാട്ടുമുൻസിഫ്കോർട്ടിൽ
൧൧൨൦-ാമാണ്ടു സി. ൩൨൯-ാംനമ്പർ
ആദ്യവ്യവഹാരം

രണ്ടാംവാദി—വല്യകുഴിപകുതിയിൽ കാഞ്ഞൂർ കോട്ടയ്ക്കകംമുറിയിൽ പുത്തൻവീട്ടുലാത്ത പുളിമൂട്ടിൽ പീലിപ്പോസുപീലിപ്പോസ്സ്

കൂടുതൽ നാലാംപ്രതി—ആലപ്പുഴപകുതിയിൽ ടി മുറിയിൽ കടപ്പുറത്തു ചക്കപാറയിൽ കച്ചിമേൽ ഹസ്സൻഹാജിഹാദം സേട്ടുഎന്നുവിളിക്കുന്ന ഹാജിമകൻ ആദം സേട്ട്

ടി നാലാംപ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർപട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിലടങ്ങേണ്ട വിവരങ്ങളെപ്പറ്റിയും മറ്റും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു ആനിമാസം ൨൪-ാംനു- അവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്).
൧൧൨൨-ാമാണ്ടു മേടമാസം ൨൪-ാംനു-

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൽ മുൻസിഫ്
കോടതിയിൽ ൧൧൦-ൽ സിവിൽ
നമ്പ്ര ൨൨൧.

വാദിമാർ—ഇടപ്പള്ളി വലിയരാജാവവർകൾ അഡ്വക്കേറ്റ ജി. ഗോപാലകൃത്താവു്

൭-ാംപ്രതി—കൊച്ചി കണയന്നൂർ താലൂക്കു മട്ടാഞ്ചേരി വില്ലേജ് രാമേശ്വരം മുറിയിൽ വലിയവീട്ടിൽ ഇരിക്കും വി. പി. കണ്ണപിള്ള

൭-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്

ഈ നമ്പ്ര വിധിനടത്തുന്നതിനു അവധിക്കണമെന്നും മറ്റും വാദിമാർ അപേക്ഷിച്ചിരിക്കയാൽ അതേപ്പറ്റി വല്ല ആക്ഷേപവുമുണ്ടെങ്കിൽ വിചാരണ ദിവസമായ ൧൨൨ മിഥുനം ൨൪-തീയതി പകൽ ൧൧ മണിക്കു് ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨ ഇടവം ൨൬-ാംനു.

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൦-ാമാണ്ടു് സി. ൭൬൨

വിധിതീർപ്പുകാരൻ—പാണാവള്ളിപ്പകുതിയിൽ ടി മുറിയിൽ ചിറയിൽ വൈന്തൂർവീട്ടിൽ കേശവപിള്ള കഞ്ഞുപിള്ള.

പ്രതികൾ—൧. പാണാവള്ളി പകുതിയിൽ ടി മുറിയിൽ കീക്കര പാക്കം പള്ളശ്ശേരിൽ ശങ്കരമേൻ. ൨. ടി മുറിയിൽ പുന്നവേലിയിൽതാമസിക്കും മാണി മാരി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽപലവക ൧൨൪൨-ാംനമ്പർ ഹർജിസംഗതി ൧൨൨-ാമാണ്ടു് ആനിമാസം ൨൩-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨-മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൨൨-ാമാണ്ടു് ഇടവമാസം ൨൧-ാംനു-

—o—

## പരസ്യം

പ്രതിസമൻസ്

മാവേലിക്കര മു: കോടതിയിൽ
൧൯ സി. ൧൭

വാദി-ഇരവിപേരൂർപകുതിയിൽ കിഴക്കനോതറമുറിയിൽ മാരുതറവീട്ടിൽ കൊച്ചുകുഞ്ഞമ്മ കുഞ്ഞുലക്ഷ്മിഅമ്മ.

പ്രതി-൨ ചെന്നിത്തലപകുതിയിൽ ചെന്നിത്തലവടക്കുംമുറിയിൽ പടിപ്പുറത്തു ദേവകിഅമ്മ ലക്ഷ്മിഅമ്മ. ൩. ഹരിപ്പാട്ടുപകുതിയിൽ പിലാപ്പുഴമുറിയിൽ ചെറിയിലേത്തുവീട്ടിൽ ദേവകിഅമ്മ കമലാക്ഷിഅമ്മ. ൭. ടി പകുതിയിൽ വെട്ടുവേനിമുറിയിൽ മംഗലത്തുവീട്ടിൽ ദേവകിഅമ്മ ചെല്ലമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി പ്രതികളുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കുകയാൽ അതിനുത്തരം പറവാനായി ൧൨൨-ാമാണ്ടു് മിഥുനമാസം ൨൪-ാംനു-യ്ക്കു വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിയ്ക്കു പ്രതികളോ വക്കീലോ അധികാരപ്പെടുത്തിയ ഏജന്റോ ഈ കോടതിയിൽ ഹാജരായി തക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അങ്ങനെചെയ്യാത്തപക്ഷം പ്രതികളെ കൂടാതെ വ്യവഹാരം തീർച്ചയാക്കുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൩൦-൧൦-൧൨൨.

—o—

## പ്രതിസമൻ

നെയ്യാറ്റിൻകര പ്രി. മു. കോർട്ടിൽ,
൧൨൧ സി. ൧൨൪൭

വാദി-കരുംകുളംദേശത്തു പുതിയതുറപ്പുരയിടവുംഉള്ള ഇരയിമ്മൻതുറപുരയിടത്തിൽ മയ്യനായിമന്ദിരത്തിൽ നിക്കിലാസുഡിക്രൂസ്സു പേതിരുഡിക്രൂസ്സു.

പ്രതി ൨. ശ്രീകാന്താദേശത്തു മുഞ്ചൻകോട്ടതെങ്ങുംകുഴിവീട്ടിൽനിന്നും വിളവൂർക്കൽ ദേശത്തു വണ്ടിയൻവീട്ടിൽ ശിവരാമൻപിള്ള വേലായുധൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ കേസിൽ ടി ൨-ാംപ്രതിക്കു് പലപ്രാവശ്യവും സമൻ അയച്ചതിൽ കയ്യേറാതെ മടങ്ങിവന്നിരിക്കുന്നതിനാൽ പരസ്യംചെയ്യുന്നതെന്തെന്നാൽ ടി നമ്പ്ര കേസ്സ് ൨-ാംപ്രതിയുടെ സമാധാനത്തിനായി ൧൨൨ ആനിമാസം ൨൭-ാംനു- വിചാരണവെച്ചിരിക്കുന്നതും അന്നേദിവസം പകൽ ൧൧ മണിക്കു ടി പ്രതിയോ വക്കീലോ ഹാജരായി സമാധാനംബോധിപ്പിക്കാത്തപക്ഷം കേസ്സ് പ്രതിക്കു ദോഷമായി തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൭-൧൦-൧൨൨

## വസ്തു ഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്

സിവിൽ നടപടി നിയമത്തിന്റെ
ആർഡർ ൨൧, റൂൾ ൩൩, ൩൪, ൩൫, ൩൬
ഏറ്റുമാന്നൂർ മുൻസിഫ്കോർട്ടിൽ
൧൧൨൦-ാമാണ്ടു് ൩൧൬-ാംനമ്പർ
ആദ്യവ്യവഹാരം

വാദി—കിടങ്ങൂർ പകുതി മാറിയിടം കരയിൽ മണിമല മത്തായി മത്തായി

പ്രതി ൧ കിടങ്ങൂർ പകുതി മാറിയിടംകരയിൽ പാറപ്പുറത്തുനിന്നും പുല്ലാനപ്പള്ളിൽ താമസിക്കും തൊമ്മൻ അവ്യൂസേപ്പ്, ൨. ടി പകുതി കുമ്മണ്ണൂർകരയിൽ കലയക്കാട്ടിൽ ചാക്കോ ചാക്കോ

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ ഡിക്രിയിൽകൊണ്ട വസ്തു ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു് വാദി അപേക്ഷിച്ചതനുസരിച്ചു ൧൨൨ാമാണ്ടു മിഥുനമാസം ൨൩-ാംനു- സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചു കൊടുക്കുന്നതിനു ആമ്യന ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻ പ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൨൨-ാമാണ്ടു് മിഥുനമാസം ൪-ാംനു.

—o—

## പരസ്യം

—o—

കോട്ടയം ജില്ലാകോടതി
II Bench
൧൧൨ അസൽ ൧൧൯.

വാദി:—വാഴപ്പള്ളി കിഴക്കുംഭാഗം പകുതി ടി മുറിയിൽ ചെറിയതുണ്ടത്തിൽ അവ്യൂസേപ്പ പൗലൂസ്.

പ്രതികൾ.—൪൩. ചങ്ങനാശേരിപകുതിയിൽ പെരുന്നയിൽകിഴക്കുംമുറിയിൽ മരങ്ങാട്ടുപുതുപ്പറമ്പിൽ സ്കറിയ ദേവസ്യാ ൪൭. ടിയിൽ സ്കറിയ കുഞ്ഞപ്പൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതികൾക്കു കോടതിയിൽനിന്നു സമൻസയച്ചതിൽ കൈപ്പറ്റാതെ മടങ്ങിവന്നിരിക്കുന്നതിനാൽ മേൽനമ്പർ വ്യവഹാരത്തെപ്പറ്റി വല്ല തർക്കവും ഉണ്ടെങ്കിൽ അടുത്ത വിചാരണദിവസമായ ൧൨൨ ആനിമാസം ൨൩-ാംനു- പകൽ ൧൧ മണിക്കു പ്രതികൾ നേരിട്ടോ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേറ്റോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം പ്രതികളെക്കൂടാതെ എക്സ് പാർട്ടിയായി മേൽനമ്പർ വ്യവഹാരം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്.)
൧൨൨ ഇടവം ൨൧-ാംനു-

—o

## പ്രതിസമൻ

—o—

നെടുമങ്ങാട്ട മു: കോർട്ടിൽ
൧൨൧ സി നമ്പർ ൪൩൭

വാദി-കരിപ്പൂറത്തലമുറിയിൽ കുഴിക്കാട്ടുപുത്തൻവീട്ടിൽ പൊന്നമ്മപ്പിള്ള ചെല്ലമ്മപ്പിള്ള.

൭-ാംപ്രതി ടി മുറിയിൽ ആലംതല പുത്തൻവീട്ടിൽനിന്നും നെയ്യാറ്റിൻകര അതിയന്നൂർ പകുതിയിൽ വെൺപകൽ ദേശത്തു മണിക്കുഴിവിലാസത്തുവീട്ടിൽ അപ്പുക്കുട്ടൻനായർ എന്നുവിളിക്കുന്ന കാളിപ്പിള്ള രാഘവൻനായർ.

ടി ൭-ാംപ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ ൭-ാംപ്രതിക്കയച്ച സമൻ മടങ്ങിവന്നിട്ടുള്ളതും വീണ്ടും ൧൨൨-ാമാണ്ടു് ആനിമാസം ൨൩-ാംതീയതി വിചാരണനിശ്ചയിച്ചിരിക്കുന്നതും ആകയാൽ ടി വ്യവഹാരത്തെപ്പറ്റി വല്ല തർക്കവും ഉള്ളപക്ഷം മേൽപറഞ്ഞ വിചാരണദിവസം പകൽ ൧൧ മണിക്കു ൭-ാംപ്രതി നേരിട്ടോ അധികാരപ്പെടുത്തപ്പെട്ട കോർട്ടുവക്കീലോ മററ വല്ല ആളോ ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെ കൂടാതെ കേസ് തീർച്ചചെയ്യുന്നതുമാകുന്നു എന്നു തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൨൨. ആനിമാസം ൦-ാംനു-

—o—

## പ്രതിസമൻസ്

—o—

കൊല്ലം പ്രിൻസിപ്പാൽ
മുൻസിഫ്കോർട്ടിൽ.
൧൨൨ സ്മാൾ ൧൪൧.

വാദി—കൊല്ലം പകുതിയിൽ ആണ്ടാമുക്കത്തുചേരിയിൽ ഇഞ്ചക്കൽവീട്ടിൽ അബ്ദുൾ ഹമീദ്ഹാജി അബ്ദുറഹിമാൻ സേട്ട്.

പ്രതി—കോട്ടയം തിരുനക്കര കമ്പോളത്തിൽ കച്ചവടം കോട്ടയം അയ്മനം പകുതിയിൽ തട്ടാശ്ശേരിമുറിയിൽ വട്ടപ്പള്ളിവീട്ടിൽ താമസം ആലി മൂസസേട്ട്.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പറ്റാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൨ ആനി ൨൩-ാം തീയതി പകൽ ൧൧ മണിക്കു് കക്ഷിയോ അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ പ്രതിയെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൨൨ ആനി ൪-ാംനു.

—o—

## പരസ്യം

—o—

ആലപ്പുഴ പ്രി-മു-കോർട്ടിൽ.
൧൧൨൨ സിവിൽ ൧൨൭൧.

വാദി—ഇടപ്പള്ളി ഇളങ്ങല്ലൂർസ്വരൂപത്തിനുവേണ്ടി ചേന്നൻ ചേന്നൻ എന്ന സ്ഥാനപ്പേരും ഗണപതി എന്ന നാമധേയവുമായ ഇടപ്പള്ളി ഇളങ്ങല്ലൂർ സ്വരൂപത്തുങ്കൽ വലിയതമ്പുരാൻ അവർകൾ. മുക്ത്യാർ കാര്യസ്ഥൻ കല്ലുപ്പാറപകുതിയിൽ കല്ലൂമുറിയിൽ മഞ്ഞാടിയിൽവീട്ടിൽ നാരായണപിള്ള നാരായണപിള്ള.

പ്രതി—പന്തളം തെക്കേക്കര തോന്നല്ലൂർ പകുതിയിൽ മുളമ്പുഴ മുറിയിൽ കുഴിയിൽ വീട്ടിൽ നാരായണപിള്ള പരമേശ്വരൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു് ഉത്തരം പറവാനായി ൧൧൨൨ മിഥുനമാസം ൨൩-ാംനു- അവധി വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു നിങ്ങൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസു തീർച്ചചെയ്യുന്നതാണു്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൨-ാമാണ്ടു ഇടവമാസം ൨൭-ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കൊല്ലം ജില്ലാകോർട്ടിൽ
Contributory 1090 in company
Petition No. 10/113

വാദി—T. N & Q. Bank Ltd in Liquidation.

പ്രതി—:ചെറിനാട്ടുപകുതി ഞാറ്റൂർചേരിയിൽ കാവള്ളിയിൽവീട്ടിൽ S. N. V. സംസ്കൃതസ്കൂൾ ഉടമസ്ഥ കെ. കുറുമ്പ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

നിങ്ങളെ കൂട്ടത്തിൽ ൨-ാംപ്രതിയായി കക്ഷിചേർക്കുന്നതിനു് ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു് സിവിൽപലവക ൧൦൪-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ടു് ആനിമാസം ൨൩-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൨-ാമാണ്ടു് ആനിമാസം ൭-ാംനു-

—o—

## GENERAL KNOWLEDGE QUIZ

(Answers on page 14)

1. An outstanding personality of World War II has been nicknamed "the tall asparagus". Can you name him?
   a) General Marshall; b) General de Gaulle; c) Field-Marshal Alexander.
2. Which is the oldest of the English classic races?
   a) St. Leger; b) Derby; c) Oaks.
3. Who described the British as a "nation of shopkeepers"?
   a) Lord Keynes; b) Bismarck; c) C. Adam Smith.
4. What is "Lacrosse"?
   a) A game; b) A French dish; c) A Bulgarian town.
5. Yohudi Menuhin, the world-famous violinist, was born in —
   a) Moscow; b) New York; c) Berlin.
6. "Light of Asia" is a poem by —
   a) Sir Edwin Arnold; b) Lin Yu Tang; c) Rudyard Kipling.

# ചിതറിച്ച ചിത്രം

### തൈക്കാട്ട്

൧

മുററത്തുകളിച്ചെത്തും ബാലനന്നെവിട്ടന്നോ
ചെറെറാരു കടലാസുകഷ്ണം ലഭിച്ചെല്ലോ!
ഉററുനോക്കകയാണങ്ങവനാ കീറത്തുണ്ടി-
ലററത്തു,കാണാമേതോ ചിത്രം തന്നവശിഷ്ടം:
പുതുമനശിച്ചേററം മ്ലാനമായ്മണ്ണംപൂശി-
യതൊരുപുരുഷൻെറ മുഖശ്രീ, പുരാശോഭം!
'അച്ഛൻ' എന്നതിതോഷാൽ
വിളിച്ചു ബാലൻ, 'എൻെറ-
യച്ഛൻെറപടം'— ഏറെ
ത്തുള്ളിനാൻ കളിക്കുട്ടൻ!
ഇറയത്തെത്തോശാഠ്യംപിടിച്ചു കരത്തെവരം-
ധിവതിയ്ക്കുനിയത്തി, ചേട്ടനോടടുത്തെത്തി;
'നോക്കെടി പടമെൻെറയച്ഛനാണി'തെന്നിഷ്ട-
വിക്കലിലവൻ ചൊൽകെ, വീക്ഷിച്ചാരംകൊച്ചമ്മിണി!
'ഹാ! നല്ല പടം ചിരി-
ച്ചെന്നെനോക്കുന്ന ചേട്ടാ!
താ, നിൻെറ യല്ലി തെൻെറ
യച്ഛനാ, ണെനിയ്ക്കു!'....
'ഏതെടി നിനക്കച്ഛൻ'— വാശിയോതിനാൻബാലൻ,
'താതനെക്കണ്ടിട്ടുണ്ടോ നീ, യെൻെറയാണീയച്ഛൻ!....'

൨

തക്മെങ്ങനെക്രുട്ടികൊണ്ടോടിപ്പടവുമായ്
ചീക്മൊ ശിശുക്കരം, തൻമാതാവിൻ നികടത്തിൽ;
വീട്ടിൻെറയടുക്കളപ്പുറത്താണവരം മാതാ-
വൊട്ടേറെ സഹോദരക്കേഴയാമൊരുധാത്രി;
പണിയാൽപരിക്ലാന്ത, കലവുംകരിയുമ-
ങ്ങണിയും സന്ധ്യയ്ക്കാണോ മക്കളെപ്രീണിപ്പിയ്ക്കാൻ!
'ആരുടേതച്ഛൻ'എന്നചോദ്യവുമായിമുട്ട-
മാരോമൽക്കിടാങ്ങളെ വെമ്പി നോക്കിനാരം തമ്പി!....
ചിത്രവുംകണ്ടു - തെല്ലുനിന്നവരംനിശ്ചേഷ്ടയായ്,
നേത്രത്തിലൂടം ചില ചുടുതുള്ളികരംവാർന്നു!

൩

അന്നേരമവിടെ'ത്തിഗൃഹസ്ഥ മുത്തശ്ശി'യെ-
ന്തിന്നില പിള്ളേരുമൊ,തെന്നോതിത്തുടങ്ങവെ
പൈതങ്ങരംപടംകാട്ടിയമ്മൂമ്മതന്നോടേററു:
'ഹോ! തരില്ലിതു നിങ്ങരംരണ്ടാരംക്കു'മെന്നായ്‌വിധി!
വീറൊടേ ഗൃഹേശചരിതുണ്ടുതുണ്ടായിക്ഷണം
കീറിനാരംപറപ്പിച്ചാരം കാററിലാമരായാചിത്രം!
ഒന്നിച്ചുപൊട്ടിക്കരെ'ഞ്ഞെൻറച്ഛനെൻറച്ഛ'നെ-
ന്നന്നയമ്ലാതകതാപം സഹിയാകുഞ്ഞുങ്ങളും!
മിന്നലൊന്നവരുടെതായസ്സു മുള്ളിൽപാഞ്ഞു—
മുന്നമേ തകർത്തു താനല്ലീ പിതാവിനെ!
ചേർത്തണച്ചവരംപിന്നെപ്പിഞ്ചുമക്കളെ,സ്സന്ദി-
ച്ചോർത്തുപോയ് അതേ,നിങ്ങരംരണ്ടാരംക്കു-
മച്ഛൻതന്നെ!
പലതുംരംഗങ്ങളാശോകചിത്രത്തിൻതിര-
ശ്ശീലയാൽകണ്ടാളവരം, കാന്തൻെറതിരോഭാവം!
രണ്ടരവയസ്സെൻെറബാലൻ, ഞാൻഗർഭിണി,
വേണ്ടിനിപ്പണമില്ലാക്കശ്മലൻ, മാതാവോതി;
കേണുകേണെങ്ങോപോയി, കുഞ്ഞിനെപ്പോലും കഷ്ടം
കാണിക്കയില്ലെന്നോതി, പാപിഞാൻമറന്നെന്നെ....!

# ഉഴവൻ

III

### ഒ. നാണു ഉപാദ്ധ്യായൻ

കുഞ്ഞിപ്പുലരിയുണരൻ കഴിഞ്ഞീല
മഞ്ഞിൻവെളിയട മാറിക്കഴിഞ്ഞീല,
അങ്ങതാ, നിൽപൂപരന്നപാടത്തിൻെറ
പൊങ്ങിയതാഴ്‌വരമ്പത്തുതനിച്ചൊരാരം
ചട്ടയുംതൊപ്പിയും പാപ്പാസുമില്ല, കാൽ-
മുട്ടകരംകുന്നിച്ചു തുമ്പുചുംബിക്കുന്ന
രോത്തൊന്നുടുത്തു, തലവഴിമെയ്യൊരു
ധോത്തിയാൽ മൂടിപ്പുതച്ചുനില്പാണവൻ.
കമ്പിളിയ്ക്കുള്ളിലെ ക്രൂക്കംവലികളാൽ
വമ്പുള്ളമേടയും മാറെറാലിക്കൊള്ളവേ
മഞ്ഞുംമരവിച്ചുപോയിത്തണുപ്പമായ്
രഞ്ജിച്ചുനിൽക്കുന്ന നിർദന്ദനാരിവൻ?
സന്ദേഹമെന്തിനു;ഴവനിതഥമ്മ
സന്ദേശവാഹിയാം യോഗസ്ഥനെന്നിയേ
ആരുള്ളതെല്ലാമുറങ്ങിക്കഴിയുന്ന
നേരമിവണ്ണമുണർവുകൊണ്ടീടുവാൻ?
തങ്കരലാളനമേററുതഴച്ചുന്തും-
തങ്കക്കതിർമുടി ചൂടിയനെല്ലുകരം
വിണ്ണിൻെറപുഞ്ചിരി ച്ചാത്തിൽതെളിയുന്ന
പൂർണ്ണോത്സവംകൊതിച്ചെത്തിയതാണിവൻ.
പാടംവിരിച്ചപൂമഞ്ഞവിരിപ്പിലെ-
മ്പാടുംനടമാടുമോമൽ സമൃദ്ധിയിൽ
ഉല്ലളൽസ്വർഗ്ഗീയ സൗവർണ്ണസിദ്ധിയിൽ
ഉള്ളമഴിഞ്ഞുനനീട്ടുകയാണിവൻ
റണ്ടിൻെറചുണ്ടിലെ ചോപ്പിവന്നാനന്ദ-
പ്പണ്ടാപഥത്തിലെ രത്നദീപാങ്കുരം!
ഒന്നുകളംമുട്ടയോളംകിടാങ്ങരം, മ-
റെറാന്നീവയലിൽനിന്നാടുന്ന നെല്ലുകരം.
മെന്മേൽതലചാച്ച നെല്ലുകരംനിഷ്പന്ദ-
രമ്യമുരംത്തിങ്ങുമിപ്പാടത്തണയവേ,
തമ്മിൽപുണർന്നുണ്ണികളുറങ്ങും തൻെറ
മൺപുരത്തിണ്ണമറന്നിരിക്കാമിവൻ
തായ്‌വരമ്പിൽകതിരാൽ കഴൽകെട്ടിവി-
ണാവലാതിക്കാർചിലർ നെട്ടികാട്ടവേ,
പാവനപ്രേമനിലീനനായ് തഞ്ചര-
ഭാവവുംപക്ഷേ, മറന്നിരിക്കാമിവൻ!
ആദർശഭേദപ്പെരുംതിരത്തല്ലല-
ല്ലാ, ശയപോതക്കിഴക്കത്തലല്ലിഹ;
മേദുരസ്നേഹപ്രചോദിതമാം കര-
ചാതുരിചേർക്കുംകലോത്സവം കാൺമു നാം;
വെൽക, കൃഷീവലാ, വെൽക, പൂവാശയെ
പ്പുൽകുന്നവീണ്ടുമപ്രത്യൂഷഭ്രതികരം,
അർങ്ങുകൊതിക്കും മഹാമഹത്തിന്നതാ
രംഗമൊരിക്കിക്കഴിഞ്ഞു വിഭാവസു!

അന്തിവിൺവെളിച്ചവും
മങ്ങിയന്നേരംട്ടരെ
യെന്തൊരു കുരരിതൻ
രോദനംപോലെപൊങ്ങി!!

7. Paris is situated on the river —
   a) Rhone; b) Loire; c) Seine.
8. How old are the famous Dionne quintuplets?
   a) 9 years; b) 11 years; c) 13 years.
9. "We fought the war as 'Britain Unlimited'". Who said this?
   a) Ernest Bevin; b) Winston Churchill; c) Hugh Dalton.
10. Who composed the "9th Symphony"?
    a) Bach; b) Beethoven; c) Schubert.
11. The Annual Conference of the Labour Party was held recently at —
    a) Bournemouth; b) Margate; c) Brighton.
12. Who is the author of "War of the Worlds"?
    a) H. G. Wells; b) Upton Sinclair; c) Sumner Welles.
13. In which century was the Cambridge University founded?
    a) 12th; b) 13th; c) 14th
14. What is the capital of Newfoundland?
    a) St. John's b) St. Albans; c) St. Anne's.







SOLD EVERYWHERE
Distributors for
Travancore & Cochin
A. KUMARAN, ALWAYE.

# വന്ദേമാതരം!

—o—

ആർ. നീലകണ്ഠപ്പിള്ള
യു: സി: കാളേജ് ആലുവാ

വംഗസാഹിത്യത്തിൽ ആഖ്യായികാകാരൻ എന്ന നിലയിൽ സമുന്നതമായ സ്ഥാനം സമാർജ്ജിച്ചിട്ടുള്ള 'ബങ്കിമ ചന്ദ്രചാററർജി' വിരചിച്ച 'വന്ദേമാതരഗാനം' കഴിഞ്ഞ അരശതാബ്ദക്കാലംകൊണ്ടു ബഹുസഹസ്രം പ്രസംഗവേദികളിൽ അനുസ്യൂതം ആലപിക്കപ്പെട്ടിട്ടുണ്ടു്. യുവത്വം വിളഞ്ഞ ബംഗാളിൽ അതു് ഒരു മാന്ത്രികശക്തിയായി പ്രവഹിച്ചു. അനഭിലഷണീയമായ 'ഇൻബർട്ടു് ബില്ലിനെ' (Ilbert Bill) പ്രതിഷേധിച്ചുകൊണ്ടുള്ള കലാപകാലത്തു് ഈ ദിവ്യഗാനം വനവഹ്നിപോലെ പടൎന്ന ശക്തിമത്തായി. ആധുനിക ബംഗാളിന്റെ നിൎമ്മാതാക്കളിൽ വ്യക്തിത്വം തികഞ്ഞ 'സുരേന്ദ്രനാഥ ബാനർജിയെ' കുററാരോപണംചെയ്തു വിസ്തരിച്ചപ്പോഴും വന്ദേമാതരഗാനം ജനതാമദ്ധ്യത്തിൽ നവോന്മേഷം ഉളവാക്കി. എന്നാൽ ഇവയെല്ലാം ഒരുവിധത്തിൽ കേവലം ആമന്ത്രണപ്രചരണങ്ങൾ മാത്രമായിരുന്നു. എന്നാൽ 'ബംഗാൾ വിഭജനത്തെത്തുടൎന്നുണ്ടായ "സ്വദേശിമൂവ്മെൻറ്" കാലം ഒരു പരിവൎത്തനകാലഘട്ടമാണു്. ബംഗാളിൽ കൊളുത്തിയ ദീപനാളം ഉത്തരക്ഷണത്തിൽ പ്രാന്തപ്രദേശങ്ങളിൽ കത്തിപ്പടൎന്നു. വന്ദേമാതരഗാനം യുവസ്വരകളെ കോരിത്തരിപ്പിച്ചു. അതു് പ്രബുദ്ധവും പ്രചോദനോജ്വലവുമായ സമരകാഹളമായി രൂപാന്തരപ്പെട്ടു. അതിനുശേഷം ഇന്ത്യൻ സ്വാതന്ത്ര്യകാംക്ഷികളായ ഏവരും ഇതിൽക്കൂടി സമാധാനം, അനുഭൂതി, ശക്തി ഇവ ദൎശിച്ചു. ലക്ഷക്കണക്കിനു് ജനങ്ങളെ കൎമ്മനിരതരാക്കിയ ഈ ഗാനത്തിന്റെ പിന്നിലായി സംഭവോജ്വലമായ ഒരു ചരിത്രമുണ്ടു്.

പതിനെട്ടാംശതകത്തിന്റെ അന്തിമദശയിൽ ബംഗാളിനു നേരിട്ട ദുരവസ്ഥയിലോട്ടു ഒരു നോക്കു അത്യന്താപേക്ഷിതമാണു്. അന്നു് ബംഗാൾഭരണം 'വാറൻഹേസ്റ്റിംഗ്സ്' എന്ന വെള്ളക്കാരന്റെ അനിയന്ത്രിതമായ അധികാരാധീനതയിലായിരുന്നു. ഭൂനികുതി പിരിയ്ക്കുന്നതിൽ, വിഭവസമ്പത്തോ ജനസമൂഹത്തിന്റെ അന്നത്തെ നിലയോ യാതൊന്നുംതന്നെ ഗണിച്ചിരുന്നില്ല. മുഹമ്മദീയഭരണം അപ്പോഴേയ്ക്കും അധഃപതനത്തിന്റെ നെല്ലിപ്പലക കണ്ടുകഴിഞ്ഞിരുന്നതിനാൽ അവർ ജനങ്ങളുടെ ദുരിതാവസ്ഥയിൽ നിരപരാധികളെപ്പോലെ മൗനമവലംബിച്ചു. 'കുന്നിന്റെമേൽ കുരു'വെന്നതുപോലെ ൧൭൭൦-ൽ നിരന്തരം ബംഗാളിനെ ബാധിക്കാറുള്ള ദാരുണക്ഷാമം നടമാടി. പട്ടിണിയും പശിയും മൂലം ആയിരക്കണക്കിനു ജനങ്ങൾ മരിച്ചു. ക്ഷാമദേവതയുടെ പ്രചണ്ഡതാണ്ഡവത്തിനൊപ്പം സായിപ്പിന്റെ ദ്രവ്യശാലയിൽ സ്വൎണ്ണനാണ്യങ്ങൾ താളംപിടിച്ചു. മരണത്തെ തത്വസംഹിതയിലെ ഒരു നിത്യസംഭവമായി ആ വിദേശികരുമത്രേ!

'കോർട്ടു് അഫ് ഡയറക്ടേഴ്സിനു ഹേസ്റ്റിംഗ്സ് അയച്ചുകൊടുത്ത റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു:— "ആയിരത്തി എഴുനൂററി എഴുപതിൽ ഈ പ്രദേശങ്ങളെ ബാധിച്ച ഭയങ്കര ക്ഷാമത്തിന്റെ ഫലത്തെ പററി ഇതിനകം അറിയിച്ചിട്ടുണ്ടു്. ജനസംഖ്യയിൽ മൂന്നിലൊന്നു നശിച്ചുപോയി. തൽഫലമായി കൃഷീവലന്മാർ കുറഞ്ഞു.

വരവിൽ സാരമായ കുറവുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നു വെങ്കിലും ൧൭൬൮-ൽ ലഭിച്ചതിൽനിന്നും ൧൭൭൧-ൽ ഗണ്യമായ ഒരു തുക കൂടുതൽ പിരിച്ചെടുത്തു എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. ഭൂനികുതിപ്പിരിവും പൂൎവ്വാധികം ഭംഗിയായിത്തന്നെ നടത്തി. ക്ഷാമബാധയില്ലാതിരുന്ന ബി. എസ്. ൧൧൭൫-ൽ ബംഗാളിൽനിന്നും ഈടായിക്കിട്ടിയതു് ഒരു കോടി ൩൩ ലക്ഷം രൂപയും ക്ഷാമവും പകർച്ചവ്യാധിയുംമൂലം നാടു ദുരിതപൂൎണ്ണമായിരുന്ന ൧൧൭൬-ൽ ഒരു കോടി ൪൦ ലക്ഷം രൂപയുമായിരുന്നു. നാടു ജനവിഹീനവും കൃഷിസ്ഥലങ്ങൾ ശൂന്യങ്ങളായുംതീൎന്ന ബി. എസ്. ൧൧൭൭-ൽ ഒരുകോടി ൫൭ ലക്ഷം രൂപ പിരിച്ചു എന്നാലോചിക്കുമ്പോൾ രാജ്യസ്നേഹികൾ എന്തുതന്നെ ചെയ്യുകയില്ല. ജനങ്ങൾ ദുർഭരണംമൂലം ഭ്രാന്തചിത്തരായിത്തീൎന്നു. കലാപങ്ങൾ സൎവ്വത്ര വ്യാപിച്ചു. സന്യാസികളും ഭിക്ഷുക്കളും ഭരണത്തെ എതിൎത്തു. ഉത്തരബംഗാളിലും ആസാമിന്റെ പ്രാന്തപ്രദേശങ്ങളിലും അപ്രതിരോധ്യമായ വിധത്തിൽ കലാപങ്ങൾ ഉണ്ടായി. സാധുക്കളായ കൃഷീവലന്മാർ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി കാലികളേയും, ഭാൎയ്യമാരേയും കുഞ്ഞുങ്ങളേയുംകൂടി വിററുതുടങ്ങി. ഇതികൎത്തവ്യതാമൂഢരായ അവർ കലാപത്തിൽ സജീവമായി പങ്കുകൊണ്ടു.

ബങ്കിമചന്ദ്രചാററർജി പട്ടിണിയും, പകൎച്ചവ്യാധിയും മരണവും നിറഞ്ഞ ഈ ദുരിതപൂൎണ്ണമായ പശ്ചാത്തലം സ്വീകരിച്ചു് 'ആനന്ദമാത' എന്ന ഗ്രന്ഥം എഴുതി ൧൮൮൨-ൽ പ്രസിദ്ധപ്പെടുത്തി. 'ആനന്ദമാത' ബംഗാളത്തു ഒരു വലിയ കൊടുങ്കാററിനെ സൃഷ്ടിച്ചു. കഥാവിഷയത്തിന്റെ ഗൗരവംകൊണ്ടും മനുഷ്യജീവിതസ്പൎശികളായ ചിത്രണങ്ങൾമൂലവും അതിനു ബംഗാളിലെ അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കാൻ തികച്ചും കഴിഞ്ഞു. പ്രഥമാദ്ധ്യായം തുടങ്ങുന്നതുതന്നെ പ്രശാന്തമായ ഒരു വനതലത്തിൽ ഏകാന്തതയിൽ നിന്നുമുയൎന്ന ഒരു ചോദ്യശബ്ദത്തിന്റെ ചിത്രണത്തോടുകൂടിയാണു്. 'എന്റെ ആഗ്രഹങ്ങൾ നിറവേറേണ്ടെ?' ഈ ചോദ്യം മൂന്നുരു ആവൎത്തിക്കുന്നു. 'ഏന്താണു് ആ അഭിലാഷം'? 'ഞാൻ എന്റെ ജീവിതം പണയപ്പെടുത്തും' ആ നിഃസ്വാൎത്ഥശബ്ദം മണിനാദം പോലെ മുഴങ്ങി. 'ജീവിതം നിസ്സാരമാണു്. ഒരുവനു് അവനെറ ജീവിതത്തെ അൎപ്പിക്കുവാൻ കഴിയും' അതായിരുന്നു പെട്ടെന്നു ലഭിച്ച മറുപടി. ആ അന്വേഷകൻ അതിശയിച്ചു. 'എനിയ്ക്കു മറെറന്തുകൂടിയുണ്ടു്? മറെറന്തുകൂടി അൎപ്പിക്കുവാൻ കഴിയും'? മേഘനാദംപോലെ മറുപടി പറഞ്ഞു—ഭക്തി—അതെ. വാസ്തവത്തിൽ ഒരുവനു്, നൈമിഷികമായ ആവേശാധിക്യത്തിൽ ജീവനെ അൎപ്പിക്കുവാൻ കഴിയും. എന്നാൽ ഒരുവനു് ദൃഢപ്രതിഷ്ഠമായ ഭക്തി നിൎമ്മലമായ ആദൎശാധിഷ്ഠാനത്തിൽ ബലികഴിയ്ക്കുവാൻ സുസാദ്ധ്യമല്ല.

ഭാരതമാതാവിനോടുള്ള അകൈതവഭക്തിയാകുന്ന കഥാവസ്തു രജതനൂൽപോലെ പ്രസ്തുത ഗ്രന്ഥത്തിന്റെ ഉടനീളം വ്യാപിച്ചിരിക്കുന്നു. ഗ്രന്ഥകാരൻ തൂലികയെ തന്റെ ഹൃദയരക്തത്തിൽ മുക്കിയെഴുതിയതാണു്.

ഇന്ത്യയിലെ യുവലോകം മുഴവൻ വന്ദേമാതരഗാനത്തെ ആവേശഭരിതരായി സ്വീകരിച്ചു. ആ രണ്ടുപദം വന്ദേ—മാതരം. അല്ലയോ മാതാവേ, നിന്നെ ഞാൻ നമിക്കുന്നു. ലക്ഷക്കണക്കിനു ആളുകൾ ലാത്തിപ്രഹരം സഹിച്ചു ധീരമായ അധരങ്ങളാൽ ഈ ഗാനം ഉച്ചരിച്ചുകൊണ്ടു നിരവധിപേർ കാരാഗൃഹവാസം കൈവരിച്ചു. അരവിന്ദഘോഷ്, ബന്തുപാദ്ധ്യായ, ലാലാലജപത്രായി, ബാലഗംഗാധരതിലക് തുടങ്ങിയ അനവധി ധീരകേസരികൾ ഭാരതത്തിന്റെ കെടാസന്താനങ്ങളാണു്.

'ഈ ഗാനം നശിക്കുകയില്ല' എന്നാണു് രാജേന്ദ്രപ്രസാദ് തന്റെ 'വിഭജിക്കപ്പെട്ട ഇന്ത്യ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. കാൺഗ്രസ്സുയോഗങ്ങളിൽ ഈ ഗാനം അനവരതം പാടപ്പെട്ടിട്ടുണ്ടു്. 'പതിനഞ്ചു കൊല്ലങ്ങൾക്കപ്പുറം കാൺഗ്രസ്സിലെ ഒരു പ്രമുഖപ്രവൎത്തകനായിരുന്ന മുഹമ്മദാലി ജിന്നാപോലും സ്വമതാഭിലാഷങ്ങൾക്കു വിരുദ്ധമായി ഒന്നുംതന്നെ അതിൽ കണ്ടില്ല. എന്നാൽ കാൺഗ്രസ്സ് മന്ത്രിസഭ പ്രവൎത്തനം തുടങ്ങിയപ്പോൾ 'മുസ്ലിം ലീഗ്' എതിൎത്തു. ഇതായിരുന്നു മുസ്ലിംലീഗിനു് കാൺഗ്രസ്സിനോടുള്ള അഭിപ്രായഭിന്നതകളിൽ ഗുരുതരമായ ഒന്നു്. അവർ ഈ ഗാനത്തെ സ്വീകരിക്കുന്നില്ല. ഇന്ത്യ വിഭജിക്കപ്പെട്ടാലും ഇല്ലെങ്കിലും ഈ ഗാനം സനാതനമാണു്. മി. ജിന്നാ സ്വീകരിച്ചാലും ഇല്ലെങ്കിലും ഈ ഗാനം ശാശ്വതമാണു്.!

—o—

## General Knowledge Quiz

Answers
(Questions on page 13)

1. (b); 2. (a); 3. (c); 4. (a); 5. (b); 6. (a); 7. (c); 8. (c); 9. (a); 10. (b); 11 (b); 12 (a); 13. (b); 14, (a).


## കറണ്ട് അക്കൌണ്ട് ആരംഭിക്കുന്നതായാൽ എനിക്കു എന്തെല്ലാം സൌകര്യങ്ങൾ ലഭിക്കും?

അന്നന്നു് മിച്ചം വരുന്ന സംഖ്യ കറണ്ടു് അക്കൌണ്ടിൽ നിക്ഷേപിക്കയും, വാങ്ങുന്ന സാമാനങ്ങൾക്കു റൊക്കമായൊ, മണിഓഡർ മൂലമൊ പണം കൊടുക്കുന്നതിനു പകരം, ചെക്കുമൂലം കൊടുക്കുകയും ചെയ്യാലുള്ള സൌകര്യങ്ങളെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ആധുനിക വ്യാപാരികൾ ഇന്നു് ചെയ്തുവരുന്നതു് അങ്ങിനെയാണു്.

കറണ്ടു് അക്കൌണ്ടുകൊണ്ടു് നിങ്ങൾക്കു എന്തെല്ലാം പ്രയോജനങ്ങൾ സിദ്ധിക്കുമെന്നു് പാലാ സെൻട്രൽ ബാങ്ക് ബ്രാഞ്ചു മാനേജർ സസന്തോഷം പറഞ്ഞു തരും. നിങ്ങൾക്കു് ഒരു ചെക്കുപുസ്തകം നല്കപ്പെടും. ചെക്കുമൂലം പണം കൊടുക്കുന്നതു് സുരക്ഷിതവും, സൌകര്യപ്രദവും ആകുന്നു. മററു സൌകര്യങ്ങളുടെ കൂട്ടത്തിൽ നിങ്ങൾക്കു് കടവായ്പ സൌകര്യങ്ങളും സിദ്ധിക്കും.

കറണ്ട് അക്കൌണ്ടുകൾ ★ കടവായ്പ സൌകര്യങ്ങൾ
സേവിംഗ്സ് അക്കൌണ്ടുകൾ ★ സ്ഥിരം ഡിപ്പോസിററുകൾ ★ കാഷ് സർട്ടിഫിക്കററുകൾ





## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

(തിരുവിതാംകൂറിൽ റജിസ്റ്റാക്കപ്പെട്ടതു് ഓഹരിക്കാരുടെ ബാദ്ധ്യത ക്ലിപ്തം)

ESTD. 1927

കൊല്ലം — തിരുവിതാംകൂറിലെല്ലായിടത്തും ബ്രാഞ്ചുകൾ

## ഇന്ത്യയുടെ ഒന്നാമത്തെ വനിതാസ്ഥാനപതി



സോവിയറ്റ്റഷ്യയിലെ ഒന്നാമത്തെ ഇന്ത്യൻസ്ഥാനപതിയായി നിയമിക്കപ്പെട്ടിരിക്കുന്ന ശ്രീമതി വിജയലക്ഷ്മിപണ്ഡിററ്. ശ്രീമതി പണ്ഡിററ് പണ്ഡിതജവഹർലാൽനെഹ്റുവിന്റെ സഹോദരിയും ഐക്യസംസ്ഥാനത്തെ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയുമാണ്. യൂ. എൻ. ഓയിൽ ദക്ഷിണാഫ്രിക്കൻഗവൺമെണ്ടിനെതിരായി ഇന്ത്യാഗവൺമെണ്ടിന്റെ ഡെലിഗേററായി നിയോഗിക്കപ്പെട്ട ശ്രീമതി പണ്ഡിററ് ഇന്ത്യയ്ക്കുവേണ്ടി പ്രശംസനീയമായ രീതിയിൽ വാദം നടത്തി. ഇന്ത്യയ്ക്കു വിജയം കൈവരുത്തിയ കാര്യം എത്രയും അഭിനന്ദനീയമാണ്.

---



ബ്രിട്ടീഷ് യുദ്ധാനന്തരമോട്ടോർകാർ:—വളരെ പരിഷ്കൃതരീതിയിലുള്ള ഒരു ബ്രിട്ടീഷ് കാർ റൂട്ട്സ് സംഘത്തിന്റെ ചിത്രത്തിൽ കാണുന്ന ഹംബർ സെഡാൻ കാഡീവിൽ എന്ന കാറാണ്. കാഴ്ചയ്ക്കു ഭംഗിയും യാത്രയ്ക്കു സുഖവുമുള്ള ഈ പരിഷ്കൃതരീതിയിലുള്ള വാഹനത്തിന്റെ ജന്നലുകൾ വൈദ്യുതശക്തികൊണ്ടു തുറക്കുകയും അടയ്ക്കുകയും ചെയ്യാവുന്നതും, അദൃശ്യമായ വൈദ്യുതദീപപ്രകാശത്തോടും ശീതോഷ്ണനിയന്ത്രണത്തിനുള്ള ഉപകരണത്തോടും കൂടിയതും ആണ്. അടുത്തു നില്ക്കുന്നതു ബ്രിട്ടനിലെ പ്രസിദ്ധ സിനിമാതാരമായ മർഗററ് ലഖ്വുഡ് ആണ്.

---

(രണ്ടാംപേജിൽനിന്നും തുടർച്ച)

കുന്നു. ഹാ! എന്തൊരു മാസ്മരവിദ്യ!? ഇതാണോ സേവനം?

'വഞ്ചനനിറഞ്ഞനിറഞ്ഞഹൃദയം-കടിലതയുടെ ക്രൂരമായ ആ ഹൃദയം-ക്രൂരതയുള്ള നീ എത്രശ്രേഷ്ഠമായിരിക്കും? ഉന്നതമായ ചിന്തകൾ! ഉൽകൃഷ്ടമായ ആദർശങ്ങൾ! കറകലരാത്ത സന്ദേശങ്ങൾ!'

'മകനേ ക്ഷമിക്കണം! എനിക്കു ജീവിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല; ആശയുമില്ലായിരുന്നു. പിന്നെ ഞാനെന്തിനു ജീവിച്ചു? നിന്നെക്കാണുവാൻവേണ്ടി-അതിനുവേണ്ടിമാത്രം ഞാൻ ജീവിച്ചു. ഉഷ്ണംഅടിച്ചും തണുത്തും ഞാൻ ജീവിച്ചു. ആദ്യമൊന്നും അറിഞ്ഞില്ല.'

'അന്നു നീ ഒരു 'ടീപാർട്ടി'യിൽ പങ്കെടുത്തപ്പോൾ യാദൃച്ഛികമായി അവിടെവന്നു ഞാൻ പിച്ചപ്പുള്ളനീട്ടി. നിന്നെ ഒരുനോക്കു കണ്ടു; നിയന്നെയും. നിന്റെ മുഖം കാളിമപോലെ കറുത്തു, രൂക്ഷമായി. നിന്റെ അഭിമാനം ഞെരിഞ്ഞമരുന്നതായിത്തോന്നി. പരിഭ്രമത്തോടെ, പക്ഷേ ഉൾപ്പുളകത്തോടെ ഞാൻ പിൻവലിഞ്ഞു. ഒരു മാന്യൻ ശാസിച്ചപ്പോൾ നീ പറഞ്ഞ മറുപടിയും ഞാൻ കേട്ടു.

അടുത്തദിവസംതന്നെ നിന്റെ ഒരു കത്തെനിക്കു ലഭിച്ചു. നീ വിശ്വസിക്കുമെങ്കിൽ—നിന്നെ ആക്ഷേപിക്കുവാനല്ല ഞാനീവേഷംകെട്ടിയതു—സത്യം! പിന്നെയും നാം തമ്മിൽ കണ്ടുമുട്ടി. അന്നൊക്കെ ഞാൻ ഒഴിഞ്ഞുമാറിക്കളഞ്ഞു. അവസാനമായി നിന്റെ അന്ത്യശാസനം എനിക്കു കിട്ടി. 'യാചകനിരോധനം—പട്ടണത്തിലെങ്ങും കണ്ടുപോകരുതു്.' ഇല്ല—ഇനി നിന്നെ ഞാൻ ആക്ഷേപിക്കുകയില്ല. പട്ടണത്തിലെങ്ങും എന്നെക്കാണുകയില്ല—ഞാൻ—പോവുകയാണ്—!

'എന്നാൽ എനിക്കൊരപേക്ഷയുണ്ട്. നിന്റെ സേവനങ്ങളുടെ പിറകിലുള്ള ദയനീയമായ, മാരകമായ, മ്ലേച്ഛമായ ആ സംഭവങ്ങൾ—നീ അല്പമൊന്നു ചിന്തിക്കുക!

'അതുമാത്രമാണ് നിന്റെ അച്ഛന്റെ അന്ത്യാപേക്ഷ.'

ആ നീണ്ട കത്തു് അങ്ങനെ അവസാനിക്കുന്നു. ഇൻസ്പെക്ടർ സ്തബ്ധനായിരിക്കുകയാണ്.

* * * * *

പ്രസന്നവദനനായി ചന്ദ്രനാഥ് ഇൻസ്പെക്ടരുടെ മുറിയിലേക്കു കടന്നുവന്നു. ചിന്താധീനനായിരുന്ന ഇൻസ്പെക്ടർ ഞെട്ടിയുണർന്നു. അദ്ദേഹത്തെ സസന്തോഷം സ്വീകരിച്ചു.

'ഇങ്ങോട്ടു വരാനൊരുങ്ങുമ്പോഴാണ് ഫോൺ—' ചന്ദ്രനാഥ് ഒരു കസേരയിലിരുന്നു. ഇൻസ്പെക്ടർ ആ എഴുത്തുകൾ അദ്ദേഹത്തിന്റെ മുമ്പിൽ എടുത്തുവച്ചു.

'എന്താണിതു?' ചന്ദ്രനാഥ് അത്ഭുതപ്പെട്ടു.

'ഓരോന്നായി വായിച്ചു നോക്കു —' അദ്ദേഹം എഴുത്തുകൾ വായിച്ചു തുടങ്ങി. ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു ദൃഷ്ടയൂന്നിയിരുന്നു. ചന്ദ്രനാഥിന്റെ വദനത്തിൽ വികാരം തിരതല്ലി.

എഴുത്തുകൾ വായിച്ചുതീർന്നു ചന്ദ്രനാഥ് ചിന്താധീനനായിരിക്കുകയാണ്. ഭീകരമായ നിശ്ശബ്ദത!

'ഉം...? ഉം...?' മരക്കൊമ്പിലിരുന്ന ഒരു മൂങ്ങ ചോദിക്കുകയാണ്. തുറിച്ച കണ്ണുകളോടെ ചന്ദ്രനാഥ് അങ്ങോട്ടു നോക്കി.

ടിക്ക്......! ടിക്ക്......!' ഭിത്തിയിലിരുന്ന ക്ലോക്ക് നാഴികനേരം പറഞ്ഞു. ചന്ദ്രനാഥിന്റെ ശ്രദ്ധ ക്ലോക്കിലേക്കായി. അദ്ദേഹം ആ ശബ്ദം ഉച്ചത്തിലെണ്ണിക്കൊണ്ടിരുന്നു. 'ഒൻ......! ട്ട......ശ്രീ......! ഫോർ...! ഫൈവ്...! .........! .........! .........ലെവൻ!' അദ്ദേഹം ചാടിയെഴുന്നേററു. 'പതിനൊന്നു.......!' ക്ലോക്കിലേക്കുറ്റുനോക്കിക്കൊണ്ട്, അദ്ദേഹം ഭിത്തിയെ സമീപിച്ചു. ചന്ദ്രനാഥിന്റെ മുഖം ബീഭത്സപൂർണ്ണമായി. കൈകൂപ്പി കൂട്ടിത്തിരുമ്മിക്കൊണ്ട് അദ്ദേഹം ഇൻസ്പെക്ടറെ തുറിച്ചു നോക്കി. 'അതേ......പതിനൊന്നാംമണിക്കൂറിൽ......' അദ്ദേഹമൊന്നലറി. ഇൻസ്പെക്ടർ നടുങ്ങിപ്പോയി.

എന്തു സംഭവിച്ചു......?' ഇതികർത്തവ്യതാമൂഢനായി ഇൻസ്പെക്ടർ പകച്ചുനിന്നു.

'എന്താണു സംഭവിച്ചതു്.........?' ഒരു പാവയെപ്പോലെ ഇൻസ്പെക്ടർ ചോദിച്ചു.

'ഹ...ഹ...ഹ' പ്രാകൃതമായി അദ്ദേഹം പൊട്ടിച്ചിരിച്ചു. ചന്ദ്രനാഥ് തുടർന്നു. 'ഹ...ഹ! ഞാൻ......മനുഷ്യനായി!!'

'അല്ല......ഭ്രാന്തനായി...' ഇൻസ്പെക്ടർ സധൈര്യം പറഞ്ഞു.

'ഹ...!ഹ...ഹ...! ഭ്രാന്തൻ......! ഭ്രാന്തൻ!' വിളറിയിലേക്കു നോക്കി ചന്ദ്രനാഥ് ചിന്തയിൽ മുഴുകി. 'അയ്യോ—ക്രൂരിട്ട്—ഹാ—വൃദ്ധൻ—ഹ ഹ—അച്ഛൻ' അയ്യോ—അച്ഛാ—' കരങ്ങൾ നീട്ടി ഇൻസ്പെക്ടറെ ആശ്ലേഷിക്കുവാനായി സമീപിക്കുന്നു. ഇൻസ്പെക്ടർ ഒഴിഞ്ഞുമാറി. ചന്ദ്രന്റെ ഉച്ചത്തിൽ തുടർന്നു 'അതേ—അദ്ദേഹം—എന്റെ അച്ഛൻ—അച്ഛാ—!'

ശിരകരങ്ങളും കൂപ്പിക്കൊണ്ടു ചന്ദ്രനാഥ് മുമ്പോട്ടു നീങ്ങി. 'വിലങ്ങ്—വിലങ്ങ്—എവിടെ വിലങ്ങ്—? ഹ--ഹ--ഹ—'

ഇൻസ്പെക്ടർ വീണ്ടും കുഴങ്ങി. ചന്ദ്രനാഥിന്റെ ഭീകരമായ പൊട്ടിച്ചിരി വിളറിയിലെങ്ങും മുഴങ്ങി.

—o—

## വിശേഷവസ്തുതകൾ

—o—

ഒരു തുമ്പൽകൊണ്ടു പുറത്തുപായുന്ന ജലദോഷത്തിന്റെ അണുക്കൾ സെക്കണ്ടിൽ [illegible] മൈൽ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ആസ്ട്രേലിയൻ കാമൺവെൽത്തുവകയായ ട്രാൻസ്കാണ്ടിനെന്റൽ റെയിൽവേയാണു വളവുകൂടാതെ നേരേപോകുന്നതിൽ ഏററവും ദീർഘമായപാതയുള്ളതു്. അതു വളവുകൂടാതെയും ഒരു നദിപോലും തരണംചെയ്യാതെയും നല്ലർ ബോർസമതലത്തിൽക്കൂടി [illegible] മൈൽ പോകുന്നു.

ഈജിപ്ഷ്യൻ ഡിസ്ട്രിക്ടിലെ ക്രക്കട്ടോവാദ്വീപിൽ [illegible]-ൽ ഉണ്ടായ ഒരു അഗ്നിപർവ്വതപ്പൊട്ടലിന്റെ ശബ്ദം [illegible] മൈൽ ദൂരമുള്ള ബാങ്കോക്കുനിവാസികൾക്കു കേൾക്കാമായിരുന്നു.

[illegible] ഇഞ്ചു നീളം, വീതി, വണ്ണം ഇവയുള്ള ഒരു സ്വർണ്ണക്ഷേത്രത്തിന്റെ തൂക്കം [illegible] ടൺ ആണു്.

ലോകത്തിലെ അത്ഭുതങ്ങളിലൊന്നായ ചൈനയിലെ കോട്ടമതിലിനു വളവുകളും തിരിവുകളുമുൾപ്പെടെയുള്ള നീളം [illegible] മൈൽ ആണു്.

ഒരു ഔൺസിന്റെ മൂന്നിൽ ഒന്നു ഒരു പെനിനാണയത്തിനും അരപെനിയ്ക്കും അഞ്ചിലൊന്നും ഫാർതിങ്ങിനു പത്തിലൊന്നും ആണു തൂക്കം. അരപെനിയ്ക്കു ഒരു ഇഞ്ചു വ്യാസമാണുള്ളതു്.

ചൈനക്കാരുടെ ഇടയിൽ [illegible],000 ഭാഷാഭേദങ്ങൾ ഉണ്ടു്.

പൂച്ചയ്ക്കു ഇരുട്ടിൽ കാഴ്ചയുണ്ടെന്നതു ഒരു മിഥ്യയാണ്.

ബ്രിട്ടനിലെ ഒരു സ്ഥലവും കടൽതീരത്തുനിന്നും [illegible] മൈൽ കൂടുതൽ ദൂരമില്ല.

വാഷിംഗ്ടണിൽ ആദ്യമായി പണിതീർത്ത പൊതുമന്ദിരം 'വൈററ്ഹൌസ്' ആണ്.

സമുദ്രജലത്തിൽനിന്നും വലിയ ചിലവുകൂടാതെ സ്വർണ്ണം എടുക്കുന്നതിനു മാർഗ്ഗം കണ്ടുപിടിച്ചാൽ ഒരു ഘനമൈൽ സമുദ്രജലത്തിൽനിന്നു [illegible] പവൻ വിലയുള്ള സ്വർണ്ണം കിട്ടുന്നതാണ്.

ബ്രിട്ടനിലെ ആദ്യത്തെ പാർലമെന്റ [illegible]-ൽ എഡ്വാർഡു ഒന്നാമൻ നടത്തിയതാണ്.

ബേസിക് ഇംഗ്ലീഷിനു [illegible] നാമങ്ങളും [illegible] നാമവിശേഷണങ്ങളും [illegible] ക്രിയാപദങ്ങളും ഇവയാണുള്ളതു്.

ചെവി, മൂക്കു, തൊണ്ട ഇവ സംബന്ധിച്ച രോഗങ്ങൾക്കു വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ഭിഷഗ്വരന്മാർ അറിയപ്പെടുന്നതു consultant in Otorhino-largyngology എന്നാണ്.

ബ്രിട്ടീഷ് പ്രക്ഷേപണകേന്ദ്രം (ബി. ബി. സി.) പ്രതിവർഷം [illegible]-യൂണിററ് ഇലക്ട്രിസിററി ഉപയോഗിക്കുന്നു. ഇതിനുള്ള ചിലവു് [illegible]-പവനാണ്.

ഇപ്പോഴത്തെ കാമൺസ്സഭയിൽ ഏഴു് രാഷ്ട്രീയകക്ഷികൾക്കു് പ്രാതിനിധ്യമുണ്ടു്.

കടലാസ്, പട്ടു്, തേയില, വെടിമരുന്നു്, മടക്കുകുട ഇവ ചൈനയിലാണു് ഉത്ഭവിച്ചതു്.

ബ്രിട്ടനിലെ [illegible]-കുടുംബങ്ങളോളം അലൂമിനിയ നിർമ്മിതമായ ഭവനങ്ങളിൽ താമസിക്കുന്നു.

ഒരു റെയിൽവേ ലയിനിൽനിന്നും [illegible] മൈലിൽ കൂടുതൽ ദൂരമുള്ള സ്ഥലങ്ങൾ ഇംഗ്ലണ്ടിലില്ല.

മോസാർട്ടു് എന്ന സംഗീതകൃതിത്തിന്റെ ആദ്യകൃതി അദ്ദേഹത്തിന്റെ [illegible]-ാമത്തെ വയസ്സിൽ രചിച്ചതാണ്.

ബ്രിട്ടനിലെ വനിതാ കരസേനയുടെ അംഗസംഖ്യ [illegible]-വരെ ഉണ്ടായിരുന്നു.

ഇംഗ്ലണ്ടിലെ എഡ്വർഡ് ഒന്നാമൻ എന്ന രാജാവാണു് [illegible]-സെപ്തംബർ [illegible]-ാംനു- ലോകത്തിൽ ആദ്യമായി ഒരു 'ചെക്കു്' എഴുതിയതു്.

—o—

---

## അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ

—o—

ധനതത്വപ്രവേശിക-(രണ്ടാംഭാഗം) കെ. ഇ. ജോബ്, എം. ഏ., എൽ. ററി- സെന്റജോസഫ്സ് പ്രസ്സ് മന്നാനം-പേജ് 95. വില രൂ. 1. ണ. 4

History and Civics—The Vijaya Guide for Form III & Class VII K. K. Abraham Keekozhoor The Vijaya Book Stall, Quilon, Page 100 Price 16 Chs.

Mathematics — The Vijaya Guide for Form III & Class VII K. K. Abraham Keekozhoor, The Vijaya Book Stall, Quilon Page 80 Price 21 Chs.

വാസന്തി-(പദ്യം) മെഴുവേലി എം. എം. നാരായണൻ. പേജ് 22. വീനസ് പ്രസ്സ്, കോന്നി, വില അണ 8.

---

തേഡ്ഫാറം

## ഭാഷാസഹായി

(വിദ്വാൻ ഗോപാലകൃഷ്ണൻനായർ)


ആറാംപാഠത്തിലെ എല്ലാം പാഠങ്ങളുടെയും സവിസ്തരമായ വ്യാഖ്യാനം, നെപ്പോളിയന്റെ ജീവിതസംഗ്രഹം-വ്യാകരണം എന്നിവയുടെ വിശദമായനോട്ട്, ചോദ്യങ്ങളും ഉത്തരങ്ങളും എന്നുവേണ്ട അദ്ധ്യാപകരും കുട്ടികളും അറിഞ്ഞിരിക്കേണ്ട സകല വിവരങ്ങളുമടങ്ങിയതു്. സകലരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രം.

പുതിയപതിപ്പ് വില [illegible] ക.


[illegible] കമ്മീഷൻ

ഉദയാബുക്ക്സ്റ്റാൾ, പുനലൂർ.

ബ്രാഞ്ച്—തിരുവനന്തപുരം.



## രാജാവും കുമാരിമാരും



ആഫ്രിക്കൻ പര്യടനംകഴിഞ്ഞെത്തിയ ചക്രവർത്തിതിരുമനസ്സുകൊണ്ടും എലിസബത്ത്, മാർഗററ്റ്റോസ് എന്നീ കുമാരിമാരും വിൻഡ്സർപാർക്കിൽ സവാരി ചെയ്യുന്നതു്.

(ഒന്നാംപേജിൽനിന്നും തുടർച്ച)

### ഡൊമിനിയൻ നിശ്ചയിക്കും

ഓരോ ഡൊമിനിയനും ഇഷ്ടംപോലെ പ്രിവികൗൺസിലിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അവകാശം വച്ചുകൊണ്ടിരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്. അയർലണ്ടു നിശ്ചയിച്ചതുപോലെ, പ്രിവികൗൺസിലിലേക്കു അപ്പീലുകൾ അയയ്ക്കുന്ന പതിവ് ഉപേക്ഷിക്കണമെന്നാണ് ഒരു ഡൊമിനിയൻ തീരുമാനിക്കുന്നതെങ്കിൽ യുണൈറ്റഡ് കിങ്ഡം അതിനു തടസ്സമായി നിൽക്കുന്നതല്ല. അതിവിദൂരമായ ഒരു സ്ഥലത്തു കൂടുന്ന പ്രിവികൗൺസിൽ ഏററവും നിഷ്പക്ഷമായ ഒരു തീർപ്പു കല്പിക്കുമെന്നുള്ള വിശ്വാസംകൊണ്ടാണു ചില ഡൊമിനിയൻസു അപ്പീലവകാശം ഉപേക്ഷിക്കാത്തതു്. ക്യാനേഡായുടെകാര്യം ഇതുപോലെതന്നെയാണ്. ഭരണവ്യവസ്ഥയിൽ ഭേദഗതി വരുത്തണമെങ്കിൽ പാർലമെൻറിലാണ് അധികാരം സ്ഥിതിചെയ്യുന്നതു്. ക്യാനേഡായുടെ അതിഷ്ടമാകുകയാലാണ് ആ അവകാശം ബ്രിട്ടീഷുപാർലമെൻറിൽതന്നെ നിക്ഷിപ്തമായിരിക്കുന്നതു്; ബ്രിട്ടനെക്കാൾ താണപദവി ക്യാനഡാ സ്വീകരിക്കുന്നെന്നല്ല അതിൻെറ അർത്ഥം.

ഈ പതിവുകൾ, പരസ്പരവിശ്വാസം, അലിഖിതങ്ങളായ ചില നിയമങ്ങൾ ഇവ കാമൺവെൽത്തിൻെറകാര്യങ്ങളിൽ സുപ്രധാനമായവയാണ്. അതിലുൾപ്പെട്ടവർക്ക് അവയുടെ അർത്ഥം സുഗ്രാഹ്യമാണെങ്കിലും അല്ലാത്തവർക്ക് മനസ്സിലാക്കാൻ പ്രയാസമുള്ളവയാണ്.

### ബ്രിട്ടൻെറ സ്ഥാനം

കാമൺവെൽത്തിലെ ഘടകരാജ്യങ്ങൾ തമ്മിൽ അന്യോന്യം സമത്വമാണെങ്കിലും അവയിൽ ഏററവും ശക്തവും, ലോകത്തിൽ പ്രാധാന്യം വഹിക്കുന്നതും യുണൈറ്റഡ് കിങ്ഡംതന്നെയാണ്. യുണൈറ്റഡ് കിങ്ഡത്തിനു ഇതര അംഗരാജ്യങ്ങളെ അപേക്ഷിച്ചു, എല്ലാരാജ്യങ്ങളുമായും നയതന്ത്രപരമായ ബന്ധമുണ്ട്. സ്വന്തം സ്ഥാനപതികളില്ലാത്ത രാജ്യങ്ങളിൽ അവരുടെ കാര്യങ്ങൾ നിർവഹിക്കുന്നതു ബ്രിട്ടൻെറ പ്രതിപുരുഷന്മാർ മുഖാന്തിരമാണ്. രണ്ടാം ലോകമഹായുദ്ധകാലത്തു അതിപ്രധാനങ്ങളായ പല കൂടിയാലോചനകളും യുണൈറ്റഡ്സ്റ്റേററ്സുമായി നടത്തേണ്ടതായിവന്നു. യുണൈറ്റഡ്സ്റ്റേററ്സു യുദ്ധാവശ്യങ്ങൾക്കു നൽകിവന്നിരുന്ന വിഭവങ്ങൾ കാമൺവെൽത്തിലെ ഘടകരാജ്യങ്ങൾക്കു ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനു പല ബോർഡുകളും സംഘടിപ്പിക്കപ്പെട്ടിരുന്നു. പല കാര്യങ്ങളിലും കാമൺവെൽത്തു രാജ്യങ്ങൾക്കു വേണ്ടിയുള്ള ജോലികൾ നിർവഹിച്ചുവന്നതു് യുണൈറ്റഡ് കിങ്ഡംതന്നെയായിരുന്നു. ലണ്ടനിൽ സ്ഥാപിതമായിരുന്ന കാമൺവെൽത്ത് സപ്ലൈ കൗൺസിൽ ഘടകരാജ്യങ്ങളുടെ വിഭവശേഷിയും ആവശ്യങ്ങളും അമേരിക്കയിലെ ബ്രിട്ടീഷ് പ്രതിനിധികളെ അറിയിക്കുകയും, വാഷിംഗ്ടണിലെ ബോർഡുകൾ സാധനങ്ങളുടെ വിതരണത്തെപ്പററി നിർണ്ണയിക്കുകയും ചെയ്തുവന്നിരുന്നു. കാമൺവെൽത്തിനു അനുവദിക്കപ്പെട്ട വിഭവങ്ങൾ വിവിധ ഘടകങ്ങൾക്കു വിതരണം ചെയ്യുന്ന ജോലി കാമൺവെൽത്തു സപ്ലൈ കൗൺസിലും നടത്തിവന്നു.

യുണൈറ്റഡ് കിങ്ഡം ലോകമഹാശക്തികളിലൊന്നാണ്. യു. എസ്സ്. എ. റഷ്യ, ഫ്രാൻസ്, ചിലപ്പോൾ ചൈന, ഇവയുമായി യുണൈറ്റഡ് കിങ്ഡം കഴിഞ്ഞ കാലങ്ങളിൽ പല അതിപ്രധാനങ്ങളായ ആലോചനകളും നടത്തി വന്നുകൊണ്ടിരിക്കുകയാണ്. ലോകത്തിൻെറ ഭാവിയെ രൂപപ്പെടുത്തുന്നതിനു സഹായിക്കുന്ന ആലോചനകളാണിവ. ഈ ആലോചനകളുടെ സ്വഭാവത്തെപ്പററി യുണൈറ്റഡ് കിങ്ഡം അപ്പോഴപ്പോൾ ഡൊമിനിയനുകളെ അറിയിച്ചുകൊണ്ടിരിക്കുന്നതു്. ചർച്ചക്കുള്ള സമ്മേളനങ്ങളിൽ ഉന്നയിക്കപ്പെടുന്ന പ്രധാന പ്രശ്നങ്ങളെപ്പററി ഡൊമിനിയൻ പ്രതിനിധികളുടെ അഭിപ്രായത്തെ ആരായുന്നതി

കൃഷി

## പപ്പയ്യാകൃഷി

നിഷ്പ്രയാസമായി കൃഷിചെയ്യുണ്ടാക്കാവുന്ന ഒരു ഫലവൃക്ഷമാണ് പപ്പ അല്ലെങ്കിൽ കപ്പ. ഏതുതരം മണ്ണിലും ശീതോഷ്ണസ്ഥിതിയിലും വളർത്താവുന്നതും ആദ്യവർഷത്തിൽതന്നെ 'കായ്' പിടിച്ചുതുടങ്ങുന്നതുമാണിതു്. പപ്പയ്യാ വളരെ രുചികരവും എ സി. എന്നീ വിററാമിൻസ് അടങ്ങിയതും വളരെ ദഹനശക്തിയുള്ളതുമാണ്. തൃപ്തികരമായി പപ്പയ്യാ കൃഷിനടത്താനാഗ്രഹിക്കുന്നവർക്കു താഴെക്കാണുന്ന നിർദ്ദേശങ്ങൾ ഉപയോഗപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. മണ്ണ്, മാർദ്ദവമുള്ള ചളിമണ്ണാണ് ഈ കൃഷിക്കുത്തമമെങ്കിലും ഏതുതരം മണ്ണിലും ശരിയായ വളം ഉപയോഗിച്ച് പപ്പ കൃഷി നടത്താവുന്നതാണ്. ചെടിയുടെ തടത്തിൽ വെള്ളം കെട്ടിനിൽക്കാൻ അനുവദിക്കരുതു്. വെള്ളം ഒലിച്ചുപോകത്തക്കവണ്ണം ഉയർന്ന തടത്തിലായിരിക്കണം പപ്പ കൃഷിചെയ്യേണ്ടതു്.

സ്ഥലം: ചെറിയ പുരയിടങ്ങളിലും മുററങ്ങളിലും കൃഷിനടത്താവുന്നതാണു പപ്പ. എട്ടുമുതൽ പത്തുവരെ അടി വ്യാസമുള്ള ഒരു വൃത്തത്തിൽ ഏഴ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാം; മധ്യത്തിൽ ഒന്നും ചുററും ആറെണ്ണവും. മതിലുകളിൽനിന്നു രണ്ടു മൂന്നു അടി അകലെയായി എട്ടോ പത്തോ അടി ഇടവിട്ടു ചെടി നടാവുന്നതാണ്.

തൈകൾ:— വിത്തുകളിൽനിന്നാണ് തൈകൾ വളർത്തുന്നതു്. നല്ലതുപോലെപഴുത്ത നല്ലയിനം പപ്പയിൽനിന്നുള്ള വിത്തുകൾ എടുത്തു കഴുകി വിത്തുകളുടെ പുറത്തെ പശപോലുള്ള തൊലികളഞ്ഞു തണലിൽവച്ചു ഉണക്കിഎടുക്കേണ്ടതാണ്. അധികം താമസിയാതെ വിതയ്ക്കാഞ്ഞാൽ അവ കിളുക്കുന്നതല്ല. ഉയർന്ന തടങ്ങളിലോ, ചട്ടികളിലോ, പെട്ടികളിലോ ഇവ വിതയ്ക്കാവുന്നതാണ്.

ഇനങ്ങൾ:—മധുബിന്ദു, ഹണിഡ്യൂ, റായൽ അഗ്രിഹാർട്ടിക്കൾച്ചറൽസൊസൈററി സ്പെഷ്യൽ ഇവ നല്ല ഇനങ്ങളാണ്.

തടങ്ങൾ:—വേനൽക്കാലത്താണെങ്കിൽ രണ്ടടി നീളം, രണ്ടടി വീതി, രണ്ടടിആഴത്തിൽ കുഴിഎടുക്കുക. അടിയററത്തെയും മുകളിലെയും ആറിഞ്ചു മണ്ണു പ്രത്യേകംഇടുക. മണ്ണിൻെറ പകുതിയോ മൂന്നിലൊരംശമോ ചാണകവളം ചേർത്തു്, തറനിരപ്പിൽനിന്നു് ആറിഞ്ചുവരെ മേൽപ്പറഞ്ഞ മണ്ണിട്ടു നികത്തുക. ചിതലിൻെറ ഉപദ്രവമുള്ള സ്ഥലമാണെങ്കിൽ മണ്ണിൽ ഒന്നോ രണ്ടോ റാത്തൽ വേപ്പിൻപിണ്ണാക്കുകൂടി ചേർക്കാവുന്നതാണ്. തടത്തിൻെറ അടിയിൽ നാലിഞ്ചു ഘനത്തിൽ എല്ലുപൊടി ഇടാവുന്നതാണ്.

നടുന്നതു്:—രണ്ടുമൂന്നു മഴ കഴിഞ്ഞശേഷമായിരിക്കണം ചെടിനടുന്നതു്. തൈകൾ നടുമ്പോൾ ഒൻപതു്ഇഞ്ചു മുതൽ പന്ത്രണ്ടുഇഞ്ചുവരെ ഉയരം ഉണ്ടായിരിക്കേണ്ടതാണ്. തടത്തിൻെറ നടുവിൽ മണ്ണുനീക്കി വേരുകൾ വളയാതെ ഇരിക്കത്തക്കവണ്ണം നടണം. വിത്തുതടത്തിൽനിന്നു തൈ എടുക്കുമ്പോൾ വേരു പൊട്ടാതെ ചുട്ടിലുള്ള മണ്ണോടുകൂടി എടുക്കേണ്ടതാണ്. നാലുവശവും മണ്ണുറപ്പിച്ചു വെള്ളം ഒഴിക്കുക. ഇലകൾ വെട്ടിക്കളയുന്നതാണു നന്നു്. ചുട്ടിലുള്ള കളകൾ എടുത്തുകളയുക, തടം ഇളക്കുക, വെള്ളം ഒഴിക്കുക ഇവ ആവശ്യമാണ്. വേരുകൾ ദുർബ്ബലമാകയാൽ അവയ്ക്കു കേടുവരാതെ നോക്കേണ്ടതാണ്. വേനലിൽ ആഴ്ചയിൽ രണ്ടും മഴക്കാലത്തു് ഒന്നും തവണവീതം വെള്ളമൊഴിക്കണം.

വളങ്ങൾ:—ധാരാളം വളം ആവശ്യമുള്ള ഒരു ചെടിയാണു പപ്പ. പിണ്ണാക്കും അമ്മോണിയംസൾഫേററും സമംചേർത്തു് ഒരു ചെടിക്കു്, പ്രായവും വളർച്ചയും അനുസരിച്ചു് രണ്ടുറാത്തൽമുതൽ നാലുറാത്തൽവരെ ഇടേണ്ടതാണ്. മഴക്കാലത്തിനുമുമ്പായി ഒരുമനു ചാണകവളം ഇടുന്നതു നല്ലതാണ്.

ആണും പെണ്ണും: പപ്പ മൂന്നുഇനങ്ങളുണ്ടു്, ആൺ, പെൺ, രണ്ടുംകൂടിയുള്ളതു്. ആൺചെടി കായ്ക്കുന്നതല്ലെങ്കിലും അവയിലാണ് ഉല്പാദനശക്തിയുള്ളതു്. ഈനംതിരിഞ്ഞുകഴിഞ്ഞാൽ കുറെ നിർത്തി ബാക്കിയുള്ള ആൺചെടികൾ വെട്ടിക്കളയേണ്ടതാണ്. കൃഷിത്തോട്ടത്തിൽ വിടവുകൾ വരാതിരിക്കണമെങ്കിൽ ഒരുതടത്തിൽ രണ്ടുവീതം നടാവുന്നതും വർഗ്ഗംതിരിയുന്നതനുസരിച്ചു് ആൺചെടി നശിപ്പിച്ചുകളയാവുന്നതുമാണ്.

കായ്:—കായ് ചെടിയിൽനിന്നു പഴുക്കുന്നതിനനുവദിക്കരുതു്. അടിവശത്തു മഞ്ഞനിറം തുടങ്ങുമ്പോൾ കായ്ഇട്ടു വയ്ക്കോലിലോ പുല്ലിലോ പൊതിഞ്ഞു സൂക്ഷിക്കണം. നാലുദിവസത്തോളംകൊണ്ടു് അവ പാകമാകുന്നു.

വൃക്ഷച്ചുവട്ടിൽനിന്നു വളരുന്ന ചെടികൾ വെട്ടിക്കളയേണ്ടതാണ്. അല്ലെങ്കിൽ കായ് ചെറുതായിപ്പോകും. മഴക്കാലത്തു് തടത്തിൽ വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കേണ്ടതാണ്.

(ബി. എൽ. ചൌധ്രി
ഇല്ലസ്ട്രേററഡ്‌വീക്ക്‌ലിയിൽ)

—o—

ന്യൂഡെൽഹി: വിദേശകാര്യമന്ത്രി അവരുമായി ആലോചനകൾ നടത്തുക ഒരു പതിവായിത്തീർന്നിട്ടുണ്ടു്.

ഘടകരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തിനു ഭംഗംവരാതെ അവർക്കു പല ഗുണങ്ങളും പ്രദാനം ചെയ്യുന്നതാണ് കാമൺവെൽത്തിലെ അംഗത്വം എന്നു മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകളിൽനിന്നു വ്യക്തമാകുന്നതാണല്ലോ. ഡൊമിനിയൻ അഥവാ കാമൺവെൽത്തു പദവി എന്നതു "സ്വാതന്ത്ര്യം അധികം ഒരു വ്യാപകമായ ഒരു പങ്കാളിത്തത്തിൽനിന്നുളവാകുന്ന പ്രായോഗിക ഗുണങ്ങളും അധികാരങ്ങളും സൗജന്യങ്ങളും" ലഭിക്കുന്ന ഒരു പദവിയാണെന്നുള്ള ഫീൽഡ് മാർഷൽ സ്മട്ട്സിന്റെ പാർലമെൻറിലെ പ്രസ്താവനയുടെ യഥാർത്ഥ്യം തെളിയിക്കുന്നതിനു പല ഉദാഹരണങ്ങളും ഉദ്ധരിക്കാവുന്നതാണ്.

—o—

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.